പഞ്ചായത്ത് രാജ്

പുസ്തകം 55 ◆ ലക്കം 3

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ജൂൺ 2015

പരിസ്ഥിതി സംരക്ഷണം:
മനുഷ്യരാശിയുടെ നിലനിൽപ്പിന് അനിവാര്യം

അംഗപരിമിത സെൻസസ് :
കേരളത്തിന്റേതായ മറ്റൊരു മാതൃക കൂടി

കരുതുക; ഓരോ തുള്ളിയും

ഒരു ഗ്രഹം: ഉപയോഗിക്കൂ കരുതലോടെ...

'നമ്മുടെ പഞ്ചായത്ത് ശുചിത്വത്തിന്റെ പാതയിൽ

പഞ്ചായത്തിന്റെ ശുചിത്വം നമ്മുടെ കൈകളിൽ'

- പകർച്ചവ്യാധികളെ അകറ്റി നിർത്തുക
- പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

നമ്മുടെ ലക്ഷ്യം
മാലിന്യമുക്ത കേരളം

മാലിന്യമുക്ത കേരളം

പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്

ഉള്ളടക്കം

5 എഡിറ്ററുടെ പേജ്

6 അംഗപരിമിത സെൻസസ്: കേരളത്തിന്റേതായ മറ്റൊരു മാതൃക കൂടി
ഡോ. എം.കെ. മുനീർ

8 ഒരു ഗ്രഹം: ഉപയോഗിക്കൂ കരുതലോടെ...
അജിത് വെണ്ണിയൂർ

12 പരിസ്ഥിതി സംരക്ഷണം: മനുഷ്യരാശിയുടെ നിലനിൽപ്പിന് അനിവാര്യം
എം.വി. തോമസ്

15 മഴക്കാലം: രോഗങ്ങളുടേതാവാതിരിക്കാൻ
വിനു എ.

18 കിഴങ്ങുവിളകളുടെ കൃഷി
എം.എ. സുധീർ ബാബു

20 ഗ്രാമപഞ്ചായത്തുകളിലൂടെ

25 ലോക ഗ്ലൂക്കോമ വാരം
ഡോ.എച്ച്. ആർ. കേശവമൂർത്തി

27 കല്യാണത്തലേന്ന് : കവിത
എം.എം. പുരവൂർ

28 ആത്മഹത്യയേക്കാൾ ക്രൂരം
ചന്ദ്രമോഹനൻ നായർ ആർ.

32 കാണിക്കാരുടെ പാട്ട് മാഹാത്മ്യം
ടി.സി. സുനിൽദത്ത്

35 കരുതുക ഓരോ തുള്ളിയും
ഡോ. വി. സുഭാഷ് ചന്ദ്രബോസ്

39 റാബീസ് (പേവിഷബാധ)
ഡോ. ജോസ്മോൻ ജോർജ്

ഊരിൽ ഒരു ദിവസം

പത്തനംതിട്ട ജില്ലയിലെ പട്ടിക വർഗ്ഗകോളനികളുടെ അടിസ്ഥാന സൗകര്യവികസനം ലക്ഷ്യമാക്കി ജില്ലാ ഭരണകൂടത്തിന്റെയും കുടുംബശ്രീയുടെയും പട്ടിക വർഗ്ഗ വികസന വകുപ്പിന്റെയും നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ സഹായത്തോടെ നടപ്പാക്കുന്ന "ഊരിൽ ഒരു ദിവസം" പദ്ധതിയുടെ ഭാഗമായി ജില്ലാകളക്ടർ എസ്. ഹരികിഷോറും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും അടങ്ങുന്ന സംഘം സീതത്തോട് ഗ്രാമപഞ്ചായത്തിലെ സായിപ്പൻകുഴി, ചിപ്പൻകുഴി ആദിവാസി മേഖലകൾ സന്ദർശിച്ചു. മലമ്പണ്ടാരം വിഭാഗത്തിൽപ്പെട്ടവരും സ്ഥിരമായ വാസസ്ഥലങ്ങൾ ഇല്ലാത്തവരുമായ ആദിവാസി കുടുംബങ്ങൾ പാർക്കുന്ന ഈ മേഖലയിലെ ജനങ്ങളുമായി കളക്ടറും സംഘവും കൂടിക്കാഴ്ച നടത്തുകയും ആദിവാസികളുടെ വിവിധ പരാതികൾ കേട്ട് പരിഹാര നടപടികൾ നിർദ്ദേശിക്കുകയും ചെയ്തു.

സായിപ്പൻ കുഴിയിൽ താമസിക്കുന്ന ആദിവാസികൾക്ക് വാസയോഗ്യമായ വീടുകൾ ഇപ്പോൾ ഇല്ല ഇതുതന്നെയായിരുന്നു ആദിവാസികളുടെ പ്രധാന ആവശ്യവും. ഒപ്പം വനമേഖലയിൽ ഉൾപ്പെടെ ജോലി ലഭ്യമാക്കണമെന്നും കുട്ടികളെ സ്കൂളിൽ എത്തിക്കുന്നതിന് വാഹന സൗകര്യം ഒരുക്കണം എന്ന ആവശ്യവും അവർ ഉന്നയിച്ചു. ളാഹ, മഞ്ഞത്തോട് എന്ന സ്ഥലത്ത് മലമ്പണ്ടാരം ഇനത്തിൽപ്പെട്ട 25 കുടുംബങ്ങളെ പാർപ്പിക്കുവാനുള്ള നടപടികൾ പൂർത്തിയായതായി കളക്ടർ അറിയിച്ചു. വിവിധ സ്ഥലങ്ങളിൽ താമസിക്കുന്നവരിൽ നിന്നും മഞ്ഞത്തോട്ടിലേക്ക് മാറി താമസിക്കാൻ തയ്യാറായവരുടെ പട്ടിക ട്രൈബൽ ഡവലപ്പ്മെന്റ് ആഫീസർ തയ്യാറാക്കുകയും ബന്ധപ്പെട്ടവരുടെ സമ്മത പത്രം വാങ്ങുകയും ചെയ്തു. ഇനി അവർക്ക് സ്ഥലം അളന്ന് നൽകുകയും വീട് നിർമ്മിച്ച് നൽകി അവരെ പുനരധിവസിപ്പിക്കുകയാണ് വേണ്ടത്. 25 കുടുംബങ്ങളെ ഇവിടെ പുനരധിവസിപ്പിച്ച ശേഷം അവശേഷിക്കുന്നവരെ ഉചിതമായ സ്ഥലത്ത് വനാവകാശ നിയമപ്രകാരമോ അല്ലെങ്കിൽ ട്രൈബൽ വകുപ്പ് 1000000 രൂപാ നൽകി സ്ഥലം വാങ്ങുന്ന പദ്ധതി പ്രകാരമോ വീടും സ്ഥലവും നൽകാനുള്ള നടപടികൾ സ്വീകരിക്കുമെന്നും ജില്ലാ കളക്ടർ പറഞ്ഞു.

മൂഴിയാർ വേലുത്തോട് മധു-ചന്ദ്രിക ദമ്പതികളുടെ മക്കളായ രാജേഷ് (9), മഞ്ചു (6) എന്നിവർ ഇതുവരെ സ്കൂളിൽ പോയിട്ടില്ലെന്ന് ഇവരുടെ താമസസ്ഥലം സന്ദർശിച്ച സംഘം നേരിട്ട് മനസ്സിലാക്കി ഇതിന്റെ അടിസ്ഥാനത്തിൽ 2 കുട്ടികൾക്കും വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ട്രൈബൽ ഡവലപ്പ്മെന്റ് ആഫീസർക്ക് നിർദ്ദേശം നൽകി. മലമ്പണ്ടാര വിഭാഗത്തിൽപ്പെട്ട എല്ലാ ആദിവാസി കുടുംബങ്ങൾക്കും വിദ്യാഭ്യാസം ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കാനും കളക്ടർ നിർദ്ദേശം നൽകി. റേഷൻ കാർഡ് ഇല്ലാതിരുന്ന ഗവി നിവാസിയായ രാജമ്മയുടെ കുടുംബത്തിന് ചടങ്ങിൽ താൽക്കാലിക റേഷൻകാർഡ് നൽകി. മൂഴിയാർ റിക്രീയേഷൻ ക്ലബിൽ നടന്ന പരിപാടിയിൽ ഇരുപതിലധികം ആദിവാസി കുടുംബങ്ങൾ കളക്ടറെ കാണാൻ എത്തിയിരുന്നു. ജില്ലാ പഞ്ചായത്ത് അംഗം കോമളം അനിരുദ്ധൻ, സീതത്തോട് ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് രാധാമണി കരുണാകരൻ, ഗ്രാമപഞ്ചായത്ത് അംഗങ്ങൾ, ജില്ലാ മെഡിക്കൽ ഓഫീസർ ഗ്രേസി ഇത്താക്ക്, കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തുടങ്ങിയവരും കളക്ടറെ അനുഗമിച്ചിരുന്നു. കേരള മന്ത്രിസഭയുടെ നാലാം വാർഷിക ആഘോഷത്തിന്റെ ഭാഗമായി പി. ആർ.ഡി. സംഘടിപ്പിച്ച സൗജന്യ മെഡിക്കൽ ക്യാമ്പും നടന്നു.

പഞ്ചായത്ത് രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ജൂൺ 2015 | പുസ്തകം 55 | ലക്കം 3 | വാർഷിക വരിസംഖ്യ: ₹120

www.lsgkerala.gov.in

ഉപദേശക സമിതി

ചെയർമാൻ

ഡോ. എം.കെ. മുനീർ

പഞ്ചായത്ത് സാമൂഹ്യനീതിവകുപ്പ് മന്ത്രി

അംഗങ്ങൾ

ജയിംസ് വർഗ്ഗീസ്, ഐ.എ.എസ്.

പ്രിൻസിപ്പൽ സെക്രട്ടറി

തദ്ദേശസ്വയംഭരണവകുപ്പ്

മിനി ആന്റണി, ഐ.എ.എസ്.

ഡയറക്ടർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

പി.ടി. മാത്യു

പ്രസിഡന്റ്

കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

പി.പി. ജയിംസ്

സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം

ഐസൻ ജോസ്

പബ്ലിസിറ്റി ഓഫീസർ **(ഇൻചാർജ്ജ്)**

പഞ്ചായത്ത് വകുപ്പ്

കൺവീനർ

എസ്. ലത

പഞ്ചായത്ത് ഡയറക്ടർ **(ഇൻചാർജ്ജ്)**

എഡിറ്റർ **(ഇൻചാർജ്ജ്)**

എസ്. ലത

email: directorofpanchayat@gmail.com

Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ **(ഇൻചാർജ്ജ്)**

ഐസൻ ജോസ്

email: prodp12@gmail.com

Ph: 0471-2321280

കവർ ഡിസൈൻ & ലേ ഔട്ട്

mayasanthoshm@gmail.com

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്വമില്ല.

മേൽവിലാസം

എഡിറ്റർ

പഞ്ചായത്ത് രാജ് മാസിക

പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.

തിരുവനന്തപുരം - 695033.

എഡിറ്റോറിയൽ

കേ പ്രകൃതി വിഭവങ്ങളുടെ ഉപഭോഗം കരുതലോടെ വേണം എന്ന സന്ദേശം നൽകി ഒരു ലോക പരിസ്ഥിതി ദിനം കൂടി ഇക്കഴിഞ്ഞ ജൂൺ 5 ന് കടന്നി പോയിരിക്കുകയാണ്. 1900 നും 2009 നും ഇടയ്ക്കുള്ള 110 വർഷങ്ങളിൽ പ്രകൃതി വിഭവങ്ങളുടെ ഉൽപാദനം 7 ബില്ല്യൺ ടണ്ണിൽ നിന്നും 68 ബല്ല്യൺ ടണ്ണായി വർദ്ധിച്ചുവെന്നും 2050-ാം മാണ്ട് എത്തുമ്പോൾ ഇത് 140 ബില്ല്യൺ ടണ്ണാകുമെന്നാണ് ഇത് സംബന്ധിച്ച അന്താരാഷ്ട്ര തലത്തിൽ നടന്ന പഠനങ്ങൾ വ്യക്തമാക്കുന്നത്. ലോകത്ത് 20 ശതമാനം കൃഷിയിടങ്ങളും 30 ശതമാനം വനമേഖലയും 10 ശതമാനം പുൽമേടുകളും നശീകരണം നേരിടുന്നുണ്ട്. പ്രകൃതി വിഭവങ്ങളുടെ നീതിയുക്തമായ ഉപഭോഗത്തിലൂടെ പരിസ്ഥിതിക്ക് ഇണങ്ങുന്ന തരത്തിൽ വികസന പദ്ധതികൾ ആവിഷ്കരിക്കേണ്ടതിന്റെ പ്രസക്തിയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

നമ്മുടെ കൊച്ചു സംസ്ഥാനത്തിനും ഇക്കാര്യത്തിൽ വലിയ സംഭാവന ലോകത്തിനു നൽകാൻ കഴിയും പരിസ്ഥിതിയുടെയും പ്രകൃതിവിഭവങ്ങളുടെയും സംരക്ഷണത്തിനും സ്ഥായിയായ നിലനില്പിനും മുൻഗണന നൽകി വേണം പദ്ധതി തയ്യാറാക്കേണ്ടതെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കാലേക്കൂട്ടി സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

തദ്ദേശഭരണ സ്ഥാപനങ്ങളക്ക് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നൽകുന്ന കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ട് (KLGSDP) ഫണ്ട് വിനിയോഗിച്ച് നടപ്പാക്കുന്ന പദ്ധതികൾ തയ്യാറാക്കുമ്പോൾ അവ നിർബന്ധമായും പാരിസ്ഥിതിക സാമൂഹിക പരിപാല ക്രമം (Environmental and social Management frame work ESMF) പാലിച്ചിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇ.എസ്.എം.എഫിൽ നിർദ്ദേശിച്ചിട്ടുള്ള നടപടി ക്രമങ്ങളുടെ ശരിയായ നിർവ്വഹണം വിലയിരുത്തുന്നതിന് പാരിസ്ഥിതിക ഓഡിറ്റും നടത്തിവരുന്നുണ്ട്. ഇത് പരിസ്ഥിതി സൗഹൃദ സുസ്ഥിര വികസനം എന്ന ലക്ഷ്യത്തിലേക്കുള്ള പ്രധാന ചുവടുവയ്പാണ്.

അതിവേഗം നഗരവൽക്കരിക്കപ്പെടുന്ന ഗ്രാമങ്ങളുടെ സംസ്ഥാനമാണ് കേരളം അതുകൊണ്ട് തന്നെ പരിസ്ഥിതിയുടെ സന്തുലിതാവസ്ഥ നിലനിർത്തി പ്രകൃതി വിഭവങ്ങളുടെ നീതിപൂർവ്വമായ വിനിയേഗത്തിലൂടെ സുസ്ഥിര വികസനം സാധ്യമാക്കുകയെന്നത് നമ്മുടെ മുമ്പിലെ വെല്ലുവിളിയാണ്. വികേന്ദ്രീകൃതാസൂത്രണം രണ്ടു ദശാബ്ദക്കാലയളവിലേക്ക് അടുക്കുമ്പോൾ വികസന മേഖലകളിലെ മുൻഗണനകൾ പരിശോധിക്കപ്പെടണം. കേരളത്തിലെ നദികളെയും തടാകങ്ങളെയും മറ്റു ജലസ്രോതസ്സുകളെയും നിർദാക്ഷിണ്യം ചൂഷണം ചെയ്യുന്നതായും ഇവയുടെ പരിപാലനത്തിനായും ശുചീകരണത്തിനായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ യാതൊരു കർമ്മപദ്ധതിയും കാര്യക്ഷമമായി നടപ്പാക്കുന്നില്ലെന്ന കേരള നിയമ സഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ റിപ്പോർട്ട് ഗൗരവമായി കാണണം.

കാർഷിക-ഭക്ഷ്യമേഖലകളിലെ മലിനീകരണ പ്രശ്നങ്ങൾ നമ്മുടെ പരിസ്ഥിതിക്കും ജനങ്ങളുടെ ആരോഗ്യത്തിനും കാര്യമായ ക്ഷതം ഏല്പിക്കുന്നുണ്ട്. കൃഷിക്കുവേണ്ടി ഉപയോഗിക്കുന്ന പലരാസ വളങ്ങളും കീടനാശിനികളും, വെളളം, വായു ഭക്ഷ്യവസ്തുക്കൾ മുതലായവയെ വിഷമയമാക്കുന്നു. ഇത് കർഷകരേയും, കർഷകത്തൊഴിലാളികളെയും ഉപഭോക്താക്കളെയും തിരാവ്യാധികൾക്ക് ഇരയാക്കുന്നു. ഇതിന് പരിഹാരമായി ജൈവകൃഷി പദ്ധതി പ്രോത്സാഹിപ്പിക്കണം. തങ്ങളുടെയും ഭാവിതലമുറകളുടേയും നിലനിൽപ്പിനായുള്ള വിഭവങ്ങൾ ഉൽപ്പാദിപ്പിക്കാനും, ഉപയോഗിക്കാനും പങ്കുവയ്ക്കുവാനുമുള്ള അവകാശം എല്ലാ മനുഷ്യജീവികൾക്കുമുണ്ട്. ഇത് അടിസ്ഥാനമാക്കിയുള്ളതാകണം മനുഷ്യനെ ഭരിക്കുന്ന നിയമ നിർമ്മാണങ്ങളും ചട്ടങ്ങളും. പ്രാദേശിക, പ്രവിശ്യ, ദേശീയ അന്തർദേശീയ ഭരണ സംവിധാനങ്ങളെല്ലാം അവരുടെ ജനങ്ങൾക്ക് അവരുടെതായ അവകാശങ്ങൾ ഉറപ്പ് വരുത്തുവാൻ ബാദ്ധ്യസ്ഥരാണ്. ഗ്രാമപഞ്ചായത്തുകൾക്കും ഇക്കാര്യത്തിൽ അതി പ്രധാനമായ സ്ഥാനമുണ്ടെന്ന കാര്യം ഓർമ്മിപ്പിക്കട്ടെ.

എസ്. ലത

പഞ്ചായത്ത് ഡയറക്ടർ **(ഇൻചാർജ്ജ്)**

ഡോ. എം.കെ. മുനീർ
പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി

അംഗപരിമിത സെൻസസ് കേരളത്തിന്റേതായ മറ്റൊരു മാതൃക കൂടി

ലോകത്ത് ആകമാനമുള്ള അംഗപരിമിതരുടെ സ്ഥിതി പരിശോധിച്ചാൽ അവർ എല്ലാ മേഖലകളിലും പ്രത്യേകിച്ച് ആരോഗ്യം, വിദ്യാഭ്യാസം, സാമ്പത്തികം എന്നിവയിൽ മറ്റുള്ളവരെക്കാൾ പിന്നോക്കമാണെന്നുകാണാം. ഇത് പ്രധാനമായും അവർ നേരിടുന്ന പലരീതിയിലുള്ള പരിമിതികൾ മൂലമാണ്. വിദ്യാഭ്യാസം നേടാനും ജോലി സമ്പാദിക്കാനും സഞ്ചരിക്കാനും ആരോഗ്യപരിപാലനത്തിനും ഒക്കെ നിരവധി പ്രതിബന്ധങ്ങൾ അവർ നേരിടേണ്ടി വരുന്നു. 2011 ലെ സെൻസസ് പ്രകാരം കേരളത്തിൽ 7,61,843 അംഗപരിമിതരുള്ളതായി കണക്കാക്കപ്പെടുന്നു. എന്നാൽ ഓരോ വ്യക്തിയുടെയും വൈകല്യം സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമല്ല. വൈകല്യമനുഭവിക്കുന്നവർക്ക് നിയമാനുസൃതം ഉറപ്പാക്കിയിട്ടുള്ള അവകാശങ്ങൾ സംരക്ഷിക്കുന്നതിനും അവരുടെ സമഗ്രമായ ഉന്നമനത്തിനുമായി 1996 ൽ 'പേഴ്സൺസ് വിത്ത് ഡിസബിലിറ്റി ആക്ട്' ഇന്ത്യയിൽ നിലവിൽ വന്നു. കൂടാതെ 2007 ൽ ഇന്ത്യ 'United Nations Convention on the Rights of Persons with Disabilities' ലെ ഒരു അംഗരാജ്യവുമാവുകയും അംഗപരിമിതരുടെ അവകാശ സംരക്ഷണത്തിനായി നിലകൊള്ളുകയും ചെയ്യുന്നുണ്ട്.

വൈകല്യമുള്ളവരുടെ അവകാശം സംരക്ഷിക്കുന്നതിനായി വിവിധ പദ്ധതികൾ കേന്ദ്ര സംസ്ഥാന സർക്കാരുകൾ നടപ്പാക്കിവരുന്നുണ്ട്. എന്നാൽ ഒരു പടി കൂടി കടന്ന് കേരളത്തിലെ ഭാവിതലമുറയ്ക്ക് ശാരീരിക മാനസിക വൈകല്യങ്ങൾ പരമാവധി ഇല്ലാതാക്കുന്നതിനും, വൈകല്യം അനുഭവിക്കുന്നവരുടെ പരിമിതികൾ പരമാവധി ലഘൂകരിക്കുന്നതിനുതകുന്നതുമായ നൂതന പദ്ധതികൾ വിഭാവനം ചെയ്തു നടപ്പാക്കേണ്ടതുണ്ട്. ഇതിലേക്ക് അംഗപരിമിതരെ സംബന്ധിച്ചുള്ള പൂർണ്ണവും സമഗ്രവുമായ സ്ഥിതി വിവരകണക്കുകൾ അത്യന്താപേക്ഷിതമാണ്. ആയതിനാൽ കേരളത്തിലെ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ ഒരു സെൻസസ് കേരള സർക്കാർ സാമൂഹ്യനീതി വകുപ്പിന്റെ മേൽനോട്ടത്തിൽ ആരോഗ്യ - കുടുംബക്ഷേമ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നിവയുടെ സഹകരണത്തോടെ നടത്തുകയാണ്. ഇന്ത്യയിൽ ആദ്യമായിട്ടാണ് ഒരു സംസ്ഥാനം അംഗപരിമിതരെ സംബന്ധിച്ച സമഗ്ര വിവരശേഖരണത്തിന് മാത്രമായി ഇപ്രകാരം ഒരു സെൻസസ് നടത്തുന്നത്. ഈ സെൻസസ് നടത്തുന്നതിന്റെ ചുമതല കേരള സാമൂഹ്യ സുരക്ഷാ മിഷനാണ്. തദ്ദേശഭരണ, ആരോഗ്യ വകുപ്പുകളുടെ സഹകരണത്തോടെയാണ് സെൻസസ് പൂർത്തിയാക്കുക.

സെൻസസ് പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും, ഏകോപിപ്പിക്കുന്നതിനും, വിലയിരുത്തുന്നതിനും സംസ്ഥാനതലത്തിൽ ഒരു ഉന്നതതല സമിതിയും വിദഗ്ദ്ധ സമിതിയും രൂപീകരിച്ചിട്ടുണ്ട്. കേരളത്തിലെ എല്ലാ അംഗപരിമിതരുടെയും എണ്ണം ശേഖരിക്കുക, അംഗപരിമിതരുടെ സ്ത്രീ - പുരുഷ അനുപാതം മനസ്സിലാക്കുക, അംഗപരിമിതരുടെ വൈകല്യത്തിന്റെ ഇനം തിരിച്ചുള്ള വിവരങ്ങൾ ശേഖരിക്കുക, ജന്മനായുള്ളതും ആർജ്ജിതവുമായ അംഗപരിമിതരുടെ വിവരശേഖരണം നടത്തുക, അംഗപരിമിതരുടെ നിലവിലെ സാമൂഹിക സാമ്പത്തിക വിവരങ്ങൾ ശേഖരിക്കുക, അംഗപരിമിതി ഉണ്ടായതിന്റെ കാരണങ്ങൾ കണ്ടെത്തുക, അംഗപരിമിത തിരിച്ചറിയൽ കാർഡ് ലഭിച്ചവരുടെയും ലഭിക്കാനുള്ളവരുടെയും എണ്ണം ശേഖരിക്കുക, ഓരോ അംഗപരിമിതർക്കും ലഭിക്കുന്ന ആനുകൂല്യങ്ങളെയും സേവനങ്ങളെയും പറ്റിയുള്ള വിവരം ലഭ്യമാക്കുക എന്നിവയാണ് സർവ്വേ കൊണ്ട് പ്രധാനമായും ലക്ഷ്യമാക്കുന്നത്.

എല്ലാ ഗ്രാമപഞ്ചായത്തുകളും, നഗരസഭകളും അടിസ്ഥാനമാക്കി നിലവിലുള്ള ഇലക്ടൊറൽ വാർഡുകൾ പ്രകാരമാണ് എന്യൂമറേഷൻ നടത്തുന്നത്. രണ്ട് ഘട്ടങ്ങളായിട്ടാണ് അംഗപരിമിതരുടെ വിവരശേഖരണം. ആദ്യ ഘട്ടത്തിൽ സാമൂഹ്യനീതി വകുപ്പിലെ അംഗൻവാടി പ്രവർത്തകർ സംസ്ഥാനത്തെ എല്ലാ

വീടുകളും സ്ഥാപനങ്ങളും സന്ദർശിച്ച് വിവരശേഖരണം നടത്തി അതിലൂടെ അംഗപരിമിതർ വസിക്കുന്ന വീടുകളും സ്ഥാപനങ്ങളും കണ്ടെത്തുന്നു. രണ്ടാംഘട്ടത്തിൽ ആരോഗ്യ വകുപ്പിലെ JPHN/JHI എന്നിവർ അംഗപരിമിതരുള്ളതായി കണ്ടെത്തിയ മുഴുവൻ വീടുകളും സ്ഥാപനങ്ങളും സന്ദർശിച്ച് അംഗപരിമിതരെപ്പറ്റിയുള്ള വിശദമായ വിവരങ്ങൾ ശേഖരിക്കുന്നു. ഇപ്രകാരം ശേഖരിച്ച മുഴുവൻ വിവരങ്ങളും ഇൻഫർമേഷൻ കേരള മിഷൻ തയ്യാറാക്കുന്ന പ്രത്യേക സോഫ്റ്റ് വെയർ ഉപയോഗിച്ച് ക്രോഡീകരിക്കുന്നതും അംഗപരിമിതരെപ്പറ്റി പഞ്ചായത്ത് / വാർഡ് തലം വരെയുള്ള വിവരങ്ങൾ ലഭ്യമാക്കുന്നതുമാണ്.

ഉന്നതതലസമിതിയുടെ തീരുമാനപ്രകാരം തിരുവനന്തപുരം ജില്ലയിലെ ആര്യനാട് ഗ്രാമപഞ്ചായത്തിൽ 2014 സെപ്റ്റംബർ – നവംബർ മാസങ്ങളിൽ ഒരു പൈലറ്റ് സെൻസസ് നടത്തുകയും, ഇതിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ ചോദ്യാവലിയിൽ മതിയായ മാറ്റങ്ങൾ വരുത്തി 2015 ജനുവരി മുതൽ മാർച്ച് വരെ തിരുവനന്തപുരം ജില്ലയിലെ കൊല്ലയിൽ ഗ്രാമപഞ്ചായത്തിലും നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിലും രണ്ടാമതൊരു പൈലറ്റ് സെൻസസ് കൂടി നടത്തുകയുണ്ടായി. പ്രസ്തുത പൈലറ്റ് സെൻസസുകളിലൂടെ ലഭിച്ച വിവരങ്ങൽ കൂടി കണക്കിലെടുത്ത് സംസ്ഥാനതലത്തിൽ സെൻസസ് ആരംഭിച്ചു കഴിഞ്ഞു. ഇന്ത്യയിൽ ആദ്യമായി ഒരു സംസ്ഥാനം അംഗപരിമിതരെ സംബന്ധിച്ചു നടത്തുന്ന ഈ സമഗ്ര വിവരശേഖരണം വിജയിപ്പിക്കുക എന്നത് നമ്മുടെ ദൗത്യവും കടമയുമാണ്. ◆

എഴുന്നൂറുകോടി സ്വപ്നങ്ങൾ ഒരു ഗ്രഹം: ഉപയോഗിക്കൂ കരുതലോടെ...

അജിത് വെണ്ണിയൂർ

ഇക്കൊല്ലത്തെ ആഗോള പരിസ്ഥിതി ദിനാചരണത്തിന്റെ പ്രമേയം 'എഴുന്നൂറുകോടി സ്വപ്നങ്ങൾ, ഒരു ഗ്രഹം, കരുതലോടെ ഉപയോഗിക്കൂ' ('Seven Billion Dreams. One Planet. Consume with care) എന്നതാണ്. കഴിഞ്ഞവർഷത്തെ പരിസ്ഥിതി ദിന മുദ്രാവാക്യം Think, Eat, Save Food, and Reduce your Food Print എന്നതും. രണ്ടും വിരൽ ചൂണ്ടുന്നത് ഒരേ ദിശയിലേക്കാണ്. രണ്ടിന്റേയും കാതൽ ഒന്നാണ്: കരുതൽ.

ഈ ആദർശസൂക്തങ്ങൾ കേൾക്കുമ്പോൾ ഏതൊരു മലയാളിയുടേയും മനസ്സിൽ ആദ്യം ഓടിയെത്തുന്നത് നമ്മുടെ പ്രിയകവി ഒ.എൻ.വി കുറുപ്പ് എത്രയോ മുൻപ് കുറിച്ചിട്ട ഈ നിത്യഹരിതചിന്തകളാവും:

"ഇനിയും മരിക്കാത്ത ഭൂമി
നിന്നാസന്ന മൃതിയിൽ നിനക്കാത്മശാന്തി
ഇതു നിന്റെ-എന്റെയും-ചരമശുശ്രൂഷയ്ക്ക്
ഹൃദയത്തിലെന്നേ കുറിച്ച ഗീതം
മൃതിയുടെ കറുത്ത വിഷപുഷ്പം
വിടർന്നതിൻ
നിഴലിൽ നീ നാളെ മരവിക്കെ
ഉയിരറ്റ നിൻ മുഖത്തശ്രുബിന്ദുക്കളാൽ
ഉദകം പകർന്നു വിലപിക്കെ
ഇവിടെയവശേഷിക്കില്ലയാരു, മീ ഞാനും
ഇതു നിനക്കായ് ഞാൻ കുറിച്ചിടുന്നു
ഇനിയും മരിക്കാത്ത ഭൂമി
നിന്നാസന്ന മൃതിയിൽ നിനക്കാത്മശാന്തി"

ഈ ഭൂമി വാസയോഗ്യമോ?

ഈയടുത്തദിവസം മാധ്യമങ്ങളിൽ പ്രസിദ്ധീകരിച്ച ഒരു റിപ്പോർട്ടു കൂടി ഇതോടൊപ്പം ചേർത്തു വായിക്കണം. ഒരു ഭാഗം ഉദ്ധരിക്കട്ടെ:

48 ഡിഗ്രി സെൽഷ്യസ് കടന്ന താപനില! മലയാളിക്ക് ഇതു സഹിക്കാനാവുമോ? എന്നാൽ ആന്ധ്രപ്രദേശുകാർ ദിവസങ്ങളായി ജീവിക്കുന്നത് ഈ ചൂടിലാണ്. ചിലർ സൂര്യാഘാതമേറ്റു മരിച്ചുവീണു. വേറെ ചിലർ ചികിത്സ തേടി. കൊടും ചൂടിൽ ജീവിതം പ്രതിസന്ധിയിലായ സ്ഥിതി. സീമാന്ധ്രയിലെ ഖമ്മം ജില്ലയിലാണു കഴിഞ്ഞ ദിവസം ചൂട് അമ്പതിനടുത്തെത്തിയത്. തെലുങ്കാനയിലെ പത്തു ജില്ലകളിലും സീമാന്ധ്രയിലുമായി ഇതുവരെ മരിച്ചവരുടെ എണ്ണം 500 കഴിഞ്ഞു. ആന്ധ്രയ്ക്കു പുറമേ, ബിഹാർ, ഹരിയാന, ഡൽഹി, ഝാർഖണ്ഡ്, മഹാരാഷ്ട്ര, ഒഡീഷ, ബംഗാൾ എന്നീ സംസ്ഥാനങ്ങളും കൊടുംചൂടിനെയാണ് അഭിമുഖീകരിക്കുന്നത്. രാജ്യം ഇതുവരെ അനുഭവിക്കാത്ത ചൂടാണ് ഇപ്പോഴത്തേതെന്നു ശാസ്ത്രലോകവും വിലയിരുത്തുന്നു.

കൂടുതൽ ദിവസം നീണ്ടുനിൽക്കുന്ന ഹീറ്റ് വേവ് എന്ന പ്രതിഭാസമാണ് ഇപ്പോൾ രാജ്യത്തെ ഉയർന്ന താപനിലയ്ക്കു കാരണമെന്നു കാലാവസ്ഥ പഠനകേന്ദ്രങ്ങൾ ചൂണ്ടിക്കാട്ടുന്നു. സാധാരണ താപനില 40ഡിഗ്രി സെൽഷ്യസിനു മുകളിലേക്കുയർന്നാൽ അത് ഹീറ്റ് വേവ് ആയി കണക്കാക്കുന്നു. തണുത്ത പ്രദേശങ്ങളിൽ താപനില 30 ഡിഗ്രിക്കു മുകളിലായാൽ ഹീറ്റ് വേവ് ആണ്. മാർച്ച്–മേയ് മാസങ്ങളിലാണ് ഹീറ്റ് വേവിനു രാജ്യത്ത് സാധ്യത കൂടുതൽ. ശാന്തസമുദ്രത്തിൽ രൂപം കൊണ്ട എൽനിനോ പ്രതിഭാസം ഇപ്പോഴത്തെ കനത്ത ചൂടിനു കാരണമായി ചൂണ്ടിക്കാട്ടുന്നുണ്ട്.

ഇന്ന് ഭൂമി നേരിടുന്ന ഏറ്റവും വലിയ പ്രശ്നങ്ങളിലൊന്ന് ആഗോളതാപനമാണ്. ഭൂമിയെയും ഭൂമിയിലെ വസ്തുക്കളെയും വിവേചനമില്ലാത്ത തരത്തിൽ ഉപയോഗിക്കുന്നതാണ് ആഗോളതാപനത്തിന് അടിസ്ഥാന കാരണമായി ശാസ്ത്രം ചൂണ്ടിക്കാട്ടുന്നത്.

മുമ്പു കേട്ടുകേൾവിയില്ലാത്ത കനത്ത ചൂട്, പ്രകൃതിക്ഷോഭങ്ങൾ എന്നിവയെല്ലാം ഉണ്ടാകുമ്പോൾ, എന്തു പറ്റി നമ്മുടെ ഭൂമിക്ക് എന്ന് വ്യാകുലപ്പെടേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

ഇന്ന് ഭൂമി നേരിടുന്ന ഏറ്റവും വലിയ പ്രശ്നങ്ങളിലൊന്ന് ആഗോളതാപനമാണ്. ഭൂമിയെയും ഭൂമിയിലെ വസ്തുക്കളെയും വിവേചനമില്ലാത്ത തരത്തിൽ ഉപയോഗിക്കുന്നതാണ് ആഗോളതാപനത്തിന് അടിസ്ഥാന കാരണമായി ശാസ്ത്രം ചൂണ്ടിക്കാട്ടുന്നത്.

ആരാണ് ആഗോളതാപനത്തിന് ഉത്തരവാദി? ഉത്തരം ഒന്നേയുള്ളൂ –മനുഷ്യൻ, മനുഷ്യൻ മാത്രം.

ലോകത്ത് ഓരോനിമിഷവും ജൈവവൈവിധ്യം വൻതോതിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന വർത്തമാനകാല സാഹചര്യത്തിൽ ഈ വർഷത്തെ പരിസ്ഥിതിദിന സന്ദേശത്തിന്റെ പ്രസക്തിയും പ്രാധാന്യവും വളരെയേറെയാണ്.

അന്നം അടിസ്ഥാനാവശ്യം, മനുഷ്യാവകാശം

മനുഷ്യന്റെ പ്രാഥമികാവശ്യവും അവകാശവുമാണ് ആഹാരം. തങ്ങളുടേയും ഭാവി തലമുറകളുടേയും നിലനിൽപ്പിനായി അന്നം ഉല്പാദിപ്പിക്കാനും ഉപയോഗിക്കാനും പങ്കുവയ്ക്കാനുമുള്ള അവകാശം പ്രപഞ്ചത്തിലെ എല്ലാ മനുഷ്യജീവികൾക്കുമുണ്ട്. ഈ അടിസ്ഥാന മനുഷ്യാവകാശം അംഗീകരിക്കുന്നവയാവണം മനുഷ്യനെ ഭരിക്കുന്ന എല്ലാ നിയമനിർമാണങ്ങളും ചട്ടങ്ങളും.

പ്രാദേശിക, പ്രവിശ്യ, ദേശീയ, അന്തർദേശീയ ഭരണസംവിധാനങ്ങൾ ഓരോന്നും തങ്ങളുടെ ജനങ്ങൾക്ക് ആഹാരം എന്ന അവകാശം ഉറപ്പുവരുത്താൻ ബാധ്യസ്ഥരാണ്. അന്തർദേശീയ വാണിജ്യവ്യാപാര പ്രക്രിയകളുടെ പേരിലോ മറ്റേതെങ്കിലും കാരണത്താലോ അത് നിഷേധിക്കാൻ പാടില്ല.

വ്യവസായീകരണത്തിന്റെയും ആഗോളീകരണത്തിന്റെയും വർദ്ധിച്ചുവരുന്ന സമ്മർദ്ദത്തിൽ കാർഷിക, ഭക്ഷ്യവിതരണ മേഖലയിലുണ്ടായിരിക്കുന്ന വരേണ്യവർഗ നീരാളിപ്പിടുത്തം മനുഷ്യരാശിയുടെ ഭാവി തന്നെ അപകടത്തിലാക്കിയിരിക്കുന്നു. യുഗങ്ങളായി മനുഷ്യരെ തീറ്റിപ്പോറ്റിയിരുന്നത് ചെറിയ സമൂഹങ്ങൾ ഒറ്റയ്ക്കും കൂട്ടായും പുലർത്തിപ്പോന്ന കാർഷികവൃത്തിയിലൂടെ വിജയകരമായി കൊയ്തെടുത്ത ഭക്ഷ്യവസ്തുക്കൾ കൊണ്ടാണ്. പ്രകൃതിയുടെ പാരിസ്ഥിതിക സുസ്ഥിതിക്ക് വിഘാതമുണ്ടാക്കാതെ നിലനിന്നുപോന്ന ആ കാർഷിക സമ്പ്രദായത്തെ ആകെത്തന്നെ ബഹുരാഷ്ട്രകുത്തകകൾ അട്ടിമറിച്ചിരിക്കുന്നു. സാങ്കേതിക വിദ്യയുടെ പിൻബലത്തിൽ ഏകവിള കൃഷിയും വിഷലിപ്ത വള-കീട നാശിനി പ്രയോഗവും കയറ്റുമതി

ലക്ഷ്യമാക്കിയ ഉല്പാദനവും വഴി കാർഷികമേഖല ഇന്ന് ഏതാണ്ട് പൂർണമായി വാണിജ്യ ശക്തികളുടെ പിടിയിലമർന്നുകഴിഞ്ഞു.

നാശോന്മുഖ പ്രവണതകൾ

കാർഷിക രംഗത്തെ ഈ പുത്തൻ പ്രവണതകൾ ഭക്ഷ്യമേഖലയുടെ സുരക്ഷിതത്വത്തിന് വൻഭീഷണി ഉയർത്തിയിരിക്കുന്നു. ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം, പോഷകമൂല്യം, പൊതുജനാരോഗ്യം, പരമ്പരാഗത ജീവനോപാധികൾ (കൃഷി, കൃഷിയനുബന്ധ മേഖലകളിൽ) പ്രാദേശിക തനതു സംസ്കാരം തുടങ്ങിയവയെ പ്രതികൂലമായി ബാധിക്കുന്നതാണ് ഈ പ്രതിഭാസം. കോടിക്കണക്കിന് കർഷകരെ ഇത് കടക്കെണിയിൽ കുടുക്കി. തലമുറകളെ തീറ്റിപ്പോറ്റിയ കർഷകനെ മണ്ണിൽ നിന്ന് അകറ്റി. ഭൂമിയിൽ അവൻ ആരുമല്ലാതായി. ഈ അന്യതാബോധം ദാരിദ്ര്യവും പട്ടിണിയും തൊഴിലില്ലായ്മയും ഭവനരാഹിത്യവും വർദ്ധിപ്പിക്കാൻ ഇടയാക്കി. നിസ്സഹായരായ കർഷകർ സ്വയം ജീവനൊടുക്കാൻ നിർബന്ധിതരായി.

മനുഷ്യന്റേയും മണ്ണിന്റേയും മാത്രമല്ല, പ്രപഞ്ചത്തിന്റെ തന്നെയും നിലനിൽപ്പിനെ അപകടപ്പെടുത്തുന്നതാണ് വിനാശകരമായ ഈ പരിവർത്തനം. മണ്ണും മനുഷ്യനുമായി അനാദികാലം മുതൽ നിലനിന്നുപോന്ന ആത്മീയ ബന്ധത്തെ അറുത്തുമുറിക്കുന്നതാണ് വാണിജ്യവൽക്കരണത്തിന്റെ പുതിയ തത്ത്വശാസ്ത്രം. മനുഷ്യന് കൃഷിയും ഭക്ഷ്യോല്പാദനവും അവന്റെ പ്രാണന്റെ ഭാഗമാണ്. അതുമായി ബന്ധപ്പെട്ടതാണ് മനുഷ്യ സംസ്കാരത്തിന്റെ ഓരോ കണികയും. മനുഷ്യ ബന്ധങ്ങളെ ഊട്ടിഉറപ്പിക്കുന്ന ചങ്ങലയാണ് കാർഷിക വൃത്തി. മനുഷ്യ സമൂഹത്തിന്റെ ചരിത്രവും സംസ്കാരവും സാമ്പത്തികസ്ഥിതിയുമെല്ലാം അതുമായി കെട്ടുപിണഞ്ഞുകിടക്കുന്നു. സമൂഹത്തെ നിലനിർത്തുന്ന സമാധാനം, സാമ്പത്തിക സ്വാശ്രയത്വം, സാസ്കാരിക പാരമ്പര്യം തുടങ്ങിയ മൂല്യങ്ങളെ തച്ചു തകർത്ത് ജനങ്ങളിൽ അരക്ഷിതാവസ്ഥ സൃഷ്ടിക്കാനും അന്ത:ഛിദ്രം വളർത്താനും വാണിജ്യവൽക്കരണത്തിന്റെ പരിപോഷകർ ആസൂത്രിതമായ ശ്രമം തുടരുകയാണ്.

സാങ്കേതിക ഇടപെടലുകളിലൂടെ ചെറുകിട കാർഷിക മേഖലയിലെ ഉല്പാദനക്ഷമത ഉയർത്തി പട്ടിണിക്ക് പരിഹാരമുണ്ടാക്കാമെന്ന ആഗോള കോർപ്പറേഷനുകളുടെ പ്രലോഭനം ഫലവത്തായില്ലെന്നു മാത്രമല്ല, വിപരീതണ്ടലങ്ങളാണ് സമൂഹത്തിൽ ഉളവാക്കിയത്. ഹരിതവിപ്ലവം മുതൽ ജൈവസാങ്കേതിക വിപ്ലവം വരെയുള്ള സാങ്കേതിക ഇടപെടലുകളെല്ലാം തന്നെ നമ്മുടെ കൃഷി രീതികൾ, ഭക്ഷ്യ സുരക്ഷ, സുരക്ഷിത ഭക്ഷണം, കാർഷിക സംസ്കാരം, പ്രകൃതിയുടെ സുസ്ഥിതി, സാമ്പത്തിക സ്വാശ്രയത്വം എന്നിവയെ പ്രതികൂലമായി ബാധിച്ചു. പുതിയ സാങ്കേതിക വിദ്യകളും വാണിജ്യാടിസ്ഥാനത്തിലുള്ള ഏകവിള കൃഷിയും ആഗോള താപനത്തിന്റെ തീവ്രത വർദ്ധിപ്പിക്കാനിടയാക്കി.

കൃഷി കച്ചവടമാകുമ്പോൾ

വ്യാവസായികാടിസ്ഥാനത്തിലുള്ള കാർഷികോല്പാദനം, സാങ്കേതികവിദഗ്ധർ വാഗ്ദാനം ചെയ്തതുമാതിരി ഉല്പാദനക്ഷമത വർദ്ധിപ്പിച്ചില്ല എന്നുമാത്രമല്ല, മണ്ണിന്റെ ഉല്പാദന ശേഷി ക്രമേണ ശോഷിക്കുന്നതിനും വഴിയൊരുക്കി. സാമൂഹികമായ പ്രശ്നങ്ങളും സാസ്കാരിക അപചയവും സബ്സിഡികൾ ഉൾപ്പെടെയുള്ള സാമ്പത്തിക ബാധ്യതകളും കണക്കിലെടുക്കുമ്പോൾ

ഇതൊരു വൻ ദുരന്തമാണെന്നും കാണാൻ കഴിയും. പട്ടിണി മാറ്റാനല്ല, പട്ടിണി വ്യാപകമാക്കാനാണ് വാണിജ്യവൽക്കരണം സഹായിക്കുന്നത്. ഇന്ന് കേരളത്തിലുണ്ടായിരിക്കുന്ന അരിക്കമ്മി ഭക്ഷ്യക്ഷാമത്തിന്റെ തീവ്രതയിലേക്കാണ് വിരൽ ചൂണ്ടുന്നത്.

ചെറുകിട ഭക്ഷ്യോല്പാദനത്തിൽ നിന്ന് വൻകിട ഉല്പാദന രീതികളിലേയ്ക്കുള്ള ചുവടുമാറ്റം നമ്മുടെ സാമ്പത്തികാടിത്തറയേയും സാസ്കാരിക പാരമ്പര്യത്തേയും സാമൂഹികമായ കെട്ടുറപ്പിനേയും പ്രതികൂലമായി ബാധിക്കുന്ന കാഴ്ചയാണ് ലോകമെങ്ങും കാണാൻ കഴിയുന്നത്. കയറ്റുമതി ലക്ഷ്യമാക്കിയുള്ള ഉല്പാദനത്തിലൂടെ തദ്ദേശീയർക്ക് നല്ല ഭക്ഷ്യവസ്തുക്കൾ ലഭിക്കാതായിരിക്കുന്നു. കൃഷി നിത്യജീവിതത്തിന്റേയും സംസ്കാരത്തിന്റേയും ഭാഗമായി കാത്തുസൂക്ഷിച്ച കർഷക സമൂഹത്തിന് ഒരുമയുടേയും പങ്കുവയ്ക്കലിന്റയും ഉത്സവങ്ങൾ നഷ്ടമാകുന്നു.

വിളവൈവിധ്യവും പ്രകൃതിയോട് പൊരുത്തപ്പെടുന്ന കൃഷിരീതികളുമാണ് ഇന്ത്യയുടെ ഏറ്റവും മഹത്തായ കാർഷിക പാരമ്പര്യം. വാണിജ്യവൽക്കരണത്തിന്റെ തീവ്രതയിൽ ഇവയും നമുക്ക് കൈമോശം വന്നിരിക്കുന്നു. പോഷകസമൃദ്ധമായ ഭക്ഷ്യവിളകൾ നിഷേധിക്കുന്നിടത്തോളമെത്തിയിരിക്കുന്നു, ആഗോള കമ്പനികളുടെ പിടിമുറുക്കം.

കടങ്കഥയായിമാറുന്ന പ്രാദേശിക ഭക്ഷ്യസുരക്ഷ

പ്രാദേശികമായ ഭക്ഷ്യസുരക്ഷ ഇന്നൊരു കടങ്കഥയായിമാറിയിരിക്കുന്നു. സ്വന്തം കൃഷിഭൂമിയെ സംശുദ്ധമായി നിലനിർത്താനുള്ള സ്വാതന്ത്ര്യം പോലും കർഷകന് നിഷേധിക്കപ്പെട്ടിരിക്കുന്നു. ജനിതക എഞ്ചിനീയറിംഗ്, രാസവളം, രാസകീടനാശിനികൾ, ഏകവിള കൃഷി എന്നിവ മൂലം മണ്ണിന്റെ ഉല്പാദനക്ഷമതയും നില നിൽപ്പുതന്നെയും അപകടത്തിലായിരിക്കുന്നു.

നാം കഴിക്കുന്ന ഭക്ഷണം എവിടെ എങ്ങനെ ഉല്പാദിപ്പിക്കുന്നു, അവയിലെ പോഷകമൂല്യങ്ങൾ എത്ര, സംസ്കരണത്തിലെ ചേരുവകൾ എന്തെല്ലാം എന്നിവ അറിയാൻ ഓരോ ഉപഭോക്താവിനും അവകാശമുണ്ട്. എന്നാൽ ഇന്ന് അതൊന്നും സാധാരണക്കാരന് പ്രാപ്യമല്ല.

ഇന്ത്യയിലെ ഭക്ഷ്യമേഖല ഇന്ന് ആഗോള വ്യവസായികളുടെ ഒരു പ്രധാന നിക്ഷേപോപാധിയാണ്. കൃഷി അവർക്ക് മറ്റേതൊരു വ്യവസായത്തേയും പോലെ ലാഭം കൊയ്യാനുള്ള കച്ചവടമാണ്. ജനങ്ങളുടെ ഭക്ഷ്യലഭ്യതയും ഭക്ഷ്യസുരക്ഷയും ജീവനോപാധിയുമൊന്നും അവർക്ക് ചിന്താവിഷയമേയല്ല. ചെറുകിട കൃഷിക്കാരുടെ അന്തസ്സ്, തൊഴിൽ, ആരോഗ്യം, വരുമാനം, വൈകാരിക സുരക്ഷ, സാംസ്കാരിക പാരമ്പര്യം എന്നിവ അവർക്ക് അപ്രസക്തമാണ്. ആഗോളവൽക്കരണം ജനങ്ങളുടെ ഭക്ഷ്യസുരക്ഷയെ മാത്രമല്ല,

(ശേഷം 34-ാം പേജിൽ)

പരിസ്ഥിതി സംരക്ഷണം: മനുഷ്യരാശിയുടെ നിലനിൽപ്പിന് അനിവാര്യം

എം. വി. തോമസ്

ഭൂമി, വെള്ളം, അഗ്നി, വായു, ആകാശം എന്നീ പഞ്ചഭൂതങ്ങൾ മനുഷ്യജീവിതവുമായി അഭേദ്യമാംവിധം ബന്ധപ്പെട്ടിരിക്കുന്നു. മനുഷ്യന്റെ ചുറ്റുപാടുമുള്ള ഈ ആവാസ വ്യവസ്ഥയെ ആണ് നാം പിരിസ്ഥിതി എന്നു വിളിക്കുന്നത്. മനുഷ്യരാശിയുടെ നിലനിൽപ്പിന് പരിസ്ഥിതി സംരക്ഷണം അനിവാര്യമാകയാൽ ഐക്യരാഷ്ട്രസഭ 1972 ൽ എടുത്ത തീരുമാനപ്രകാരം എല്ലാ വർഷവും ജൂൺ 5 ലോകപരിസ്ഥിതിദിനമായി ലോകമെമ്പാടും ആചരിച്ചുവരുന്നു. കൂടാതെ യു.എൻ. പരിസ്ഥിതി പരിപാടി (UNEP) എന്ന സംഘടനയ്ക്ക് ഐക്യരാഷ്ട്രസഭ രൂപം നൽകുകയും പരിസ്ഥിതി സംരക്ഷണത്തിന് ആവശ്യമായ മാർഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. ഓരോ വർഷത്തേയും പരിസ്ഥിതി ദിനത്തിനുള്ള ചിന്താവിഷയം ഈ സംഘടന പ്രഖ്യാപിക്കാറുണ്ട്. 2015 ലെ ചിന്താവിഷയം എഴുന്നൂറുകോടി സ്വപ്നങ്ങൾ; ഒരു ഗ്രഹം; ശ്രദ്ധാപൂർവം വിനിയോഗിക്കുക (Seven Billions Dreams; One Plannet; Consume with care) എന്നതാണ്. ലോകജനതയുടെ സ്വപ്നങ്ങൾ സാക്ഷാത്ക്കരിക്കുവാൻ ഭൂമിയെ സംരക്ഷിക്കുക എന്ന സന്ദേശമാണ് ഇതിലൂടെ ഐക്യരാഷ്ട്രസഭ ലോകത്തിന് നൽകുന്നത്.

പ്രകൃതിദത്തമായ പരിസ്ഥിതിക്ക് ആഘാതമേൽക്കുകയും നാശം സംഭവിക്കുകയും ചെയ്യുന്നത് മനുഷ്യൻ വിവേചനരഹിതമായി പ്രകൃതി വിഭവങ്ങൾ കൊള്ളയടിക്കുകയും അന്തരീക്ഷം മലിനമാക്കുകയും ചെയ്യുന്നതുമൂലമാണ്. ലോകമെമ്പാടും അനിയന്ത്രിതമായ തോതിൽ ചൂട് വർധിക്കുകയും കാലാവസ്ഥയിൽ കാര്യമായ വ്യതിയാനങ്ങൾ സംഭവിക്കുകയും ചെയ്യുന്നത് നാം കണ്ടുകൊണ്ടിരിക്കുന്ന കാര്യമാണ്. പ്രകൃതിക്ഷോഭങ്ങൾ, പകർച്ചവ്യാധികൾ, ഭക്ഷ്യക്ഷാമം തുടങ്ങി ആഗോളതാപനം ഉണ്ടാക്കുന്ന പ്രശ്നങ്ങൾ അനവധിയാണ്. ഭൂമിയിൽ നിന്ന് പച്ചപ്പ് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. വരൾച്ചമൂലം ഒരുവശത്ത് രൂക്ഷമായ കുടിവെള്ളക്ഷാമവും കൃഷിനാശവും പട്ടിണിയും ഉണ്ടാകുമ്പോൾ മറുവശത്ത് ചൂടിന്റെ ആധിക്യം മൂലം ഹിമശേഖരങ്ങൾ ഉരുകിയിറങ്ങി സമുദ്രജലനിരപ്പ് ഉയരുകയും ചില ദ്വീപുരാഷ്ട്രങ്ങൾ ഉൾപ്പെടെയുള്ള ഒട്ടേറെ കരപ്രദേശങ്ങൾ വെള്ളത്തിലാവുകയും നദികളിൽ ഭീകരമായ രീതിയിൽ വെള്ളപ്പൊക്കമുണ്ടാവുകയും ചെയതേയ്ക്കാം. ക്രമം തെറ്റിയ മഴയും ഭൂകമ്പങ്ങളും സുനാമിപോലുള്ള പ്രകൃതി ദുരന്തങ്ങളും വൻതോതിൽ നാശം വിതയ്ക്കുകയും ചെയ്യുന്നു.

പ്രകൃതി മനുഷ്യന് സൗജന്യമായി കനിഞ്ഞു നൽകുന്ന ജലം

മനുഷ്യൻ പലപ്പോഴും മലിനമാക്കുകയും ദുർവിനിയോഗം ചെയ്യുകയും ചെയ്യുന്നു. തന്മൂലം കുടിവെള്ള ക്ഷാമം മനുഷ്യരാശിയെ അലട്ടുന്ന ഒരു ഭീകരപ്രശ്നമായിത്തീർന്നിരിക്കുകയാണ്. നദികളും കുളങ്ങളും മറ്റ് ശുദ്ധജലസ്രോതസ്സുകളും വറ്റിവരണ്ടുകൊണ്ടിരിക്കുന്നു. അതോടൊപ്പം അവ മലിനവസ്തുക്കളുടെ കേന്ദ്രമായും മാറിക്കൊണ്ടിരിക്കുന്നു. ശുദ്ധജലം കണ്ടെത്തി അത് ആവശ്യക്കാർക്ക് എത്തിച്ചുകൊടുക്കുവാനുള്ള സംവിധാനം ഉണ്ടാക്കുകയെന്നത് വളരെ ചെലവുള്ള ഒരു പ്രക്രിയയാണ്. ലോകത്ത് ആകെയുള്ള വെള്ളത്തിന്റെ വെറും 3% മാത്രമാണ് കുടിക്കുവാൻ അനുയോജ്യമായിട്ടുള്ളത് എന്ന് കണക്കാക്കപ്പെടുന്നു. ഇതിൽ 2.5 ശതമാനവും ധ്രുവങ്ങളിലും വലിയ പർവതങ്ങളിലും മറ്റും ഹിമരൂപത്തിൽ സംഭരിക്കപ്പെട്ടിരിക്കുകയാണ്. ശേഷിച്ച അരശതമാനം വെള്ളമാണ് കുടിക്കുന്നതിനായി ലോകത്തുള്ള 700 കോടി ജനങ്ങൾക്ക് ലഭ്യമാക്കാൻ കഴിയുക. ദുർലഭമായ ഈ കുടിവെള്ളത്തെപ്പോലും അശ്രദ്ധമൂലവും സ്വാർത്ഥതമൂലവും മലീമസമാക്കുന്നത് മനുഷ്യരാശിയോട് നാം ചെയ്യുന്ന കൊടുംപാതകമാണ്.

വ്യവസായവൽക്കരണത്തിന്റെയും വികസനത്തിന്റെയും പേരിൽ നടക്കുന്ന അന്തരീക്ഷമലിനീകരണമാണ് പരിസ്ഥിതി സംരക്ഷണത്തിന് ഭീഷണിയായിത്തീരുന്ന മറ്റൊരു പ്രവണത. ലോകത്തുള്ള എണ്ണമറ്റ വാഹനങ്ങളും വ്യവസായ സ്ഥാപനങ്ങളും വമിക്കുന്ന വിഷപ്പുകയാണ് അന്തരീക്ഷമലിനീകരണത്തിൽ മുഖ്യപങ്കുവഹിക്കുന്നത്. വാഹനങ്ങളിൽ മുക്കാൽ പങ്കും വ്യക്തിപരമായ ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്ന കാറുകളാണ് എന്നത് ശ്രദ്ധേയമാണ്. അന്തരീക്ഷത്തിൽ കാർബൺഡയോക്സൈഡിന്റെ അളവ് വൻതോതിൽ വർധിപ്പിക്കുന്ന പുകപടലങ്ങൾ വായു മലിനമാക്കുന്നതിനു പുറമെ അന്തരീക്ഷത്തിലെ ഓസോൺ തലത്തിൽ വിള്ളലുകൾ ഉണ്ടാക്കി സൂര്യതാപത്തിന്റെ കാഠിന്യം വർധിപ്പിക്കുക കൂടി ചെയ്യുന്നു. ആഗോളതാപനവർധനയ്ക്കും ഇത് ഇടവരുത്തുന്നു. പെട്രോളിയം ഉൽപ്പന്നങ്ങൾ, കൽക്കരി തുടങ്ങിയ പ്രകൃതി വിഭവങ്ങൾ ക്രമാതീതമായി എരിച്ചു തീർത്താൽ ആസന്നഭാവിയിൽതന്നെ അവയുടെ അതിരൂക്ഷമായ ദൗർലഭ്യം നമുക്ക് അനുഭവപ്പെട്ടേയ്ക്കാം. അതിനാൽ അവയ്ക്കുപകരമുള്ള ബദൽ ഊർജസ്രോതസ്സുകളിലേയ്ക്ക് നാം കഴിയുന്നത്ര മടങ്ങിപ്പോകേണ്ട കാലം അതിക്രമിച്ചിരിക്കുകയണ്. ഇവയിൽ ഏറ്റവും പ്രധാനപ്പെട്ടത് സൗരോർജ്ജമാണ്.

മാലിന്യ സംസ്കരണത്തിൽ ഉണ്ടാവുന്ന വീഴ്ച പരിസ്ഥിതി സംരക്ഷണത്തിൽ ഗുരുതരമായ പ്രത്യാഘാതങ്ങളാണ് സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്. ഈ രംഗത്തെ ഏറ്റവും വലിയ വില്ലൻ പ്ലാസ്റ്റിക്കാണ്. ദ്രവിച്ചുപോകാത്ത ഈ ഉൽപ്പന്നം ഉപയോഗത്തിനുശേഷം നാം നിരത്തുകളിലേയ്ക്കും ഓടകളിലേയ്ക്കും ജലാശയങ്ങളിലേയ്ക്കും മാലിന്യങ്ങൾ നിറച്ച് വലിച്ചെറിയുന്നത് ശീലമാക്കിയിരിക്കുന്നു. അതുമൂലമുണ്ടാകാവുന്ന ആപത്തുകളെപ്പറ്റി അനവധി അഭ്യസ്തവിദ്യർക്കുപോലും അശേഷം ഉത്ക്കണ്ഠയില്ല എന്നത് അങ്ങേയറ്റം അപലപനീയമായ ഒരു അവസ്ഥാവിശേഷമാണ്. കേരളത്തിൽ സർക്കാരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മാലിന്യനിർമ്മാർജ്ജനത്തിന് മുന്തിയ പരിഗണന നൽകി ശുഷ്കാന്തിയോടെ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. കേന്ദ്രസർക്കാർ 'ശുചിത്വഭാരതം' എന്ന മുദ്രാവാക്യം ഉയർത്തിക്കൊണ്ട് ഈ വിഷയത്തിൽ അതീവ ജാഗ്രത പുലർത്തുന്നു. എന്നാൽ നമ്മുടെ പൊതുസമൂഹത്തിന് ഇക്കാര്യത്തിലുള്ള അലംഭാവം മൂലം മാലിന്യനിർമ്മാർജ്ജനത്തിലും സംസ്കരണത്തിലും വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടില്ല. വ്യാവസായിക മേഖലയിൽ അതിശ്രീഘ്രം പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഭാരതം വ്യാവസായിക മലിനീകരണവും വ്യാവസായിക മാലിന്യങ്ങളും നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള ബൃഹത്പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ടതുണ്ട്.

കാർഷിക-ഭക്ഷ്യമേഖലകളിലെ മലിനീകരണ പ്രശ്നങ്ങൾ നമ്മുടെ പരിസ്ഥിതിക്കും ജനങ്ങളുടെ ആരോഗ്യത്തിനും കാര്യമായ ക്ഷതം ഏൽപ്പിക്കുന്നുണ്ട്. കൃഷിക്കുവേണ്ടി ഉപയോഗിക്കുന്ന പല രാസവളങ്ങളും കീടനാശിനികളും വെള്ളം, വായു, ഭക്ഷ്യവസ്തുക്കൾ മുതലായവയെ വിഷമയമാക്കുന്നു.

കർഷകരെയും കർഷകത്തൊഴിലാളികളെയും ഉപഭോക്താക്കളെയും തീരാവ്യാധികൾക്ക് ഇരയാക്കാനും ഇവയ്ക്കു കഴിയുന്നു. എൻഡോസൾഫാൻ എന്ന മാരകവിഷമുള്ള കീടനാശിനി ഉത്തരകേരളത്തിൽ ഉണ്ടാക്കിയ തീരാരോഗങ്ങളും ജീവനാശവും നമുക്ക് അറിവുള്ള കാര്യമാണ്. ആ ദുരന്തങ്ങളുടെ അലയൊലികൾ ഇപ്പോഴും അവസാനിച്ചിട്ടില്ല. പഴം, പച്ചക്കറികൾ, മറ്റ് ഭക്ഷ്യവസ്തുക്കൾ മുതലായവയിൽ ബോധപൂർവം കലർത്തുന്ന മായങ്ങളും വിവിധ കാര്യങ്ങൾക്കായി ചേർക്കുന്ന കൊടും വിഷവസ്തുക്കളും മനുഷ്യ ജീവിതം ദുഷ്ക്കരമാക്കിത്തീർത്തിരിക്കുകയാണ്. ഉത്തമവിശ്വാസത്തോടെ യാതൊരുവിധ സസ്യാഹാരമോ മാംസാഹാരമോ ഭക്ഷിക്കുവാൻ കഴിയാത്ത ഒരു ദുരവസ്ഥയാണ് ഇപ്പോഴുമുള്ളത്. ഒരു കമ്പനിയുടെ നൂഡിൽസിൽ മാരക വിഷങ്ങൾ കണ്ടെത്തിയ വാർത്തയുടെ പശ്ചാത്തലത്തിൽ ഭക്ഷ്യവസ്തുക്കളിലെ വിഷാംശങ്ങൾ സംബന്ധിച്ച പരിശോധന ഊർജ്ജിതപ്പെടുത്താൻ കേന്ദ്രസംസ്ഥാന സർക്കാരുകൾ നടപടി എടുത്തിട്ടുണ്ട്. ലോകത്ത് ഏതാണ്ട് 200 കോടി ജനങ്ങൾ മതിയായ പോഷണമോ ആഹാരമോ കിട്ടാതെ ദാരിദ്ര്യത്തിൽ കഴിയുമ്പോൾ 150 കോടി ജനങ്ങൾ അമിതാഹാരം മൂലം പൊണ്ണത്തടി പിടിച്ച് വലയുകയാണ്. ആഗോളതലത്തിൽ ഓരോ വർഷവും പാഴായിപ്പോകുന്ന ഭക്ഷ്യവസ്തുക്കളുടെ അളവ് ഏതാണ്ട് 130 കോടി ടൺ ആണ്. സന്തുലിതവും നീതിയുക്തവുമായ വിതരണശൃംഖലയുടെ അഭാവം മൂലമാണ് ലോകത്തിൽ നിന്ന് ദാരിദ്ര്യം ഉച്ചാടനം ചെയ്യാൻ നമുക്ക് കഴിയാതെ വരുന്നത്.

മനുഷ്യരെപ്പോലെതന്നെ മറ്റ് ജന്തുക്കൾക്കും സസ്യലതാദികൾക്കും ജീവിക്കുവാനുള്ള ഇടമാണ് ഈ ഭൂമി. പക്ഷേ ആയിരക്കണക്കിന് ജന്തുക്കളും സസ്യങ്ങളും വംശനാശം വന്ന് ഈ ലോകത്തു നിന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. നമ്മുടെ അമൂല്യമായ വനസമ്പത്തും വന്യജീവി സമ്പത്തും ഗണ്യമായ തോതിൽ നശിച്ചിട്ടുണ്ട്. ഇന്ത്യയുടെ വന്യജീവി സമ്പത്തിന്റെ അഭിമാനമായ സിംഹവും കടുവയും പോലും വംശനാശ ഭീഷണിയിലാണ്. അതിനാൽ അവയുടെ സംരക്ഷണത്തിനും പരിപാലനത്തിനും സർക്കാർ കർശനവും ഫലപ്രദവുമായ നടപടികൾ എടുത്തുക്കൊണ്ടിരിക്കുന്നു. നിലവിലുള്ള വനങ്ങൾ പരിരക്ഷിക്കുന്നതിനും പുതിയ വനങ്ങൾ വച്ചുപിടിപ്പിക്കുന്നതിനും വനപ്രദേശങ്ങൾ മറ്റു കാര്യങ്ങൾക്കായി വിനിയോഗിക്കുന്നത് കർക്കശമായി നിയന്ത്രിക്കുന്നതിനും കേന്ദ്ര-സംസ്ഥാന വനം-പരിസ്ഥിതി വകുപ്പുകൾ നിതാന്ത ജാഗ്രത പുലർത്തുന്നുണ്ട്. എന്നാൽ അനധികൃത കുടിയേറ്റങ്ങൾ, വനംകൊള്ള, കാട്ടുതീ, അണക്കെട്ടുകൾ, വനപാതകളുടെ വികസനം തുടങ്ങിയ പ്രശ്നങ്ങൾ വനസംരക്ഷണരംഗത്ത് ഇപ്പോഴും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

പരിസ്ഥിതി സംരക്ഷണത്തിൽ പരമ പ്രധാനമായിട്ടുള്ളത് ഭൂസംരക്ഷണമാണെന്ന് യു.എൻ.ഒ.യുടെ ഈ വർഷത്തെ ചിന്താവിഷയം ഊന്നിപ്പറയുന്നു. മണ്ണും പാറയും മലകളും ജലസ്രോതസ്സുകളും സംരക്ഷിക്കുക എന്നതാണ് അത് അർഥമാക്കുന്നത്. മണ്ണൊലിപ്പുമൂലം നമ്മുടെ നദികളുടെ തീരങ്ങൾ ഇടിയുകയും ആഴങ്ങൾ നികരുകയും ചെയ്യുന്നു. മലയോരങ്ങളിൽ മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ മുതലായ പ്രകൃതി ദുരന്തങ്ങൾ ഉണ്ടാവുന്നു. മനുഷ്യജീവനും കൃഷിഭൂമിക്കും വനസമ്പത്തിനും അത് വലിയ നാശനഷ്ടങ്ങളാണ് ഉണ്ടാകുന്നത്. നദികളുടെ ഉൾഭാഗങ്ങൾ തുരന്ന് മണലൂറ്റ് നടത്തുന്നതും വയലേലകൾ മണ്ണിട്ട് നികത്തി കരഭൂമിയാക്കുന്നതുമൊക്കെ നമ്മുടെ ആവാസ വ്യവസ്ഥയുടെ സന്തുലനം നശിപ്പിക്കുന്നവയാണ്. കേരളത്തിൽ ധാരാളമായുള്ള കുളങ്ങളും തോടുകളും അരുവികളും കിണറുകളും നമ്മുടെ ശുദ്ധജല സ്രോതസ്സുകളാണ്. അവയൊക്കെ മണ്ണിട്ടുമൂടി കരഭൂമി സൃഷ്ടിക്കാനും വീടുവയ്ക്കാനും മറ്റും നമ്മുടെ ജനങ്ങൾ വർഷങ്ങളായി ശ്രമിച്ചുവരികയാണ്.

അനധികൃത പാറ ഖനനങ്ങൾ നമ്മുടെ നാട്ടിൽ ഏതാണ്ട് സർവസാധാരണമായിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനാവശ്യമായ മണലും പാറയും സുലഭമല്ലാത്ത സാഹചര്യത്തിലാണ് ഇതൊക്കെ നടക്കുന്നത്. പരിസ്ഥിതിക്ക് ക്ഷതമേൽക്കാത്ത വിധം എങ്ങനെ സംഭരിക്കാമെന്ന് നാം കണ്ടെത്തേണ്ടതുണ്ട്. മണലും പാറയും ഒഴിവാക്കിക്കൊണ്ട് കുറഞ്ഞ ചെലവിൽ സുരക്ഷിതവും മനോഹരവുമായ രീതിയിൽ കെട്ടിടം വയ്ക്കാവുന്ന ചില നൂതന സാങ്കേതിക വിദ്യകൾ സംസ്ഥാന ഭവനനിർമ്മാണ ബോർഡ് കണ്ടെത്തിയിട്ടുണ്ട്. അവയ്ക്ക് പ്രചുരപ്രചാരം നൽകുന്നത് പരിസ്ഥിതി സംരക്ഷണത്തിന് ഏറെ സഹായകമായിരിക്കും എന്ന കാര്യത്തിൽ സംശയമില്ല.

ലേഖകൻ പി.ആർ.ഡി.യിൽ നിന്നും ഡെപ്യൂട്ടി ഡയറക്ടറായി വിരമിച്ചതാണ്

◆

വിനു എ.

മഴക്കാലം രോഗങ്ങളുണ്ടാവാതിരിക്കാൻ

മൺസൂൺ കാലത്തെ ഏറ്റവും വലിയ വെല്ലുവിളികളിലൊന്നാണ് പകർച്ചവ്യാധികൾ. മഴക്കാലമാവുന്നതോടെ പടർന്നു പിടിക്കാനുള്ള സാധ്യത വളരെ കൂടുതലാവുന്നതാണ് ഇതിന് കാരണമാകുന്നത്. മഴയെത്തുന്നതിന് മുമ്പ് തന്നെ ആവശ്യമായ ശുചീകരണ പ്രവർത്തനങ്ങളിലൂടെ ഇതിനെ മറികടക്കാനുള്ള ശ്രമം കൂട്ടായി ചെയ്യേണ്ടതുണ്ട്. പ്രാദേശികമായി പരിസരശുചിത്വം ഉറപ്പുവരുത്തുകയെന്നതാണ് ഈ കാര്യത്തിൽ അടിയന്തിരമായി ചെയ്യേണ്ടുന്ന കാര്യം. കൊതുകിന്റെ ഉറവിടങ്ങൾ നശിപ്പിച്ചും ഓടകൾ, തോടുകൾ, കുളങ്ങൾ തുടങ്ങി കൊതുകുകൾ പെരുകാൻ സാധ്യതയുള്ള ഇടങ്ങൾ വൃത്തിയാക്കിയും പ്രതിരോധപ്രവർത്തനങ്ങൾ ഊർജ്ജിതമാക്കേണ്ടതുണ്ട്. ആരോഗ്യം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജലവിഭവം, സാമൂഹ്യക്ഷേമം, മൃഗസംരക്ഷണം, കൃഷി, പൊതുമരാമത്ത്, വിദ്യാഭ്യാസം തുടങ്ങിയ വകുപ്പുകളുടെ ഏകോപിച്ചുള്ള പ്രവർത്തനത്തിലൂടെ ഇത് പ്രാവർത്തികമായിക്കൊണ്ടിരിക്കുകയാണ്.

ആരോഗ്യരംഗത്ത് മെച്ചപ്പെട്ട സേവനസൗകര്യങ്ങൾ ലഭ്യമാവുന്ന വിധത്തിൽ ആതുരസേവനരംഗത്ത് വലിയ നേട്ടങ്ങൾ കൈവരിക്കുവാൻ നമുക്ക് സാധിച്ചിട്ടുണ്ടെങ്കിലും മഴക്കാലരോഗങ്ങൾ ഉണ്ടാക്കുന്നത് വലിയ പ്രതിസന്ധി തന്നെയാണെന്നതാണ് വാസ്തവം. തുടർച്ചയായുണ്ടാകുന്ന പകർച്ചവ്യാധികളും ഖര-ദ്രവ്യമാലിന്യങ്ങളും പാരിസ്ഥിതിക പ്രശ്നങ്ങളും ശുദ്ധമായ കുടിവെള്ള ലഭ്യത കുറവുമൊക്കെ ആഗോര്യരംഗത്ത് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. രോഗം വരാതിരിക്കുകയാണ് ഏറ്റവും മികച്ചതെങ്കിലും അതിനുള്ള സാഹചര്യം പൂർണ്ണമായും ഒരുക്കുവാൻ സാധിക്കുന്ന സൗകര്യങ്ങൾ നമുക്ക് പൂർണ്ണമായ തോതിൽ ഉണ്ടാക്കുവാൻ സാധിക്കുന്നില്ല. അതിനാൽ തന്നെ ജനകീയമായ ഒരു പരിശ്രമത്തിലൂടെ ഈ സാഹചര്യത്തെ മറികടക്കുകയെന്നതാണ് നമുക്ക് ചെയ്യുവാൻ സാധിക്കുക. ആരോഗ്യകരമായ സമൂഹത്തെ സൃഷ്ടിക്കുകയെന്ന സമഗ്രമായ ലക്ഷ്യത്തോടുകൂടി പ്രവർത്തിച്ചാൽ മാത്രമേ ഈ സ്ഥിതിവിശേഷത്തിലേക്ക് എത്തിച്ചേരുവാൻ സാധിക്കുകയുള്ളൂ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഇതിൽ വലിയ പങ്കാണ് വഹിക്കാനുള്ളത്.

പകർച്ചവ്യാധികളുടെ വ്യാപനത്തിലെ അടിസ്ഥാനപരമായ പ്രശ്നം ശുചിത്വമില്ലായ്മ തന്നെയാണ്. ജീവിതസൗകര്യങ്ങളിലെ സാഹചര്യങ്ങളിലുണ്ടായ മാറ്റത്തിനൊപ്പം തന്നെ പരിസ്ഥിതിയിലും പ്രകടമായ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. അതിനാൽ തന്നെ വായു, ജലം, ഭക്ഷണം തുട

ങ്ങിയവ പൂർണ്ണമായും ശുദ്ധമായി നിലനിർത്തുകയെന്നത് ശ്രമകരമാണ്. അതിനൊപ്പം തന്നെ നമ്മുടെ മാറിയ ഭക്ഷണശീലങ്ങളും പരിഗണിക്കപ്പെടേണ്ട കാര്യമാണ്. രോഗം വന്നാൽ മരുന്നുണ്ട് അല്ലെങ്കിൽ ചികിത്സയുണ്ടെന്ന സൗകര്യത്തിനപ്പുറം രോഗമില്ലാത്ത സാഹചര്യത്തെക്കുറിച്ചുള്ള ചിന്തകൾക്ക് കാര്യമായ പിന്തുണ ലഭിക്കുന്നില്ല. മുൻ കാലങ്ങളിൽ ജീവിതത്തിൽ പാലിച്ചിരുന്ന മൂല്യബോധം ഇക്കാലത്ത് കുറഞ്ഞുവരുന്നു. ആരോഗ്യകാര്യങ്ങളിലും ഭക്ഷണകാര്യത്തിലും പാലിക്കപ്പെട്ടിരുന്ന ചിട്ടയും കരുതലും ഇപ്പോൾ ഇല്ലായെന്നത് രോഗാണുക്കൾക്ക് കൂടുതൽ സൗകര്യമാണ് നൽകുന്നത്. മഴക്കാലമടുക്കുമ്പോൾ വിവിധ വകുപ്പുകളുടെ കൂട്ടായ പ്രവർത്തനത്തിലൂടെ ആവശ്യമായ മുൻകരുതലുകൾ നാം സ്വീകരിക്കാറുള്ളതാണ്. ഈ പ്രക്രിയയിൽ ജനങ്ങളുടെ ഭാഗത്തുനിന്നും തുടർച്ചയായ പിന്തുണ ഉണ്ടാവേണ്ടതാണ്.

പ്രാദേശിക ശുചീകരണ പരിപാടികൾ

വീടുകൾ, സ്ഥാപനങ്ങൾ, കടകൾ, ആശുപത്രികൾ, സ്കൂളുകൾ, പൊതുസ്ഥലങ്ങൾ തുടങ്ങിയ സ്ഥലങ്ങളിലാണ് രോഗങ്ങൾക്ക് കാരണമാവുന്ന കൊതുകുകൾ കൂടുതലായി വ്യാപിക്കാനും പകർച്ചവ്യാധികൾ പടർന്നുപിടിക്കാവുന്ന സൗകര്യങ്ങൾ ഉണ്ടാകാനുമുള്ള സാധ്യതയുള്ളത്. അതുകൊണ്ടുതന്നെ ഇത്തരം സ്ഥലങ്ങളിൽ ആവശ്യമായ ശുചീകരണപ്രവർത്തനങ്ങൾ ചെയ്യേണ്ടതുണ്ട്. ഫീൽഡ് തലപരിശോധന നടത്തുകയും കൊതുകുകളുടെ ഭീഷണി എത്രമാത്രം ഉണ്ടെന്ന് കണ്ടെത്തുകയും ഉറവിടങ്ങൾ നശിപ്പിക്കുകയും ചെയ്യണം. ഉറവിടനശീകരണ പ്രവർത്തനങ്ങൾ ചെയ്യുമ്പോൾ ഇത്തരം സ്ഥലങ്ങളിൽ ഭാവിയിൽ കൊതുകുകൾ ഉണ്ടാവില്ലായെന്ന് ഉറപ്പുവരുത്തിക്കൊണ്ടുള്ള പ്രവർത്തനം നടത്തണം. അതുകൊണ്ടുതന്നെ ഇത്തരം പ്രവർത്തനങ്ങളിൽ അതാത് പ്രദേശങ്ങളിലെ ആളുകളുടെ സഹകരണവും ഉണ്ടാവുന്ന വിധത്തിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം.

ഇത്തരം പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുന്നതിന് പ്രധാനപ്പെട്ട കാര്യമാണ് കൂട്ടായ പ്രവർത്തനം സംഘടിപ്പിക്കുകയെന്നത്. ഓരോ പ്രദേശത്തിന്റെയും പരിസ്ഥിതിയെക്കുറിച്ച് കൃത്യമായി അവലോകനം ചെയ്തുകൊണ്ടാവണം പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത്. ഏറ്റവും ചെലവ് കുറഞ്ഞതും എന്നാൽ ഫലപ്രദവുമായ മാർഗങ്ങളെക്കുറിച്ചാണ് ആലോചിക്കേണ്ടത്. മാലിന്യപ്രശ്നം എല്ലാകാലത്തും സജീവമായി നിൽക്കുന്ന പ്രശ്നമായി നമ്മുടെ ജീവിതത്തിൽ മാറിക്കഴിഞ്ഞിരിക്കുന്നു. മഴക്കാലങ്ങളിൽ അത് ഏറെ കുറെ കൂടുതൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ഇവയുടെ സംസ്കരണത്തിലെ പിഴവു മൂലമോ, അല്ലാതെയോ വലിയ രോഗങ്ങളിലേയ്ക്ക് കാര്യങ്ങൾ നീങ്ങുന്നുവെന്ന് കാണാം. കൊതുകുകൾ മാത്രമല്ല മറ്റ് ജീവികളും രോഗവാഹകരായി മാറുന്നു. എലി, ഈച്ച, പാറ്റകൾ തുടങ്ങിയവ ഇത്തരം മാലിന്യങ്ങളിൽ പെരുകുകയും അത് മനുഷ്യർക്ക് ഭീഷണിയാവുകയും ചെയ്യുന്നു.

ഇത്തരം സാഹചര്യങ്ങളിൽ നിന്നും മാറി നിൽക്കുകയെന്ന അടിസ്ഥാനപരമായ കാര്യത്തെ അവതരിപ്പിച്ചുകൊണ്ട് പ്രശ്നത്തെ ലഘൂകരിക്കാമെങ്കിലും അത് എത്ര മാത്രം പ്രായോഗികമാണെന്നത് പരിശോധിക്കണം. പരിസ്ഥിതിക്ക് അനുയോജ്യമായ വിധത്തിലുള്ള പ്രവർത്തനങ്ങളാണ് നടപ്പിലാക്കപ്പെടുന്നതെന്ന് ഉറപ്പുവരുത്താനും അതിലൂടെ ജൈവികരീതികളെ പരിപാലിക്കുവാൻ സാധിക്കുന്ന സാഹചര്യം ഉണ്ടാകുന്നുവെന്ന് ഉറപ്പുവരുത്തുവാനുമാകണം.

രാസനിയന്ത്രണ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും അവയുടെ വ്യാപനത്തെ കുറയ്ക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണം. മഴക്കാലത്ത് ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ കൂടുതൽ പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്നതിൽ സംശയമില്ല. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നത് ജനങ്ങളുടെ പങ്കാളിത്തത്തിലൂടെയായിരിക്കണം. അതിന് ആവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. ആശുപത്രികൾ, സ്കൂളുകൾ, ലൈബ്രറികൾ, തൊഴിലിടങ്ങൾ തുടങ്ങിയവ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനൊപ്പം ഗൃഹസന്ദർശന പരിപാടികൾ സംഘടിപ്പിച്ചും ഇത്തരം പ്രവർത്തനങ്ങൾ നടത്താവുന്നതാണ്.

വാർഡുതല സമിതികൾ

ഡെങ്കിപ്പനി, ചിക്കൻഗുനിയ എന്നീ രോഗങ്ങൾക്ക് കാരണമാകുന്നത് ഈഡിസ് കൊതുകുകളാണ്. ഇവയുടെ ഉറവിടങ്ങൾ കണ്ടെത്തി നശിപ്പിക്കുകയെന്നതാണ് സുപ്ര

ധാനമായ കാര്യം. ഇവയുടെ ഉറവിടങ്ങൾ വെള്ളം കെട്ടിനിൽക്കുന്ന ഏത് സ്ഥലത്തും കാണാനാവും. നിർമ്മാണ പ്രവൃത്തികൾ നടക്കുന്ന ഇടങ്ങൾ തുടങ്ങി വെള്ളം കെട്ടിക്കിടക്കുന്ന ചെറുപാത്രങ്ങൾ വരെ അതിന്റെ സാധ്യതയുണ്ട്. ഭക്ഷ്യവസ്തുക്കളുടെ അവശിഷ്ടങ്ങൾ, അലക്ഷ്യമായി വലിച്ചെറിയുന്ന വസ്തുക്കൾ തുടങ്ങിയവയിൽ വെള്ളം കെട്ടിക്കിടക്കുകയും കൊതുകുകൾ പെറ്റുപെരുകാൻ സാധ്യതയുള്ളതുമാകുന്നു. ജലം കെട്ടിക്കിടക്കുന്ന സാഹചര്യമുള്ള ഇടങ്ങളിലെല്ലാം ഇത്തരം കൊതുകുകളുടെ ഭീഷണിയുണ്ടാവുമെന്നതിൽ സംശയമില്ല. ഇത്തരം ഇടങ്ങൾ കണ്ടെത്തുന്നതിനും പരിപാലിക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ട് ശുചിത്വപ്രവർത്തനങ്ങൾ സംഘടിപ്പിക്കണം.

ഇത്തരം പ്രവർത്തനങ്ങൾ നടത്തുമ്പോൾ അതിൽ ഏറ്റവും അധികം സഹായിക്കുന്ന ഒരു കാര്യമാണ് ഓരോ പ്രദേശത്തിന്റെയും മാപ്പിംഗ് നടത്തുകയെന്നത്. ഈ സാഹചര്യത്തിൽ ഏറ്റവും ആവശ്യമായത് ശുചിത്വം സംബന്ധിച്ചുള്ള മാപ്പിംഗാണ്. അതിനായി ഓരോ പ്രദേശത്തെയും മാലിന്യങ്ങൾ ഉള്ള പ്രദേശങ്ങൾ, വെള്ളം കെട്ടിക്കിടന്ന് കൊതുകുകൾ പെരുകുന്നതിനിടയുള്ള സ്ഥലങ്ങൾ, പ്ലാസ്റ്റിക് മാലിന്യങ്ങൾ കൂടുതലുള്ള സ്ഥലങ്ങൾ, വെള്ളം കെട്ടിക്കിടക്കുകയും ഉപയോഗിക്കാതിരിക്കുകയും ചെയ്യുന്ന ടാങ്കുകൾ, മറ്റ് സ്ഥലങ്ങൾ, വീടുകൾ, വീടുകളോട് ചേർന്ന് മാലിന്യനിക്ഷേപ സാധ്യതയുള്ള സ്ഥലങ്ങൾ തുടങ്ങിയ കാര്യങ്ങൾ ഇതിൽ ഉൾപ്പെടുത്തണം. ഓരോ പ്രദേശത്തെയും ജനങ്ങളുടെ പങ്കാളിത്തം ഇക്കാര്യത്തിൽ ഉറപ്പാക്കണം. ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സന്നദ്ധസംഘടനാപ്രതിനിധികൾ തുടങ്ങിയവരുടെ സേവനം പരമാവധി ഉപയോഗിച്ചുകൊണ്ട് ഈ പ്രവർത്തനം നടത്തുവാനാവണം.

വാർഡുതലസമിതികളെ കാര്യക്ഷമമാക്കുവാൻ സാധിക്കുന്നതിലൂടെ മാത്രമേ നമുക്ക് കൃത്യതയുള്ള ഒരു പ്രവർത്തനരൂപം കൈവരിക്കാൻ സാധിക്കുകയുള്ളൂ. ഗ്രാമപഞ്ചായത്തുകളും നഗരസഭകളും ചെയ്യുന്ന റോഡുകൾ, ഓടകൾ വൃത്തിയാക്കൽ, വെള്ളക്കെട്ട് ഒഴിവാക്കൽ, കുളങ്ങളും കിണറുകളും വൃത്തിയാക്കൽ, കാടുകൾ വെട്ടിത്തെളിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ അവയുടെ ഫണ്ടിന്റെ പരിധിയിൽ നിന്നുകൊണ്ടാണ് ചെയ്യുന്നത്. ഇത്തരത്തിൽ പരിമിതമായ ഫണ്ടുകളുടെ വിനിയോഗത്തിലൂടെ പദ്ധതികൾ നടപ്പിലാക്കുമ്പോൾ അവയുടെ തുടർപ്രവർത്തനങ്ങൾ സാധ്യമാകാത്തതിനാൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ നിരവധിയാണ്. ഈ പ്രതിസന്ധിയെ മറികടക്കുന്നതിൽ ഏറ്റവും വലിയ സാധ്യതയാണ് വാർഡുതലസമിതികളെ കാര്യക്ഷമമായി സംഘടിപ്പിക്കുകയെന്നത്. വിവിധ വകുപ്പുകളുടെ ഏകോപനം സാധ്യമാകണം. ആശ, അംഗൻവാടി പ്രവർത്തകർ, എസ് സി/എസ് ടി പ്രൊമോട്ടർമാർ, സാക്ഷരതാ പ്രവർത്തകർ തുടങ്ങിയവരുടെ സഹകരണം കൂടി ഈ പ്രവർത്തനങ്ങളിൽ കൊണ്ടുവരാൻ സാധിക്കണം.

ബോധവൽക്കരണ പ്രവർത്തനങ്ങൾ

പ്രതിരോധ, ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനൊപ്പം തന്നെ ബോധവൽക്കരണ പ്രവർത്തനങ്ങളും അനിവാര്യമാണ്. പലപ്പോഴും ചെറിയ അറിവുകളിലെ പിഴവാണ് അപകടങ്ങൾ ക്ഷണിച്ചുവരുത്തുന്നത്. സന്നദ്ധപ്രവർത്തകരിലൂടെ വളരെ എളുപ്പത്തിൽ ചെയ്യാവുന്ന പ്രവർത്തനമാണ് ബോധവൽക്കരണം. ചിക്കൻഗുനിയ, ഡെങ്കിപ്പനി തുടങ്ങിയ രോഗങ്ങളുണ്ടാക്കുന്ന കൊതുകുകൾക്ക് മുട്ടയിടാൻ ധാരാളം വെള്ളം ആവശ്യമില്ല. പലപ്പോഴും ഈ കാര്യം പലരും ശ്രദ്ധിക്കുകയില്ല. ഈർപ്പം പരമാവധി ഇല്ലാതാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുവാനാണ് ബോധവൽക്കരണപ്രവർത്തനങ്ങളിലൂടെ ശ്രദ്ധിക്കേണ്ടത്. അതിരാവിലെയും ഇരുട്ടുന്ന സമയങ്ങളിലുമാണ് ഇത്തരം കൊതുകുകൾ കടിക്കുന്നത്. ആയതിനാൽ ശരീരം മൂടുന്ന വസ്ത്രങ്ങൾ ധരിക്കുവാൻ പ്രേരിപ്പിക്കണം. പ്രത്യേകിച്ചും പ്ലാന്റേഷൻ മേഖലകളിൽ ഇതിനായി പ്രചരണം നടത്തുവാൻ ശ്രദ്ധിക്കണം. ഏറ്റവും കൂടുതൽ കൊതുകുജന്യ രോഗങ്ങൾക്ക് സാധ്യതയുള്ളത് സ്വന്തം വീടുകളിൽ നിന്നാണ്. ആയതിനാൽ വീടും പരിസരവും ശുചിത്വമുള്ളതാക്കുന്നത് കടമയായി കണ്ടുകൊണ്ടുള്ള ബോധവൽക്കരണം നടത്തണം. ◆

ഡെങ്കിപ്പനി, ചിക്കൻഗുനിയ എന്നീ രോഗങ്ങൾക്ക് കാരണമാകുന്നത് ഈഡിസ് കൊതുകുകളാണ്. ഇവയുടെ ഉറവിടങ്ങൾ കണ്ടെത്തി നശിപ്പിക്കുകയെന്നതാണ് സുപ്രധാനമായ കാര്യം. ഇവയുടെ ഉറവിടങ്ങൾ വെള്ളം കെട്ടിനിൽക്കുന്ന ഏത് സ്ഥലത്തും കാണാനാവും. നിർമ്മാണ പ്രവൃത്തികൾ നടക്കുന്ന ഇടങ്ങൾ തുടങ്ങി വെള്ളം കെട്ടിക്കിടക്കുന്ന ചെറുപാത്രങ്ങൾ വരെ അതിന്റെ സാധ്യതയുണ്ട്.

എം.എ. സുധീർ ബാബു

കിഴങ്ങുവിളകളുടെ കൃഷി

ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന് ധാന്യവിളകൾപോലെ തന്നെ മുഖ്യമായവയാണ് കിഴങ്ങുവർഗ്ഗ വിളകൾ. ആദിമ കാലം മുതൽ മനുഷ്യന്റെ വിശപ്പിനെ തടഞ്ഞ്, ഭക്ഷ്യസുരക്ഷ നൽകിയത് കിഴങ്ങുവിളകളാണ്. ലോകത്തെ ഭക്ഷ്യയോഗ്യമായ അമ്പതിനായിരം, സസ്യസ്പീഷിസുകളിൽ 15 വിളകളാണ്. ലോകത്തെ "ഭക്ഷ്യ ഊർജ്ജത്തിന്റെ 90 ശതമാനവും നൽകിവരുന്നത്. ഇതിൽ മരച്ചീനി, മധുരക്കിഴങ്ങ്, ചേന, കാച്ചിൽ, ചേമ്പു വർഗ്ഗങ്ങൾ, യാം, കൂവ എന്നിവയാണ് മുഖ്യം. വികസ്വര രാജ്യങ്ങളിലെ ഒരു ബില്ല്യൺ ജനതയുടെ ഊർജ്ജാവശ്യങ്ങൾ നിറവേറ്റുന്നതും, ആഫ്രിക്കൻ രാജ്യങ്ങളിലെ ഭൂരിഭാഗം ജനങ്ങളുടെ 40 ശതമാനം ഭക്ഷണവും കിഴങ്ങുവർഗ്ഗവിളകളാണ്.

ഒരു കാലത്ത്, "പാവപ്പെട്ടവരുടെ ഭക്ഷണമായി" പിന്തള്ളിയിരുന്ന കിഴങ്ങുവർഗ്ഗവിളകൾക്ക് ഇന്ന് ആഗോളതലത്തിൽതന്നെ വി.ഐ.പി. പരിഗണനയാണുള്ളത്.

കിഴങ്ങുവർഗ്ഗ വിളകൾ, അന്നജം, ധാതുലവണങ്ങൾ, ജീവകങ്ങൾ എന്നിവയുടെ മുഖ്യസ്രോതസ്സുകളാണ്. ആരോഗ്യത്തിന്റെ കാവലാളുകളായി കരുതിവരുന്ന ന്യൂട്രാസ്യൂട്ടിക്കലുകളുടെ വമ്പൻ സ്രോതസ്സാണ് "കിഴങ്ങുവിളകൾ" എന്ന് ഗവേഷണപഠനം തെളിയിച്ചു കഴിഞ്ഞു. മിക്ക കിഴങ്ങുവർഗ്ഗങ്ങളിലും അടങ്ങിയിട്ടുള്ള ഫീനോൾ, ഫ്ളാവനോയിഡുകൾ, ആന്റീ ഓക്സിഡന്റുകൾ എന്നിവ ആരോഗ്യരക്ഷകരാണ്. ഇവയിലടങ്ങിയ നാരിന്റെയംശം ശരീരത്തിലെ കൊളസ്ട്രോൾ കുറച്ച് ദഹനവ്യവസ്ഥയെ ശക്തിപ്പെടുത്തി. കോളകൾ അർബുദബാധ, ഹൃദ്രോഹം, പ്രമേഹം, അമിതവണ്ണം എന്നിവയെ തടയാൻ സഹായിക്കുന്നു.

നമ്മുടെ നാട്ടിൽ പ്രധാനമായി ഉഷ്ണമേഖല കിഴങ്ങുവിളകളാണു കൃഷിയിറക്കിവരുന്നത്. വരൾച്ചയും, കാലാവസ്ഥാ വ്യതിയാനവും കാര്യമായി ബാധിക്കാതെ തന്നെ, ഏതു തരം മണ്ണിലും നല്ല വിളവുതരുമെന്നതാണ് കിഴങ്ങുവിളകളുടെ പ്രത്യേകത.

കേരളത്തിലെ മണ്ണും, കാലാവസ്ഥയും കിഴങ്ങുവിളകളുടെ കൃഷിക്ക് ഏറ്റവും യോജിച്ചതാണ്. തനിവിളകൾ എന്നതിനുപുറമെ, തെങ്ങ്, വാഴ എന്നിവയ്ക്കിടയിലുള്ള "ഇടവിളയായും, സഹവിളയായും" കിഴങ്ങുവിളകൾ നടാവുന്നതാണ്. നല്ലതരം നടീൽ വസ്തുക്കൾ, തിരുവനന്തപുരം ശ്രീകാര്യത്തുള്ള കേന്ദ്ര കിഴങ്ങുവർഗ്ഗവിളഗവേഷണ സ്ഥാപനം, കേരള കാർഷിക സർവ്വകലാശാല എന്നിവിടങ്ങളിൽ ഉരുത്തിരിച്ചെടുത്തിട്ടുണ്ട്. കേരളത്തിലെ വീട്ടുവളപ്പുകളിൽ പച്ചക്കറികൾ പോലെതന്നെ കിഴങ്ങുകളും ജൈവരീതിയിൽ കൃഷി ചെയ്യാവുന്നതാണ്. ജൈവകൃഷിയോട് നന്നായി പ്രതികരിക്കുന്നതിനാൽ മണൽ കലർന്ന പശിമരാശി മണ്ണാണിതിന്റെ കൃഷിക്കു യോജിച്ചത്. മറ്റു വിളകളെ അപേക്ഷിച്ച് രോഗകീടശല്യങ്ങൾ താരതമ്യേന കുറവായതിനാൽ കീടരോഗനാശിനി പ്രയോഗം കുറച്ചുമതിയെന്ന ഗുണവുമുണ്ട്. വേനലിന്റെയാരംഭത്തിൽ തുടങ്ങി മഴക്കാലം തുടങ്ങുന്നതുവരെയുള്ള ഏപ്രിൽ-മെയ് മാസത്തിൽ മരച്ചീനിയടക്കമുള്ളവ കൃഷി ചെയ്യാം. "കുംഭച്ചേന കുടത്തോളം" എന്ന



പഴമൊഴി സൂചിപ്പിക്കുന്നത് ചേനയുടെ കുംഭമാസത്തിലെ, അതായത് ഫെബ്രുവരിയിലെ കൃഷിയാണ്.

മരച്ചീനി, പട്ടിണി മാറ്റിയ കിഴങ്ങുവിളയെന്നതിനുപരിയായി, വ്യാവസായിക ഗുണമുള്ള വിളയാണ്. നനസൗകര്യം ഉള്ള സ്ഥലങ്ങളിൽ എല്ലാ മാസത്തിലും മരച്ചീനി നടാം. മൂപ്പെത്തിയതും, 2-3 സെന്റീമീറ്റർ വ്യാസമുള്ളതുമായ കമ്പാണ് നടാൻ നല്ലത്. മരച്ചീനി വിളവെടുത്തശേഷം 2 ആഴ്ചയ്ക്കകം നട്ടാൽ കമ്പ് നന്നായി മുളച്ചു കിട്ടും. വലിയ മരച്ചീനി കമ്പുകളെ കെട്ടുകളാക്കി കുത്തനെ തണലിൽ നിർത്തിയാൽ 2 മാസത്തോളം സൂക്ഷിക്കാം. നടുന്നതിനുള്ള മരച്ചീനി കമ്പുകൾക്ക് 15 മുതൽ 20 സെ.മീ. നീളമുണ്ടായിരിക്കണം. നല്ല മൂർച്ചയുള്ള കത്തിയുപയോഗിച്ച് കമ്പുകൾ ചതയാതെ മുറിക്കണം.

ശിഖരങ്ങൾ ഉണ്ടാവുന്ന ഇനങ്ങൾ 1 ഹെക്ടറിൽ (21/2 ഏക്കർ) നടുമ്പോൾ വരികൾ തമ്മിലും, ചെടികൾ തമ്മിലും 90 സെന്റീമീറ്റർ അകലം നൽകണം. ഇങ്ങനെ 1 ഹെക്ടറിൽ നടാനായി 12345 മുതൽ 12.500 വരെ കമ്പു കഷ്ണങ്ങൾ വേണം. ശിഖരങ്ങൾ ഇല്ലാത്ത മരച്ചീനിയിനങ്ങൾ 75 സെന്റീമീറ്റർ വരെയകലവും ഇടയാകലവും നൽകി നട്ടാൽ മതി. ശിഖരമില്ലാത്ത മരച്ചീനി 1 ഹെക്ടറിൽ നടുന്നതിന് 17,700 കമ്പുകഷണങ്ങൾ ആവശ്യമാണ്.

കേന്ദ്രകിഴങ്ങുവർഗ്ഗവിള ഗവേഷണ കേന്ദ്രത്തിൽ മരച്ചീനി, ചേന, കാച്ചിൽ എന്നിവയിൽ "മിനിസെറ്റ് രീതി" വഴി തൈകൾ വളർത്താനുള്ള വിദ്യയും വികസിപ്പിച്ചിട്ടുണ്ട്. ചില മികച്ച മരച്ചീനിയിനങ്ങളാണ് ശ്രീജയ, ശ്രീവിജയ, ശ്രീപ്രകാശ്, ശ്രീവിശാഖ്, ശ്രീരേഖ, ശ്രീപ്രഭ എന്നിവ. ശ്രീവിജയയുടെ കിഴങ്ങിന് കരോട്ടീന്റെ മഞ്ഞനിറമാണ്. ശ്രീവിശാഖ്, എം-4 എന്നയിനത്തിനെപ്പോലെ തെങ്ങിനിടയിൽ കൃഷിയിറക്കാം.

മരച്ചീനിയിലെ മൊസേക്ക് രോഗത്തിനെ പ്രതിരോധിക്കുന്നയിനമാണ് 'ശ്രീപത്മനാഭ, ശ്രീ അതുല്യ, ശ്രീ അപൂർവ്വ എന്നിവയും മികച്ച സങ്കരയിനങ്ങളാണ്. വേറെ ചില മരച്ചീനിയിനങ്ങളാണ് ശ്രീ സഹ്യ, ശ്രീഹർഷ, നിധി, കൽപ്പക, വെള്ളായണി ഹ്രസ്വ എന്നിവ.

കിഴങ്ങിൽ ചേന, ചേമ്പ്, കാച്ചിൽ, കിഴങ്ങ് എന്നീ വിളകളെ "നടുതലകൾ" എന്നും നാട്ടിൽ പറയുന്നുണ്ട്. ആണ്ടിലൊരിക്കൽ മാത്രം വിളവെടുക്കുന്നതിനാലാണിവ ഇങ്ങനെയറിയപ്പെടുന്നത്. കിഴങ്ങുവിളയിൽ മുഖ്യനും, ഔഷധിയുമാണ് ചേന. കാട്ടുചേന, മഹാഔഷധിയാണ്. പ്രത്യേകിച്ചും മൂലക്കുരുവിന് മികച്ച മരുന്നാണ് കാട്ടുചേന. എന്നാൽ ഇത് ചൊറിച്ചിലധികമുള്ളതിനാൽ പ്രത്യേക രീതിയിൽ സംസ്ക്കരിച്ചാണുപയോഗിക്കുന്നത്. വെന്തു കഴിഞ്ഞാൽ വെണ്ണപ്പോലിരിക്കുന്ന "നെയ്ച്ചേന"യും പ്രചാരത്തിലുണ്ട്. കുംഭമാസത്തിൽ അതായത് ഫെബ്രുവരിയിലെ വെളുത്ത പക്ഷത്തിന്റെ ആദ്യദിവസം ചേന നട്ടാൽ പൂർണ്ണചന്ദ്രനെപ്പോലെ വളർന്നുവരുമെന്നാണ് വിശ്വാസം.

തുലാവർഷത്തിനുശേഷം നന്നായി കിളച്ചിട്ട പറമ്പുകളിൽ കുംഭത്തിൽ ചേന നടാനുള്ള കുഴികളെടുക്കണം. 60 സെന്റീമീറ്റർ സമചതുരത്തിൽ 45 സെന്റീമീറ്റർ താഴ്ചയുണ്ടായിരിക്കണം. 90 സെന്റീമീറ്റർ വരിയകലവും 90 സെന്റീമീറ്റർ ഇടയകലവും നൽകി ചേന നട്ടാൽ 12345 ചെടികൾ വരെ 1 ഹെക്ടറിൽ നടാം. 1 സെന്റിൽ 50 ചെടികൾവരെയാവാം. ശ്രീ പത്മ, ശ്രീ ആതിര, ഗജേന്ദ്ര എന്നിവ മികച്ച ചേനയിനങ്ങളാണ്. സാധാരണയായി, ചേന

(ശേഷം 22-ാം പേജിൽ)

മൂക്കന്നൂർ ഗ്രാമപഞ്ചായത്തിന് ഐ.എസ്.ഒ. അംഗീകാരം

ഐഎസ്.ഒ. അംഗീകാരം ലഭിച്ച ജില്ലയിലെ രണ്ടാമത്തെ പഞ്ചായത്താണ് മൂക്കന്നൂർ. 28/05/2015 പഞ്ചായത്ത്പരിസരത്ത് കൂടിയ പൊതുയോഗത്തിൽ വച്ച് ഔദ്യോഗിക പ്രഖ്യാപനം അങ്കമാലി എം.എൽ.എ അഡ്വ.ജോസ് തെറ്റയിൽ നിർവഹിച്ചു. കൂടാതെ പഞ്ചായത്ത് സ്വരൂപിച്ച ദുരിതാശ്വാസനിധിയുടെ വിതരണോത്ഘാടനം ചാലക്കുടി എം.പി. ഇന്നസെന്റ് നടത്തി. ആശ്രയഭവനപദ്ധതിയിൽ മൂന്ന് കുടുംബങ്ങൾക്ക് ജില്ലാമിഷന്റെ കീഴിയിലുള്ള കുടുംബശ്രീ കൺസ്ട്രക്ഷൻ ടീമിനെ ഉപയോഗിച്ച് രണ്ടര ലക്ഷം രൂപ വീതം ചെലവഴിച്ച് നിർമ്മിച്ചു നൽകിയ ഭവനത്തിന്റെ താക്കോൽ ദാനം ബഹുമാനപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടിഡയറക്ടർ കെ. അർജ്ജുനൻ നിർവ്വഹിച്ചു.

എറണാകുളം ജില്ലയുടെ വടക്കേ അറ്റത്തുള്ള ഒരു മലയോരഗ്രാമീണ മേഖലയാണ് മൂക്കന്നൂർ ഗ്രാമപഞ്ചായത്ത്. കാർഷിക വൃത്തിക്കൊണ്ട് ഉപജീവനം കഴിച്ചിരുന്ന ഗ്രാമവാസികൾ പിന്നീട് വിദ്യാഭ്യാസത്തിന്റെ പടവുകൾ താണ്ടി സ്വദേശത്തും വിദേശത്തും പലവിധ തൊഴിലുകൾ സ്വീകരിച്ചു.1969 ൽ രൂപീകൃതമായ ഈ പഞ്ചായത്തിൽ ഇന്ന് 5500 അധികം വീടുകളും 20000 ൽ അധികം ജനങ്ങളും നിവസിക്കുന്നു.

വികസനത്തിന്റെ പാതയിൽ മൂക്കന്നൂർ ഗ്രാമപഞ്ചായത്ത് ഇന്ന് മുൻപന്തിയിലാണ്.പഞ്ചായത്ത് പ്രദേശത്തെ മുഴുവൻ റോഡുകളും ടാറിംഗ് ചെയ്തിട്ടുണ്ട്. എല്ലാ വാർഡുകളിലും കുടിവെള്ളം, വൈദ്യുതി എന്നിവ എത്തിച്ചിട്ടുണ്ട്.കോളനികളിലും പട്ടികജാതി പട്ടികവർക്ഷ സങ്കേതങ്ങളിലും എല്ലാവിധ അടിസ്ഥാനസൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. പിന്നോക്ക മേഖലകളെ പ്രത്യേകം പരിഗണിച്ചുക്കൊണ്ടാണ് ഓരോ വർഷവും പദ്ധതികൾ തയ്യാറാക്കുന്നത്.

വിട്ടു കിട്ടിയിട്ടുള്ള സ്ഥാപനങ്ങളുടെ ഭൗതീക സൗകര്യങ്ങളും പ്രവർത്തന ഗുണനിലവാരവും ഉയർത്തുന്നതിനുള്ള നടപടികളും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുണ്ട്.പട്ടികജാതിക്കാർക്കായി ഇന്റർനെറ്റ് സൗകര്യത്തോടുകൂടിയ ലൈബ്രറി അടങ്ങുന്ന ഒരു വിജ്ഞാൻവാടി നിർമ്മിച്ചു നൽകിയിട്ടുണ്ട്. പൊതുശ്മശാനം സ്ഥാപിക്കുന്നതിനുള്ള അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കികഴിഞ്ഞു. 19 അംഗൻവാടികളിൽ 11 എണ്ണത്തിന് സ്വന്തമായി സ്ഥലം വാങ്ങി കെട്ടിടം നിർമ്മിച്ചു കഴിഞ്ഞു.പഞ്ചായത്ത് ഓണ്ടീസ് കെട്ടിടം 7000 സ്ക്വർണ്ടീറ്റിലാണ് നിർമ്മിച്ചിട്ടുള്ളത്. 2 കോൺണ്ടറൻസ് ഹാൾ ഉൾപ്പെടെ ജനപ്രതിനിധികൾക്കും ജീവനക്കാർക്കും പ്രത്യേകം പ്രത്യേകം ഇരിപ്പിടങ്ങൾ, പൊതുജനങ്ങൾക്ക് വേണ്ടതായ സൗകര്യങ്ങൾ എന്നിവ എടുത്തുപറയേണ്ട സംവിധാനമാണ്.

ഫ്രണ്ട് ഓണ്ടീസ് മാനേജ്മെന്റി ന് വേണ്ടി പൊതുജനങ്ങൾക്കും ജീ വനക്കാർക്കും നിർദ്ദേശിച്ചിരിക്കുന്ന എല്ലാ സൗകര്യങ്ങളും ഏർപ്പെടു ത്തിയിട്ടുണ്ട്. ജനന-മരണ-വിവാഹ രജിസ്ട്രേഷൻ സർട്ടിണ്ടിക്കറ്റ് ലോ കത്തിന്റെ ഏതുകോണിൽ ഇരുന്നും ലഭ്യമാക്കാവുന്നതാണ്.

റെക്കോഡ് റൂം സെറ്റ് ചെയ്തി രിക്കുന്നത് 600 ച.മീ. സ്ഥലത്താണ്.3 മിനിറ്റിനുള്ളിൽ പഴയ ഫയലുകൾ ലഭ്യമാക്കാൻ കഴിയും. 9 സോണ്ട് റ്റ്വെയറുകൾ ഓണ്ടീസ് പ്രവർത്ത നങ്ങൾക്കായി സ്ഥാപിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്കായി പ്രത്യേകം ഇരിപ്പിടങ്ങൾ,ടോയ്‌ലറ്റ്, കുഞ്ഞു ങ്ങളുമായി വരുന്ന അമ്മമാർക്ക് ബേബി ഫീഡിംഗ് റൂം, കുടിവെള്ള സംവിധാനങ്ങൾ എന്നിവയും സജ്ജ മാക്കിയിട്ടുണ്ട്.

കുടുംബശ്രീയ്ക്ക് പ്രത്യേകം ഓണ്ടീസ്, മീറ്റിംഗ്ഹാൾ, ഫാർമേ ഴ്സ് ഫെസിലിറ്റിസെന്റർ , കാർ ഷിക ഉപകരണങ്ങൾ എന്നിവയും പഞ്ചായത്ത് കെട്ടിടത്തിൽ തന്നെ സജ്ജീകരിച്ചിട്ടുണ്ട്.കുടുംബശ്രീ മാസചന്ത നടത്തുന്നതിനുള്ള സം വിധാനവും ഓണ്ടീസ് കോംബൗ ണ്ടിൽ തന്നെ ഏർപ്പെടുത്തിയിട്ടുണ്ട്. 113 ആശ്രയകുടുംബങ്ങളാണ് ഈ പഞ്ചായത്തിൽ ഉള്ളത്. അവർക്ക് എല്ലാ മാസവും ഭക്ഷണ സാധ നങ്ങൾ, മരുന്ന് എന്നിവ നൽകി വരുന്നു. കൂടാതെ ഓണം, വിഷു, ക്രിസ്തുമസ് തുടങ്ങിയ വിശേഷാ വസരങ്ങളിൽ പ്രത്യേകം കിറ്റുകളും വസ്ത്രങ്ങളും വിതരണം ചെയ്യാ റുണ്ട്. ആശ്രയകുടുംബങ്ങൾക്ക് പ്രത്യേക ഭവനപദ്ധതി , വീട് മെയ് ന്റെനൻസ്, കുടിവെള്ളകണക്ഷൻ, വൈദ്യുതികണക്ഷൻ എന്നിവ ചെയ് തുകൊടുക്കുന്നു.കുടുംബശ്രീയിൽ ഉൾപ്പെട്ട ക്യാൻസർ,കിഡ്നി രോഗി കൾക്ക് പ്രത്യേക ചികിത്സസഹായം കുടുംബശ്രീ അംഗങ്ങളിൽനിന്ന് പിരിച്ചെടുത്ത് നൽകുന്നു. ജീവകാ രുണ്യപ്രവർത്തനങ്ങൾക്കും സ്ത്രീ ശാക്തീകരണത്തിനും മുൻതൂക്കം നൽകുന്ന ഒരു കുടുംബശ്രീ ആണ് മൂക്കന്നൂർ പഞ്ചായത്തിലുള്ളത്.

കഴിഞ്ഞ ഒരുവർഷക്കാലമായി ഐ എസ് ഒ ലഭിക്കുന്നതിനുവേണ്ടി ജനപ്രതിനിധികളും ജീവനക്കാരും കൃത്യനിഷ്ഠമായും സമയബന്ധിത മായും പ്രവർത്തിക്കുകയും ആയതു വിലയിരുത്തുന്നതിന് എല്ലാ മാസ വും യോഗങ്ങൾ ചേരുകയും മോണി റ്ററിംഗ് നടത്തുകയും ചെയ്തിരുന്നു.

ഭരണസമിതിയുടേയും ഉദ്യോ ഗസ്ഥരുടേയും കൂട്ടായ പ്രവർത്തനം മൂലമാണ് ഐ.എസ്. ഒ. സർട്ടിണ്ടി ക്കറ്റ് നേടാൻ ഗ്രാമപഞ്ചായത്തിന് സാധിച്ചത് Quality Management System Pvt Ltd , Ernakulam എന്ന സ്ഥാപനത്തിന്റെ കൺസൾട്ടൻസി യിൽ Integrated Quality CertiRcation Pvt. Ltd. Bangaluru എന്ന സ്ഥാപ നമാണ് ഐ.എസ്.ഒ-ക്ക് ശുപാർശ ചെയ്തത്.

വിജിലൻസ് കേരള പരിപാടി യുടെ ഭാഗമായി അഴിമതിരഹിത പഞ്ചായത്തുകളുടെ പട്ടികയിലും മൂക്കന്നൂർ ഗ്രാമപഞ്ചായത്തിന് ഇടം നേടാൻ കഴിഞ്ഞു.

ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.വി. മോഹനൻ, വൈസ് പ്രസി ഡന്റ് ശാന്ത ആന്റണി, സെക്രട്ട റി കെ.വി. ജോണി, മുൻ പ്രസി ഡന്റ് ബിജു പാലാട്ടി എന്നിവരാണ് ഐ.എസ്.ഒ. പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത്

(19-ാം പേജിൽ നിന്നും തുടർച്ച)

കൃഷിയാരംഭിക്കുന്നത് ഫെബ്രുവരിയിലാണെങ്കിലും എറണാകുളം ജില്ലയിലെ കുന്നുകര ഗ്രാമപഞ്ചായത്തിലെ പെരിയാർ നദീതീരത്തുള്ള മാഞ്ഞാലി ഗ്രാമത്തിൽ മെയ്-ജൂണിൽ ചേനയ്ക്കു വില കിട്ടുന്ന വിധത്തിൽ വിപണിയിലെത്തിക്കാനായി ഡിസംബറിൽ ചേന വിത്ത് നട്ടുവരുന്നു. ഇതിന് "മാഞ്ഞാലിച്ചേന" എന്നാണ് പറഞ്ഞുവരുന്നത്. വയനാട്ടിൽ നിന്നും വരുന്ന ചൊറിച്ചിലില്ലാത്ത ചെറിയ നാടൻ ചേന വിത്താണ് മാഞ്ഞാലിയിൽ കൃഷിയിറക്കി വരുന്നത്. ശ്രീപത്മ ചേനയിനത്തിന് 1 ഹെക്ടറിൽ 42 ടൺ വിളവ് തരാൻ ശേഷിയുണ്ട്. മാഞ്ഞാലി, ചേന കൃഷിയിൽ 2 വരികൾ തമ്മിൽ 1 മീറ്ററും, ഒരേ വരിയിലെ 2 ചേനകൾ തമ്മിലുള്ള അകലം 1 മീറ്ററുമാണ്. 1 മീറ്റർ അകലത്തിൽ ഒരടി വീതം നീളം, വീതി ആഴമുള്ള കുഴിയിൽ 300 ഗ്രാം എല്ലുപൊടി മൂന്നുനാലുകിലോ ചാണകപ്പൊടി അല്ലെങ്കിൽ കമ്പോസ്റ്റ്, 11/2 കിലോഗ്രാം കോഴിവളം എന്നിവ മണ്ണിൽ ചേർത്തിളക്കണം.

അടിവളമിട്ട കുഴികൾ നനച്ചിട്ടു 1 ആഴ്ചയ്ക്കുശേഷം ജനുവരി പകുതിയോടെതന്നെ ചേന വിത്തുകൾ നടണം. തണലുള്ള സ്ഥലത്താണെങ്കിൽ, നടീൽകാലം കൂട്ടാൻ ശ്രദ്ധിക്കണം. വേരുണ്ടായതിനുശേഷമാണ് തടം നനയ്ക്കുന്നത്. നട്ട് 1 മാസത്തിനുശേഷം ഫാക്ടംഫോസ്, മൂടൊന്നിന് 125 ഗ്രാം, പൊട്ടാഷ് 100 ഗ്രാം എന്നിവ ചാണകപ്പൊടിയുടെ കൂടെ ചേർത്തു നൽകണം. കളനീക്കി പുതയിടണം. രണ്ടാംമാസം മേൽവളം ചെയ്യണം. ചുവട് ഒന്നിന് 100 ഗ്രാം യൂറിയ, 100 ഗ്രാം പൊട്ടാഷും ചേർക്കണം. വിത്തിനായി, സാധാരണ നടുന്ന ചേനയ്ക്ക് 1/2 കിലോഗ്രാം തൂക്കമുണ്ടായിരിക്കണം. ചേനയുടെ വിത്ത് നടുന്നതിനുമുമ്പായി കുഴിയിൽ ചപ്പിട്ട്, ചുട്ടുകരിക്കുന്നതാണ് നല്ലത്. കുഴിയൊന്നിന് 21/2 കിലോഗ്രാം ചാണകപ്പൊടി മേൽമണ്ണുമായി ചേർത്തിട്ടിളക്കിയതിനുശേഷമാണ് കിഴങ്ങ് നടേണ്ടത്. മുൻ വിളയിൽ നിന്നും ലഭിച്ച വിത്തുചേനയുടെ മുളകുത്തിക്കളഞ്ഞശേഷം ഒരാഴ്ചയോളം തണലത്തുണക്കിയെടുക്കണം. വലിയ കുഴിയുടെ നടുക്കായി ചെറിയ "പിള്ളക്കുഴി" ഉണ്ടാക്കിയതിലാണ് ചേന നടേണ്ടത്. ചേന നട്ടതിനുശേഷം കുഴിയിൽ ചപ്പിലയിട്ട് പുതയിടണം. മീനം-മേട മാസങ്ങളിലെ കഠിന ചൂടിൽനിന്ന് ചേനയെ രക്ഷിക്കാൻ പുതയിടണം. പുതുമഴ വന്നാൽ പിന്നെ വരൾച്ച പ്രശ്നവുമല്ല. ചേനയില, ചേനത്തണ്ട്, ചേനപ്പൂവ്, ഇവയെല്ലാം ഭക്ഷ്യയോഗ്യമാണ്. കാച്ചിൽ വർഗ്ഗ വിളകൾ മാർച്ച്-ഏപ്രിലിലാണ് നടേണ്ടത്. നടാനുള്ള സ്ഥലം, നേരത്തെ തന്നെ ശരിയാക്കിയിടണം.

തെക്കൻ പ്രദേശങ്ങളിൽ വൻ കാച്ചിൽ എന്നറിയപ്പെടുന്നത്, വടക്കൻ പ്രദേശത്ത് കാവിത്താണ്. കാച്ചിൽ പുഴുക്ക്, തിരുവാതിരയിലെ പ്രധാന വിഭവമാണ്. കാച്ചിൽ സ്ഥിരമായി കഴിക്കുന്നതിലൂടെ കാൻസർ രോഗബാധ തടയാൻ പറ്റും. കാച്ചിലിൽ അന്നജം, ജീവകങ്ങൾ, ധാതുലവണങ്ങൾ എന്നിവ നിറച്ചടങ്ങിയിട്ടുണ്ട്. നാടൻ കാച്ചിലിനെ വൻ കാച്ചിൽ, കാവിത്ത് എന്നും പറയുന്നു. ഡയോസ്ക്കോറിയ അലേറ്റ എന്നാണിതിന്റെ സസ്യശാസ്ത്രപേര്. ചെറിയ കാച്ചിലിനെ ചെറുക്കിഴങ്ങ്, തൊപ്പക്കിഴങ്ങ്, നനക്കിഴങ്ങ്, മുക്കിഴങ്ങ് എന്നു പറയും. ഡയോസ്ക്കോറിയ യെസ്ക്കുലന്റ എന്നാണിതിന്റെ ശാസ്ത്രനാമം. ആഫ്രിക്കൻ കാച്ചിൽ അടതാപ്പ് എന്നറിയപ്പെടുന്ന "പൊട്ടറ്റോ യാം" എന്നിവയും പ്രചാരത്തിലുണ്ട്. നാടൻ കാച്ചിലിന്റെ ഇനങ്ങൾ നിരവധിയുണ്ട്. നീലകാച്ചിൽ, കുടക്കാച്ചിൽ, ഉണ്ടക്കാച്ചിൽ, എലിവാലൻ കാച്ചിൽ എന്നിവയും പ്രചാരത്തിലുണ്ട്.

തിരുവനന്തപുരത്തെ C.T.C.R.I പുറത്തിറക്കിയ ശ്രീകീർത്തി, ശ്രീരൂപ, ശ്രീകാർത്തിക, ആദ്യത്തെ സങ്കരയിനമായ ശ്രീശിൽപ്പ, ചെറുകിഴങ്ങിലെ ശ്രീലത, ശ്രീകല, ആഫ്രിക്കൻ കാച്ചിൽ അഥവാ വെള്ളക്കാച്ചിലിലെ ശ്രീപ്രിയ, ശ്രീശുഭ്ര, ആഫ്രിക്കൻ കാച്ചിലിലെ കുറ്റിയിനമായ ശ്രീധന്യ എന്നിവയെല്ലാം കേരളത്തിൽ കൃഷിയിറക്കാൻ നല്ലതാണ്. കാച്ചിൽ നടുന്നതിനും നല്ല നടീൽ വസ്തു ആവശ്യമാണ്. 250 ഗ്രാം തൂക്കമുള്ള വിത്ത് നടണം. 8-9 മാസത്തെ വളർച്ചയിൽ തന്നെ നല്ല വിളവു കിട്ടും. മൂപ്പു കുറഞ്ഞയിനങ്ങൾ നേരത്തെ വിളവെടുക്കാം.

ചേമ്പിനെ പച്ചക്കറിയായും കിഴങ്ങുവിളയായും ഉപയോഗിച്ചുവരുന്നുണ്ട്. നമ്മുടെ നാട്ടിൽ നാടൻ ചേമ്പിനങ്ങളായ താമരക്കണ്ണൻ, കുടച്ചേമ്പ്, കറുത്ത ചേമ്പ്, വയൽ ചേമ്പ്, വെളുത്തക്കണ്ണൻ എന്നിവയ്ക്ക് നല്ല പ്രിയമാണ്. ശ്രീകാര്യത്തെ കേന്ദ്രകിഴങ്ങുവർഗ്ഗവിള ഗവേഷണ സ്ഥാപനത്തിൽ നിന്നിറക്കിയ മികച്ച ചേമ്പിനങ്ങളാണ് ശ്രീരശ്മി, ശ്രീപല്ലവി, മുക്തകേശി എന്നിവ. "ശ്രീരശ്മി" ചേമ്പിന്റെ ഇലയും തണ്ടും, തള്ളച്ചേമ്പും ഭക്ഷ്യയോഗ്യമാണ് ശ്രീരശ്മിയുടെ വയലറ്റുകലർന്ന പച്ചത്തണ്ട് രുചികരമാണ്.

ഇന്ത്യയിലെ തന്നെ ആദ്യത്തെ സങ്കരയിനം ചേമ്പാണ് "ശ്രീകിരൺ" 1 ഹെക്ടറിൽ നിന്ന് 28 ടൺ വിളവ് ലഭിക്കും. ഔഷധ കാച്ചിലിൽ ബാംഗളൂരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടികൾച്ചർ റിസർച്ചിൽ ഗവേഷണപഠനം നടത്തിവരുന്നുണ്ട്.

മധുരക്കിഴങ്ങിന്റെ കൃഷിയും, ചേമ്പും ഒന്നിച്ച് പാടത്ത് കൃഷിയിറക്കിവരുന്നുണ്ട്. ഏപ്രിൽ-മെയ് മാസത്തിൽ പാൽ ചേമ്പ്, ശീമച്ചേമ്പ്, ചെറുകിഴങ്ങ് എന്നിവ നടാം. പാൽച്ചേമ്പിന്റെ 80 ഗ്രാം തൂക്കം വരുന്ന വിത്ത് ശീമച്ചേമ്പിന്റെ 25 ഗ്രാം തൂക്കം വരുന്ന വിത്ത്, ചെറുകിഴങ്ങിന്റെ 100 ഗ്രാം തൂക്കം വരുന്ന വിത്ത് എന്നിവ നടാനെടുക്കണം.

മധുരക്കിഴങ്ങിൽ ജീവകം എ സമ്പുഷ്ടമാണ്. ഹ്രസ്വകാലവിളയായ മധുരക്കിഴങ്ങിനെ ജനുവരി, ജൂൺ, സെപ്തംബർ മാസങ്ങളിലെല്ലാം നടാം. നനസൗകര്യം ഉണ്ടെങ്കിൽ മികച്ച വിളവുറപ്പാക്കാം. ശ്രീനന്ദിനി, ശ്രീവർദ്ധിനി, ശ്രീരത്ന, ശ്രീ കനക എന്നിവ മികച്ച മധുരക്കിഴങ്ങിനങ്ങളാണ്. ഇതിൽ, ശ്രീഭദ്ര, ശ്രീവർദ്ധിനി, ശ്രീകനക എന്നിവ അധികം പടരാത്തയിനങ്ങളാണ്. വയലിൽ നന നൽകി ജനുവരി-ഫെബ്രുവരിയിലും; മഴയെ ആശ്രയിച്ച് ജൂൺ-ജൂലൈയിലും, നന നൽകി പറമ്പുകളിൽ ഒക്ടോബർ-നവംബറിലുമാണ് മധുരക്കിഴങ്ങ് നടുന്നത്. ഭദ്രകാളി ചുവല, കാഞ്ഞങ്ങാട് ലോക്കൽ എന്നിവ നാടൻ മധുരക്കിഴങ്ങിനങ്ങളാണ്.

നടാനായി ഞാറ്റടിയിൽ തയ്യാറാക്കിയ വള്ളികളാണു ഉപയോഗിക്കുന്നത്. 1 ഹെക്ടർ സ്ഥലത്ത് നടാൻ വള്ളികൾ ലഭിക്കാൻ, 100 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള പ്രാഥമിക നഴ്സറിയാവശ്യമാണ്. 60 സെന്റീമീറ്റർ അകലത്തിൽ പാരങ്ങൾ തീർത്ത് അതിൽ 125 ഗ്രാം മുതൽ 150 ഗ്രാം വരെ തൂക്കം വരുന്ന 100 കിലോ കിഴങ്ങുകൾ 25 സെന്റീമീറ്റർ അകലത്തിൽ നടണം. നട്ട് 2 ആഴ്ച്ച കഴിഞ്ഞ് 1/2 കിലോ യൂറിയ ചേർക്കണം. നനയും മുടങ്ങാൻ പാടില്ല. 40-45 ദിവസമായാൽ, വള്ളികൾ 20-30 സെന്റീമീറ്റർ നീളത്തിൽ മുറിച്ചെടുത്ത് രണ്ടാം നഴ്സറിയിൽ നടണം. രണ്ടാം നഴ്സറിയിൽ വളർത്തിയ ശേഷമാണ് വള്ളി നടാൻ എടുക്കുന്നത്.

കൂർക്കയാണ് കേരളത്തിലെ മറ്റൊരു പ്രധാന കിഴങ്ങുവിള. "ചൈനക്കാരുടെ ഉരുളക്കിഴങ്ങ്" എന്നുപറയുന്ന കൂർക്കയുടെ കൃഷി പ്രധാനമായും തൃശൂർ ജില്ലയിലെ വരവൂർ, വേലൂർ, മുണ്ടത്തിക്കോട്, തെക്കുംകര, എരുമപ്പെട്ടി, വടക്കാഞ്ചേരി, മുള്ളൂർക്കര, ചേലക്കര എന്നിവിടങ്ങളിലും പാലക്കാട്ടെ മുണ്ടൂർ, തോങ്ങാട് പ്രദേശങ്ങളിലും, മലപ്പുറം, കോഴിക്കോട് ജില്ലകളിലുമാണുള്ളത്. തെക്കൻ ജില്ലകളിലും കൂർക്ക കൃഷി പ്രചാരം നേടിയിട്ടുണ്ട്.

നെൽകൃഷിയും കൂർക്കകൃഷിയും മാറിമാറി ചെയ്യുന്ന രീതിയാണ് ഏറെയുമുള്ളത്. എന്നാൽ ചിലയവസരങ്ങളിൽ നെല്ലിനെ മാറ്റി ആദ്യം കൂർക്കയും, പിന്നീട് കൂർക്കയുടെ അവശിഷ്ടം വയലിൽ ഉഴുതിളക്കി നെല്ലു നടുന്ന പ്രവണത കാണുന്നു. കൂർക്ക-അഞ്ചാറ് മാസം കൊണ്ട് വിളവെടുക്കാം. മധ്യകേരളത്തിൽ ഒന്നാംവിള കൂർക്ക, രണ്ടാംവിള നെല്ല്, മൂന്നാം വിള പച്ചക്കറി എന്ന രീതിക്കു പ്രചാരമുണ്ട്.

നല്ല വളക്കൂറും നീർവാർച്ചയുമുള്ള മണൽ കലർന്ന പശിമരാശി മണ്ണിൽ കൂർക്ക നന്നായി വിളവു തരും. ജൂലൈ മുതൽ ഒക്ടോബർ വരെയാണ് കൂർക്കയുടെ പ്രധാന കൃഷി സമയം. നേരത്തെതന്നെ കൂർക്ക കിഴങ്ങ് നഴ്സറിയിൽ പാകി തലപ്പുണ്ടാക്കിയശേഷമാണ് നടേണ്ട



ത്. 1 മാസം മുമ്പ് വിത്ത് കിഴങ്ങ് ഞാറ്റടിയിൽ പാകി തലപ്പുണ്ടാക്കണം. 1 ഹെക്ടറിന് ആവശ്യമായ നടീൽ തലപ്പു കിട്ടാൻ, 200 കിലോഗ്രാം വിത്തുകിഴങ്ങ് 15 സെന്റ് ഞാറ്റടിയുണ്ടാക്കി പാകണം. 150 കിലോഗ്രാം കാലിവളം ചേർത്തിളക്കിയിടണം. 30 സെന്റീമീറ്റർ അകലത്തിൽ വശങ്ങൾ തീർത്ത്, 15 സെന്റീമീറ്റർ അകലം നൽകി, വിത്ത് കിഴങ്ങ് നടണം. നട്ട് നനച്ച് 3 ആഴ്ച്ചയായാൽ 10 സെന്റീമീറ്റർ മുതൽ 15 സെന്റീമീറ്റർ വരെ നീളത്തിൽ തലപ്പാവ് മുറിച്ച് പ്രധാന കൃഷിയിടത്തിൽ നൽകണം. കൂർക്ക പ്രധാന കൃഷിയിടത്തിൽ നടുന്നയവസരത്തിൽ 1 ഹെക്ടറിൽ 10 ടൺ കാലിവളം ചേർക്കണം. അടിവളമായി 65 കിലോഗ്രാം യൂറിയ, 300 കിലോഗ്രാം R posphate, 85 കിലോഗ്രാം Mop എന്നിവയും ചേർക്കണം. 30 സെന്റീമീറ്റർ അകലത്തിൽ 20–25 സെന്റീമീറ്റർ ഉയരത്തിൽ വാരമുണ്ടാക്കി നടണം. ശ്രീധര, നിധി, സുഫല എന്നിവ മികച്ച ചില കൂർക്കയിനങ്ങളാണ്. സുഫല എല്ലാ സമയവും കൃഷിയിറക്കാൻ പറ്റിയയിനമാണ്. കൂർക്ക നടുന്നയവസരത്തിൽ മണ്ണിൽ ഉമി, കണിക്കൊന്നയില, കശുമാവില, അറയ്ക്കാപ്പൊടി, വേപ്പിൻപ്പിണ്ണാക്ക്, ട്രൈക്കോഡെർമ്മ മിശ്രിതം എന്നിവ ചേർത്താൽ നിശാവിര ശല്യം വരില്ല.

വേറെയൊരു കിഴങ്ങുവിളയാണ് കൂവ അഥവാ "ആരോറൂട്ട്". സാധാരണയായി തിരുവാതിര ദിവസം കൂവപ്പൊടി പായസം പ്രധാന വിഭവമാണ്. കൂവപ്പൊടി അതിസാരം നിയന്ത്രിക്കാൻ നല്ലതാണ്. 4 സെന്റീമീറ്റർ നീളത്തിൽ 2 മുതൽ 4 മുകുളങ്ങൾ വരെയുള്ള ഉദ്ദേശം 20–25 ഗ്രാം തൂക്കംവരുന്ന കിഴങ്ങുകഷണങ്ങളാണ് നടാൻ നല്ലത്. 30 സെന്റീമീറ്റർ അകലത്തിലെടുത്ത വരിയിൽ 15 സെന്റീമീറ്റർ അകലത്തിൽ കിഴങ്ങു നടണം. 1 ഹെക്ടർ സ്ഥലത്ത് നടാനായി 4–5 ടൺ വിത്തുകിഴങ്ങാവശ്യമാണ്. കൂവയിൽ നാടനിനങ്ങൾ മാത്രമേ പ്രചാരത്തിലുള്ളൂ. കിഴങ്ങുവിളകളിൽ ഏറെ പ്രചാരം നേടാത്തവയാണ് യാംബീൻ, മധുരത്തവ എന്നിവ. ഇവയുടെ കൃഷിയും വീട്ടുപറമ്പിൽ ചെയ്യാൻ പറ്റും. കിഴങ്ങുവിളകൾക്ക് സംയോജിതമായ വളപ്രയോഗരീതിയാണ് ഏറ്റവും നല്ലത്. മണ്ണുപരിശോധന നടത്തി, വ്യത്യസ്ത പോഷകഘടകങ്ങൾ മണ്ണിൽ ചേർക്കുന്നതിന് ശ്രമമാവശ്യമാണ്. ഇരുമ്പ്, ബോറോൺ, കാൽസ്യം, സിങ്ക് എന്നിവയുടെ അഭാവവും ശരിയാക്കാൻ കർഷകർ ശ്രദ്ധിക്കണം. കിഴങ്ങുവിളകളിലെ രോഗകീട നിയന്ത്രണം യഥാസമയത്തുതന്നെ ശ്രദ്ധിച്ച് ചെയ്യണം. മരച്ചീനിയിലെ മീലിമൂട്ട, വെള്ളീച്ച, ചേനയിലെ മീലിമൂട്ട, ചിലതരം വണ്ടുകൾ, മധുരക്കിഴങ്ങിലെ വണ്ട് ശല്യം, കൂർക്കയിലെ നിരാവിരശല്യം, മൊസേയ്ക്ക് രോഗം, ചേന-ചേമ്പിലെ മൂഞ്ഞശല്യം, വെളുത്ത പുള്ളി വണ്ട്, കാച്ചിലിലെ ശൽക്കശല്യം, കൂർക്കയിലെ ഇലചുണ്ടിപ്പുഴു ഇവയെ വിദഗ്ദ്ധോപദേശത്തിൽ നിയന്ത്രിക്കണം.

മരച്ചീനിയിലെ മൊസേക്ക് രോഗം വലിയ പ്രശ്നമാണ്. രോഗം വന്ന ചെടിയിൽനിന്ന് കമ്പ് ശേഖരിച്ച് നടാൻ പാടില്ല. രോഗം പരത്തുന്ന വെള്ളീച്ചയെ നിയന്ത്രിക്കാൻ മഞ്ഞൾ**, വേപ്പെണ്ണ, സെർട്ടിലാക്ക് എന്നിവ പ്രയോഗിക്കണം.

ചോളം, മക്കച്ചോളം എന്നീ വിളകൾ മരച്ചീനി തോട്ടത്തിന്റെയരികിൽ നട്ടാൽ മൊസേയ്ക്ക് ബാധ കുറയ്ക്കാം. കിഴങ്ങു ചീയൽ രോഗം നിയന്ത്രിക്കാൻ ശരിയായ നീർവാർച്ചയുറപ്പാക്കുക. മണ്ണിൽ ട്രൈക്കോഡെർമ്മ, പെസഡോമാസ്, വേപ്പിൻപ്പിണ്ണാക്ക് എന്നിവ ചേർക്കുക പുഴുശല്യം നിയന്ത്രിക്കാൻ കൂവളവും കറ്റാർവാഴയുമടങ്ങിയ ടാഗ് ഫോൾഡർ (Tag Folder) 3–4 മില്ലീലിറ്റർ ഒരു ലിറ്റർ വെള്ളത്തിൽ ചേർത്തിളക്കി തളിച്ചാൽ മതി. ഇങ്ങിനെ നിരന്തരമായ ശ്രദ്ധയും, പരിചരണവും നൽകിയാൽ കിഴങ്ങുവർഗ്ഗ വിളകൾ മികച്ച വിളവ് തരുമെന്നതിൽ തർക്കമില്ല. "മണ്ണിനകത്തെ നിധി" എന്നു വിശേഷിപ്പിക്കുന്ന കിഴങ്ങുവിളകളുടെ കൃഷി എല്ലാ വീട്ടുപറമ്പുകളിലും പ്രചരിപ്പിക്കാൻ നാം ശ്രദ്ധിക്കേണ്ടതാണ്. ◆

ഡോ.എച്ച്. ആർ. കേശവമൂർത്തി

ലോക ഗ്ലൂക്കോമ വാരം

ലോക ഗ്ലൂക്കോമവാരം മാർച്ച് മാസത്തിൽ ആചരിച്ചു. ഗ്ലൂക്കോമരോഗത്തെക്കുറിച്ച്അവബോധം സൃഷ്ടിക്കാനാണ് വാരാചരണംസംഘടിപ്പിക്കുന്നത്. കണ്ണിലുണ്ടാകുന്ന അമിത സമ്മർദ്ദമാണ് ഗ്ലൂക്കോമയ്ക്ക്കാരണം. പെട്ടെന്ന് ശ്രദ്ധയിൽപ്പെടാത്ത ഈ രോഗംഅന്ധതയ്ക്ക്ഒരു പ്രധാന കാരണമാണ്. കാഴ്ച പകരുന്ന നാഡീഞരമ്പുകൾ അമിതമായ സമ്മർദ്ദത്തെത്തുടർന്ന് തകർന്നാണ് അന്ധത സംഭവിക്കുന്നത്. കണ്ണിലെ അമിത സമ്മർദ്ദം തുടർന്നാൽ സ്ഥിരമായ അന്ധത ഏതാനും വർഷങ്ങൾക്കുള്ളിൽ സംഭവിക്കും.

ഏതു പ്രായത്തിലുള്ളവർക്കും ബാധിക്കാവുന്ന ഒരുഅസുഖമാണ് ഗ്ലൂക്കോമ. കണ്ണിലെ സ്രവങ്ങളുടെ നിർബാധമായഒഴുക്കിന് തടസ്സമുണ്ടാകുമ്പോഴാണ് അമിത സമ്മർദ്ദമുണ്ടാകുന്നത്. ചിലരോഗികളിൽകണ്ണിലെ നാഡീഞരമ്പുകളിലേക്കുള്ള രക്തഓട്ടംകുറയുന്നത് ഞരമ്പുകളുടെ ആരോഗ്യത്തെ ബാധിച്ച് അന്ധത സംഭവിക്കുന്നു.

അക്വസ്ഹ്യൂമർ എന്ന സ്രവം ഒഴുകിപ്പോവുന്ന ചാലിന് തടസ്സമുണ്ടാവുന്നു. ഇതിന്റെ കാരണം അജ്ഞാതമാണ്. എങ്കിലുംഇത് പാരമ്പര്യരോഗമായികരുതുന്നു. മാതാപിതാക്കളിൽ നിന്ന്കുട്ടികളിലേക്ക് ഈ രോഗം പാരമ്പര്യമായി പകർന്നുകിട്ടുന്നുവെന്ന്ഡോക്ടർമാർക്ക്ഇപ്പോൾഅറിയാം.

കണ്ണിലുണ്ടാകുന്ന രോഗബാധകൾ, കണ്ണുവീക്കം, കണ്ണിലെശസ്ത്രക്രിയ, കണ്ണിലുണ്ടാവുന്ന മുറിവ്, രാസവസ്തുക്കളുംമറ്റുംകണ്ണിൽവീഴുന്നത്എന്നിവ ഗ്ലൂക്കോമയ്ക്ക്കാരണമാവാം. രണ്ട് കണ്ണിലും ഈ രോഗം ബാധിക്കുമെങ്കിലുംഏറ്റക്കുറിച്ചിലുകൾഉണ്ടാവാം.

ഗുരുതരമായ ഗ്ലൂക്കോമയാണ് സാധാരണകണ്ടുവരുന്നത്. താഴെപ്പറയുന്ന വിഭാഗത്തിലുള്ള ഗ്ലൂക്കോമയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്:

- ലോ-ടെൻഷൻ ഗ്ലൂക്കോമ - കണ്ണിൽസാധാരണ സമ്മർദ്ദമുള്ളവർക്ക് ഉണ്ടാകുന്നതാണ് ഈ ഗ്ലൂക്കോമ.
- അക്യൂട്ട് ഗ്ലൂക്കോമ - കണ്ണിലെ സമ്മർദ്ദം പെട്ടെന്ന് വർദ്ധിച്ച് സംഭവിക്കുന്നു. അക്വസ്ഹ്യൂമറിന്റെഒഴുക്ക്, ഐറിസിലെ തടസ്സത്തെത്തുടർന്ന് നിലയ്ക്കുന്നു. കണ്ണിൽവേദന, മനംപിരട്ടൽ, കണ്ണുചുവക്കൽ, കാഴ്ചയ്ക്ക്മങ്ങൽഎന്നിവയാണ്രോഗലക്ഷണങ്ങൾ. എത്രയുംവേഗംആശുപത്രിയിൽ പ്രവേശിക്കപ്പെട്ടില്ലെങ്കിൽകാഴ്ചശക്തി നഷ്ടപ്പെടും. ലേസർശസ്ത്രക്രിയയാണ് ഈ സ്ഥിതിവിശേഷത്തിന് ഫലപ്രദമായിട്ടുള്ളത്.
- കോൺജിനെറ്റൽ ഗ്ലൂക്കോമ - ജന്മനാ തന്നെ ഈ രോഗമുണ്ടായിരിക്കും. ഈ രോഗമുള്ളകുഞ്ഞുങ്ങൾ പ്രകാശത്തോട്അതിതീവ്രമായി പ്രതികരിക്കും. വീക്കം വന്ന കണ്ണിൽ നിന്ന്എപ്പോഴുംകണ്ണുനീർഒഴുകിക്കൊണ്ടിരിക്കും. ഇത്ശസ്ത്രക്രിയകൊണ്ട്ശരിയാക്കാം.
- സെക്കണ്ടറി ഗ്ലൂക്കോമ - കണ്ണിലെ മുറിവുകൾ, തിമിരം, കണ്ണിലെവീക്കംഎന്നിവകൊണ്ട്സെക്കണ്ടറി ഗ്ലൂക്കോമസംഭവിക്കാം. സ്റ്റിറോ



യിഡ് (കോർട്ടിസോൺ) അടങ്ങിയഔഷധങ്ങളുടെ ഉപയോഗംകണ്ണിലെ സമ്മർദ്ദം വർദ്ധിപ്പിക്കും. സ്റ്റിറോയിഡ് അടങ്ങിയഔഷധങ്ങൾ ഉപയോഗിക്കുന്നവർഇടയ്ക്കിടെകണ്ണിലെ സമ്മർദ്ദം പരിശോധിക്കണം.

ഗ്ലൂക്കോമയുടെലക്ഷണങ്ങൾഎന്തൊക്കെയാണ്?

ഗ്ലൂക്കോമരോഗികൾക്ക് കണ്ണിലെ ഉയർന്ന സമ്മർദ്ദം മൂലംവേദനയോ മുൻകൂട്ടിയോ ഉള്ള മറ്റെന്തെങ്കിലുംലക്ഷണമോഉണ്ടാകാത്തതിനാൽകാഴ്ച നഷ്ടപ്പെടുന്നത് ഒഴിവാക്കാൻ കൃത്യമായിഡോക്ടറെകാണേണ്ടത്അത്യാവശ്യമാണ്. നിങ്ങൾക്ക് 40 വയസ്സിന് മുകളിൽ പ്രായമുണ്ടെങ്കിലോകുടുംബാംഗങ്ങളിൽ ആർക്കെങ്കിലും ഗ്ലൂക്കോമഉണ്ടായിരുന്നെങ്കിലോ 2 വർഷത്തിലൊരിക്കൽകണ്ണ്ഡോക്ടറെ കണ്ട് പൂർണ്ണ പരിശോധന നടത്തിയിരിക്കണം. നിങ്ങൾക്ക് പ്രമേഹംമുതലായആരോഗ്യ പ്രശ്നങ്ങളോകുടുംബത്തിൽ ആർക്കെങ്കിലും ഗ്ലൂക്കോമയോമറ്റ് നേത്രരോഗങ്ങളോ മുമ്പ് വന്നിട്ടുണ്ടെങ്കിലോകണ്ണ്ഡോക്ടറെഅടിക്കടികാണേണ്ടതാണ്.

ക്രോണിക് ഗ്ലൂക്കോമ (പ്രൈമറിഓപ്പൺ - ആംഗിൾ) ആണ് സാധാരണകണ്ടുവരുന്ന തരം ഗ്ലൂക്കോമ. ഭാവിയിൽകാഴ്ചശക്തി നഷ്ടപ്പെടുന്നതുവരെഅതിന്റെയാതൊരുലക്ഷണവുംകാണിക്കില്ല. ക്ഷതം ക്രമേണആരംഭിച്ച് പതുക്കെ പതുക്കെ കാഴ്ചശക്തി പൂർണ്ണമായിഇല്ലാതാക്കും. ആദ്യംവശത്തെ കാഴ്ചയാണ്ഇല്ലാതാവുക. ഭൂരിഭാഗം ഞരമ്പുകൾക്കും തകരാർസംഭവിച്ച് നല്ലൊരുശതമാനംകാഴ്ച നഷ്ടപ്പെടുന്നതുവരെവ്യക്തിഇതേക്കുറിച്ച്അറിയില്ല. ഇത്തരത്തിൽകാഴ്ചശക്തിയിലുണ്ടാവുന്ന തകരാർ പരിഹരിക്കാനാവില്ല. നഷ്ടപ്പെട്ട കാഴ്ചശക്തിചികിത്സയിലൂടെതിരിച്ച്വീണ്ടെടുക്കാനുമാവില്ല.എന്നാൽകാഴ്ച നഷ്ടമാവുന്ന പ്രക്രിയയുടെവേഗതകുറയ്ക്കാനാവും. അതിനാലാണ്എത്രയും നേരത്തേ പ്രശ്നം കണ്ടെത്തേണ്ടത് പ്രാധാന്യമർഹിക്കുന്നത്. അങ്ങനെ വന്നാൽകാഴ്ചയ്ക്ക്ചെറിയ ക്ഷതം ഉണ്ടാകുമ്പോൾത്തന്നെ ചികിത്സആരംഭിക്കാനാവും.

ഗ്ലൂക്കോമആർക്ക്വേണമെങ്കിലുംവരാമെങ്കിലുംചിലകൂട്ടരിൽഇതിനുള്ളസാധ്യതകൂടുതലാണ്. കുടുംബത്തിൽ ഗ്ലൂക്കോമയുടെചരിത്രമുണ്ടാവുക, പ്രമേഹം, മൈഗ്രേൻ, ഹ്രസ്വദൃഷ്ടി (മയോപ്പിയ), രക്തസമ്മർദ്ദം, മുമ്പോ എപ്പോഴോസ്റ്റീറോയിഡ്അടങ്ങിയകോർട്ടിസോൺ മരുന്നുകളുടെ ഉപയോഗം എന്നിവയാണ് ഇവ.

എങ്ങനെ ചികിത്സിക്കാം?

ഗ്ലൂക്കോമയ്ക്ക് സ്ഥായിയായ പരിഹാരംഇല്ലെങ്കിലും, നിയന്ത്രിച്ച് നിർത്തികാഴ്ചശക്തിഇല്ലാകുന്നതിന്റെ പ്രക്രിയയുടെവേഗംകുറയ്ക്കാനാകും. ചികിത്സഇപ്രകാരമാണ്:

- കണ്ണിൽതുള്ളിമരുന്നൊഴിക്കൽ
- ലേസർ (ലേസർ ട്രാബിക്കുലോപ്ലാസ്റ്റി) - കാഴ്ചശക്തികുറയുന്നത് തടയാൻ തുള്ളിമരുന്നിന് കഴിയുന്നില്ലെങ്കിലാണ്ഇത് പ്രയോഗിക്കുന്നത്. പലകേസ്സുകളിലുംലേസർചികിത്സയ്ക്ക്ശേഷവുംതുള്ളിമരുന്ന്തുടരണം. ലേസർചികിത്സയ്ക്ക്ആശുപത്രിവാസംവേണ്ടിവരില്ല.
- ശസ്ത്രക്രിയ (ലേസർ ട്രാബിക്കുലോക്ടമി) - കണ്ണിലെമർദ്ദം നിയന്ത്രിക്കാൻ തുള്ളിമരുന്ന് പ്രയോഗവുംലേസർചികിത്സയും പരാജയപ്പെടുന്നിടത്താണ് ശസ്ത്രക്രിയവേണ്ടിവരുന്നത്. ഇതുവഴികണ്ണിലെ സ്രവങ്ങൾക്ക് പുറത്തുപോകാൻ ഒരു പുതിയ ചാല്കീറും.

ഗവൺമെന്റ്സംരംഭങ്ങൾ

2020-ഓടെ അന്ധതയുടെശതമാനം 1.4-ൽ നിന്നും .3 ആയികുറയ്ക്കുക എന്ന ലക്ഷ്യത്തോടെ 1976-ൽ 100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതി എന്ന നിലയിൽതുടക്കമിട്ടതാണ് 'ദേശീയഅന്ധതാ നിവാരണ' പരിപാടി (എൻ.പി.സി.ബി). 2001-02-ലെ കണക്ക് പ്രകാരം 1.1 ശതമാനം ആയിരുന്നുഅന്ധതയുടെതോത്. 2006-07-ൽ ഇത് 1 ശതമാനമായികുറഞ്ഞു.

അന്ധതയുടെകാരണങ്ങളിൽ 5.80 ശതമാനം ഗ്ലൂക്കോമയാണ്.12-ാം പദ്ധതിയിൽഒന്ന്, രണ്ട്, മൂന്ന്തലങ്ങളിൽ അന്ധത കണ്ടെത്തിചികിത്സിക്കുന്നതിലൂടെരാജ്യത്തെ ഈ അംഗവൈകല്യംഗണ്യമായികുറയ്ക്കാനാണ്ലക്ഷ്യമിട്ടിട്ടുള്ളത്. നേത്രആരോഗ്യം വർദ്ധിപ്പിക്കുന്നതിലും അന്ധത തടയുന്നതിനും സമഗ്രമായ നേത്രസംരക്ഷണസേവനങ്ങൾ എല്ലാജില്ലകളിലുംഉറപ്പുവരുത്തും. നേത്ര ആരോഗ്യത്തെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിലും മുൻകരുതൽ നടപടികൾകൈക്കൊള്ളുന്നതിനും ശ്രമങ്ങൾ നടന്നുവരുന്നു. നേത്രരോഗചികിത്സാരംഗത്ത് സന്നദ്ധസംഘടനകളുടെയുംസ്വകാര്യഡോക്ടർമാരുടെയുംസേവനം ഇതിനായി ഉപയോഗിക്കുന്നു.

കൃത്യമായ നേത്രപരിശോധനയിലൂടെയും, പ്രത്യേകിച്ച് 40 വയസ്സിന് ശേഷം, ഉടൻ തന്നെയുള്ളചികിത്സയിലൂടെഅവശേഷിക്കുന്ന കാഴ്ചസംരക്ഷിക്കാനാവും. എന്നാൽ ഗ്ലൂക്കോമ മൂലം നഷ്ടപ്പെട്ട കാഴ്ചവീണ്ടെടുക്കാനാവില്ലെന്ന്ഓർക്കണം. ◆

ഡോ. എച്ച്. ആർ. കേശവമൂർത്തി പ്രസ്സ് ഇൻഫർമേഷൻ ബ്യൂറോ കൊൽക്കത്തയിലെഡയറക്ടറാണ്.

കല്യാണത്തലേന്ന്

എം.എം. പുരവൂർ

കല്യാണത്തലേന്നത്തെ
പുകിലും കണ്ടുംകൊണ്ടാ
പന്തലിൽ പിന്നാമ്പുറ-
ത്തങ്ങനെ ഞാൻ നിൽക്കവെ
തെളിയുംവിദ്യുൽപ്രഭാ-
പൂരത്താൽ വിളങ്ങീടും
പരിസരമാകെയെൻ
കൺകളാലുഴിഞ്ഞു ഞാൻ.
അവിടെപ്പലേടത്തും
കുട്ടികൾ സംഘങ്ങളായ്
കളിച്ചു തിമിർക്കുന്നു.
നിറയും മോദത്തോടെ.
മുന്നിലായ് മുല്ലപ്പൂവിൻ
മാലയാൽ വിതാനിച്ച
വേദിയിൽ മധുരമാം
ബെയ്ത്തു പാട്ടുണരുന്നു.
മാപ്പിള വീട്ടിൽ നിന്നും
മൈലാഞ്ചിയിടാൻ വന്ന
ബന്ധുക്കൾ മണവാട്ടി-
പ്പെണ്ണിനെയൊരുക്കുന്നു
പട്ടുടയാടയ്ക്കുള്ളിൽ
പവിഴക്കൊടിപൊലെ
മിന്നുമാ പുതുപ്പെണ്ണോ
കണ്ണുകൾ കവരുന്നു

*****

മുളകും സവാളയും
ഇഞ്ചിയും തക്കാളിയും
അരിയുന്നിതു ചിലർ
പാചകപ്പുരയ്ക്കുള്ളിൽ
ബിരിയാനിച്ചോറിനായ്
അരിവെടിപ്പാക്കുന്നു
ഒരു കൂട്ടം പെണ്ണുങ്ങ-
ളടുക്കള ക്കോലായിൽ.
അവിടുന്നൊക്കെ തെല്ലു-
ദൂരെയായൊരുകോണിൽ
നിൽപ്പൂരൊരു പറ്റം
ആടുകൾ കിടാങ്ങളും
അരികിൽ തിളങ്ങുന്ന
കത്തിയും പിടിച്ചൊരു
മർത്ത്യനോ നിൽക്കുന്നുണ്ട-
തുങ്ങളെ യറുക്കുവാൻ
അവനു സഹായിയായ്
നിൽപ്പവനോരോന്നിനെ
മുന്നിലേക്കെത്തിക്കുന്നു
ആയവനറക്കുന്നു.
അരികിൽ പ്രാണൻ വിടാൻ
പിടയുമിണകൾ തൻ
പടരും നിണപ്പാടും
അമരും കരച്ചിലും
മനസ്സിൽ കനിവുള്ള
ജീവികൾക്കുള്ളിൽ മാറാ-
വേദന പകരുന്ന-
കാഴ്ചയായ് മാറീടവെ
കൂട്ടത്തിലതുകണ്ടു
നിന്നതാമൊരുക്കടാത്തൻ
കുറ്റിയുമൂരിപ്പാഞ്ഞു-
വന്നതാ നിൽപ്പൂമുന്നിൽ
'കൊല്ലുകയിനി മുന്നം
എന്നെ'യെന്നോതും വിധം
തലയും കുമ്പിട്ടങ്ങു
നിറയും മിഴിയോടെ.
തെല്ലിട പകച്ചുപോയ്
ആ ദൃശ്യം കണ്ടന്നു ഞാൻ
ആർദ്രമെൻ മനസ്സില-
ന്നഴലിൻ നിഴൽ വീണു.

******

ചൂടുള്ള ബിരിയാനി
തിന്നുന്നോരാരോർക്കുന്നു?
നോവുകൾ തിങ്ങുന്നൊരീ
ദീനമാം വിലാപങ്ങൾ.

ആത്മഹത്യയേക്കാൾ ക്രൂരം

ചന്ദ്രമോഹനൻ നായർ ആർ.

തമാശയ്ക്ക് വേണ്ടിയാണ് ഇന്നത്തെ മദ്യപാനികൾ/മയക്കുമരുന്നിന ടിമകൾ ലഹരി/മദ്യം ഉപയോഗിച്ചു തുടങ്ങി അവയ്ക്ക് അടിമകളായി തീർന്നവരായിട്ടുണ്ടാവുക. ചിലപ്പോൾ സുഹൃത്തുക്കളുടെ നിർബ ന്ധത്തിനു വഴങ്ങിയായിരിക്കും അവർ ഇതിനടിമപ്പെട്ടിട്ടുണ്ടാവുക. അതിന്റെ ലഹരിയിൽ വീണുപോയവർക്ക് അതിൽനിന്നും മോചനം ലഭിക്കുവാൻ ഭഗീരപ്രയത്നം തന്നെ വേണ്ടിവരും.

ആരോഗ്യമുള്ള ജനത ഒരു രാജ്യത്തിന്റെ സമ്പത്തും അതുപോലെതന്നെ പ്രതീക്ഷയുമാണ്. യുവാക്കളുടെ സജീവമായ പങ്കാളിത്തം രാഷ്ട്രപുനർനിർമ്മാണപ്രക്രിയയിൽ ഒഴിച്ചുകൂടാനാകാത്തതുമാണ്. യുവാക്കൾക്കിടയിൽ വർദ്ധിച്ചുവരുന്ന മദ്യപാനവും മയക്കുമരുന്നുകളുടെ ഉപയോഗവും വിവിധ തരത്തിലുള്ള രോഗങ്ങൾ വരുത്തിവയ്ക്കുകയും കുടുംബങ്ങൾ അനാഥമാകുന്നതും സർവ്വസാധാരണ സംഭവങ്ങളായി മാറുന്ന കാഴ്ചയായി തീർന്നിരിക്കുന്നു.

കേരളത്തിൽ ഹൃദയസ്തംഭനം മൂലം കുഴഞ്ഞുവീണു മരിക്കുന്നവരുടെ എണ്ണം നാൾക്കുനാൾ കൂടിവരുകയാണ്. പെട്ടെന്നുണ്ടാകുന്ന മരണങ്ങളിൽ ഏറ്റവും കൂടുതൽ ഹൃദയസ്തംഭനം മൂലമുണ്ടാകുന്നതാണ്. ഹൃദയത്തിന്റെ പ്രവർത്തനം നിലച്ച് ഹൃദയത്തിൽ നിന്നും രക്തപ്രവാഹം ഇല്ലാതാകുന്ന അവസ്ഥയാണ് ഹൃദയസ്തംഭനം. ചുരുങ്ങിയത് നാലു മിനിട്ട് ദൈർഘ്യം ഹൃദയം പ്രവർത്തനരഹിതമായാൽ തലച്ചോറിന് തിരിച്ചുവരാനാകാത്ത വിധം ക്ഷതം ഏൽക്കുന്നു. അതോടെ വ്യക്തി മരിക്കുന്നു.

ഹൃദയ ധമനികളിൽ കൊഴുപ്പ് അടിഞ്ഞു കൂടി ചുരുങ്ങിയിരിക്കുന്ന ഏതൊരാൾക്കും ഹൃദ്രോഗബാധ ഉണ്ടാകാനിടയുണ്ട്. ഹൃദയത്തിന്റെ സങ്കോചശക്തി കുറഞ്ഞ വ്യക്തികളിൽ ഹൃദയസ്തംഭന സാദ്ധ്യത വളരെ കൂടുതലാണ്. ഹൃദയമാംസ പേശികളിൽ രോഗമുള്ളവർക്ക് പേശികളുടെ ശക്തി കുറഞ്ഞ് ഹൃദയം വികസിക്കുക, കട്ടി കൂടുക, ഇവർക്കും ഹൃദയസ്തംഭന സാദ്ധ്യത കൂടുതലാണ്. ധമനികളിലേയ്ക്കുള്ള വാൽവിന് ചുരുങ്ങലുള്ളവർക്കും ഹൃദയസ്തംഭന സാദ്ധ്യത വളരെ കൂടുതലാണ്. ഇത്തരം രോഗികളിൽ മദ്യപാനം അയാളുടെ ജീവനെ അപകടത്തിലാക്കും എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

സുലഭമായി ലഹരി പദാർത്ഥങ്ങൾ ലഭിക്കുന്ന ഒരു ലോകത്താണ് നാം ജീവിക്കുന്നതെന്ന ചിന്ത കൈവിടാതെയായിരിക്കണം നാം ഇതിനെതിരെ ജാഗരൂകരായിരിക്കേണ്ടത്. എന്തെങ്കിലും ദുരിതം വരുമ്പോഴോ ജീവിത സങ്കർഷം മുറ്റി നിൽക്കുമ്പോഴോ വൈകുന്നേരം വരെ ജോലിചെയ്ത് ശരീര നൊമ്പരം മാറ്റാനെന്നോ മുടന്തൻ ന്യായം അടിച്ചുവിട്ടാണ് ഈ പ്രവർത്തിക്ക് കുടുബത്തിന്റേയും സമൂഹത്തിന്റേയും ലൈസൻസ് പലരും ഒപ്പിച്ചെടുക്കുന്നത്. ഇതെല്ലാം ഭയങ്കരമായ തെറ്റിലേക്ക് വഴുതി വീണുപോകുമ്പോൾ ആരും അത്ര കണ്ട് കുണ്ഠിതപ്പെടാറില്ല. എന്നാലോ പതുക്കെ പതുക്കെ ഈ കൊടും ക്രൂരത കുടുംബത്തിനോടും സമൂഹത്തിനോടും ചെയ്ത് മുറ്റിത്തെളിഞ്ഞാൽ അയാൾക്കുതന്നെ അതിൽ നിന്നും പിൻവലിയാനാവില്ല...അത്ര കണ്ട് രാക്ഷസരൂപം കൈക്കൊണ്ടിരിക്കും ഈ വിപത്ത്. ബിയർ മുതൽ ചാരായം തുടങ്ങി

വിദേശമദ്യം വരെ പല രൂപങ്ങളിലും ഭാവങ്ങളിലും പേരുകളിലും നാം ഇന്നു കേൾക്കുന്ന അഥവാ ഇവിടെ ലഭിക്കുന്ന എല്ലാത്തരം മദ്യത്തിന്റെയും രാസനാമം C_2H_3OH എന്നാണ്. C_2H_3OH ന്റെ അളവിൽ വരുന്ന വ്യത്യാസം അനുസ്സരിച്ച് അവയുടെ വീര്യം ഏറിയും കുറഞ്ഞുമിരിക്കും.

തമാശയ്ക്ക് വേണ്ടിയാണ് ഇന്നത്തെ മദ്യപാനികൾ/മയക്കു മരുന്നിനടിമകൾ ലഹരി/മദ്യം ഉപയോഗിച്ചു തുടങ്ങി അവയ്ക്ക് അടിമകളായി തീർന്നവരായിട്ടുണ്ടാവുക. ചിലപ്പോൾ സുഹൃത്തു ക്കളുടെ നിർബന്ധത്തിനു വഴങ്ങിയായിരിക്കും അവർ ഇതിനടി മപ്പെട്ടിട്ടുണ്ടാവുക. അതിന്റെ ലഹരിയിൽ വീണുപോയവർക്ക് അതിൽനിന്നും മോചനം ലഭിക്കുവാൻ ഭഗീരതപ്രയത്നം തന്നെ വേണ്ടിവരും. പരസ്യങ്ങളുടെ സ്വാധീനം ഒരളവുവരെ ജീവിത ത്തെപ്പറ്റി ചിന്തിച്ചിട്ടില്ലാത്തവർക്ക് വളരെ പ്രചോദനമരുളുമെന്ന താണ് നാളിതുവരെ സമൂഹത്തിൽ ഉണ്ടായ അനുഭവം നമ്മെ പ ഠിപ്പിക്കുന്നത്. അനുകരിക്കുക എന്നത് മലയാളികളുടെ സ്ഥിരം സ്വഭാവമാണ്. സിനിമയിൽ നല്ല സീരിയസ്സായ ഒരു രംഗത്ത് മദ്യ പിച്ച് അതിൽ എന്തെങ്കിലും നേട്ടമുണ്ടാക്കുന്നതായി കാണിച്ചാൽ ഒരു ന്യൂനപക്ഷം ആളുകൾ എന്തുകൊണ്ട് നമുക്കും ആയിക്കൂടാ എന്നു ചിന്തിക്കുന്നവരുണ്ട്. മറ്റുള്ളവർക്ക് ഇത് എന്താണ് എന്ന റിയുവാനുള്ള ജിജ്ഞാസ അവരെ കൊണ്ടെത്തിക്കുന്നതോ നാശത്തിന്റെ പടുകുഴിയിലേക്ക് എന്നുള്ളതാണ് സത്യം. ലഹരി ഉള്ളിൽ ചെന്നാൽ അക്കൂട്ടർ ഒരു പ്രത്യേക ലോകത്ത് എത്തിച്ചേ രും അല്ലെങ്കിൽ അങ്ങനെ ഭാവിക്കുന്നു. ചില ആളുകൾ എന്തു സംഭവിച്ചാലും അതിൽനിന്നും പാഠം ഉൾക്കൊള്ളുന്നില്ല. മദ്യ പിച്ച് പത്തുപേരുടെ ചീത്ത കേട്ടാലേ ഉറങ്ങാൻ കഴിയുകയുള്ളു എന്ന ചിലരുണ്ട്. മറ്റുചിലരൊ ആരോടോ ഉള്ള പക തീർക്കാൻ വേണ്ടി ഉള്ളതെല്ലാം വിറ്റു മുടിച്ചു കുടിച്ചുതീർക്കുന്നു. അവരുടെ കുടുംബമോ പട്ടിണിയിലായിരിക്കും. എന്തുമാത്രം അനുഭവങ്ങൾ സമൂഹത്തിലുണ്ടായിട്ടും ആരും തന്നെ മനസ്സിലാക്കാത്തത് കഷ് ടം അല്ലാതെന്തു പറയാൻ.

ക്ഷീണമകറ്റാനും ഇതു സഹായിക്കുമെന്നുള്ള തെറ്റായ ധാരണയിൽ മദ്യത്തിനും ലഹരിക്കും അടിപ്പെ ട്ട് കുടുംബം താറുമാറാക്കുന്ന വിദ്യാസമ്പന്ന രായിട്ടുള്ളവർ വരെയുണ്ടെന്നുള്ളത് വിചിത്രം തന്നെ. ജോലി കഴിഞ്ഞുവരുന്ന തെങ്ങുകയറ്റ ത്തൊഴിലാളികൾ നാലുകാലിൽ വീട്ടിൽ ചെ ന്നുകയറുന്നത് അവരുടെ അടുത്ത ദിവസത്തെ ജോലിയെ ബാധിക്കുമെന്നവർ ചിന്തിക്കുന്നില്ല. എന്തുമാത്രം ഉയരത്തിൽ കയറി ജോലി ചെ യ്യുന്നവരാണ് എന്ന് അവർ ചിന്തിക്കുന്നില്ല. വെറുതെ ആയുസ്സ് പാഴാക്കിക്കളയുന്നതുമൂലം രാജ്യത്തിന്റെ സമ്പത്തും കുടുംബാന്തരീക്ഷവും ആണ് പാഴാക്കിക്കളയുന്നതെന്ന് അവർ ചിന്തി ക്കുന്നില്ല. ഇത്തരത്തിലുള്ളവരെ ബോധവൽ ക്കരണം നടത്താൻ എന്തൊക്കെ മാർഗ്ഗങ്ങൾ ഉണ്ടെന്നു കണ്ടെത്തി നടപ്പാക്കിയാൽ ഈ പ്രശ് നത്തിനു പരിഹാരമാകും. ഈയിടെയായി ചില സ്ത്രീകളും മദ്യത്തിനും മയക്കുമരുന്നിനും അടിമകളായി പോകുന്ന ചില പത്രവാർത്തകൾ വായിക്കുമ്പോൾ സങ്കടം തോന്നും.

എന്തുകൊണ്ട് മദ്യത്തേക്കാൾ ജനങ്ങൾ ഇഷ്ടപ്പെടുന്ന ധാരാളം ഭക്ഷണപദാർത്ഥങ്ങൾ ഉണ്ടായിരുന്നിട്ടുകൂടി മദ്യത്തെ തിരഞ്ഞെടുത്ത് ഉപയോഗിക്കാൻ കാരണം എന്ന് ഒരു വിചി ന്തനം നടത്തി നോക്കേണ്ടതാണ്. മദ്യവും മറ്റ്

ലഹരി വസ്തുക്കളും വളരെ വേഗം രക്തത്തിലേക്ക് കലരുകയും അതു വഴി തലച്ചോറിലും ശരീരത്തിന്റെ മറ്റ് അവയവങ്ങളിലുമെത്തി മാന സ്സികവും ശാരീരികവുമായ പല പ്രവർത്തനത്തിനും മാറ്റത്തിനും ഇടയാക്കുന്നു. പക്ഷേ ഇത് ശരീര ത്തിന്റെ എല്ലാ അവയവങ്ങളെയും നശിപ്പിക്കുകയും നാശത്തിന്റെ വഴി തുറന്നിടുകയുമാണ് എന്ന് ഇക്കൂട്ടർ മനസ്സിലാക്കുന്നില്ല.

ഓർമ്മക്കുറവും ശ്രദ്ധയില്ലായ്മ യും മദ്യപാനത്തിന്റേയും ലഹരിമരു ന്നുപയോഗത്തിന്റെയും ഫലമായിട്ടു ള്ളതാണെന്ന് അറിയാമായിരുന്നിട്ടു കൂടി ഇതിൽ അടിപ്പെട്ടവരെല്ലാം ഇതിൽ നിന്നും പിൻമാറാത്തതിന് മറ്റ് അബദ്ധജടിലമായ കാര്യങ്ങളാ ണ് നിരത്തി വയ്ക്കുന്നത്. കുടും ബത്തിനകത്തു നടക്കുന്ന താള പ്പിഴകളിൽ ഒന്നും ശ്രദ്ധിക്കാ തെ സുഖനിദ്ര കണ്ടെത്താൻ ഒരു മരുന്നായി സേവിച്ചു നടക്കുന്നവരാണ് മദ്യ പാന്മാരിൽ അധികവും. ഇതിന്റെ ഫലമോ കുടും ബം താറുമാറായി മക്കൾ പലരീതിയിലും ആയി തീർന്നശേഷമായിരിക്കും കുടുംബനാഥൻ ഇതിന്റെ ദൂഷ്യവശം മനസ്സിലാക്കി പിൻമാറേണ്ട ആവശ്യകഥ യിലേക്കെത്തുന്നത്. അപ്പോ ഴേക്കും കുടുംബനാഥൻ നിത്യ രോഗിയായി കഴിഞ്ഞിരിക്കും. കു ടുംബത്തിനകത്തുള്ള താളപ്പിഴകൾ ഓർത്താൽ മനസ്സിന്റെ താളം തെറ്റും എന്നു കണ്ട് കുടി തുടങ്ങിയ ആൾ ഇപ്പോൾ ചെയ്തുപോയ തെറ്റുകൾ ഓർത്തായിരിക്കും പിന്നത്തെ കുടി. അപ്പോഴേക്കും കുടുംബത്തിൽ വിൽ ക്കാൻ ഒന്നും ബാക്കി കാണുകയില്ല. പിന്നെ ജീവിതം അവസ്സാനിപ്പിക്കാൻ ഉള്ള ശ്രമമാകും അപ്പോഴേയ്ക്കും കുടുംബം വഴിയാധാരമായി കഴി ഞ്ഞിരിക്കും. മറ്റ് ചിലർ ശരീരത്തി ന് എന്തെങ്കിലും ഒടിവോ ചതവോ ഉണ്ടായാൽ വേദന മാറാൻ രണ്ട് പെഗ്ഗ് വിട്ടാൽ വേദന പമ്പ കടക്കും എന്നാണ് കരുതുന്നത്, ഫലമോ കഴിച്ച ഗുളികയുടെ ഫലം ഗോപി കഴിച്ച മദ്യത്തിന്റെ കെട്ടിറങ്ങിയാൽ ഉടൻ ഡോക്ടറെ കാണാൻ പോ കേണ്ട അവസ്ഥ സംജാതമാകും. അപ്പോൾ കമ്പനി കൂടിയവരാരും ഉണ്ടാകില്ല. അല്ലെങ്കിൽ ഉണ്ടായാലെ ന്താ അവരവരല്ലേ അവരുടെ ശരീരം നോക്കാൻ. വീട്ടിനകത്ത് മരണാന ന്തര സഞ്ചാന്യമായാലും കുളിയാ യാലും വിവാഹ ചടങ്ങായാലും കൊള്ളാം കുപ്പി ഉണ്ടോ എന്നതാണ് ആദ്യ ചോദ്യം. ഇത്തരത്തിലുള്ള മദ്യപാനം മൂലം ശരീരത്തിലെ എല്ലാ നാഡീവ്യൂഹങ്ങൾക്കും ക്ഷതം പറ്റു ന്നതും മസ്തിഷ്ക്കാഘാതം എന്ന ഓമനപ്പേരിൽ അറിയപ്പെടുന്ന രോ ഗത്തിൽ എത്തിച്ചേരുന്നതും ആണ്. രോഗി അബോധാവസ്ഥയിൽ ആവു കയും ഹൃദയമിടിപ്പ് ദുർബലമാകുക യും ഹൃദയപേശികൾക്ക് കേടുപാടുകൾ സംഭവിക്കുകയും പക്ഷാഘാ തം, വർദ്ധിച്ച രക്തസമ്മർദ്ദം എന്നി വയാൽ മരണം സംഭവിക്കുകയും ചെയ്യുന്നു. ശ്വാസകോശങ്ങളിൽ.., അന്നനാളത്തിൽ, മൂത്രസഞ്ചിയിൽ ആമാശയത്തിൽ അർബുദം, കു ടലിൽ വ്രണം അതുമൂലം ഛർദ്ദി, കരൾ വീക്കം മഹോദരം വൃക്ക പ്രവർത്തനരഹിതമാകൽ, ഷണ്ഡ ത്വം ആർത്തവ രോഗങ്ങൾ ഗ്രന്ഥി കളെല്ലാം നശിച്ചു പോകൽ എന്നീ രോഗങ്ങൾ മദ്യപാനം മൂലം ഉണ്ടാ കുമെന്നല്ലാതെ ശാരീരികമായി യാ തൊരു നേട്ടവും ഇല്ല അതോടൊപ്പം സാമ്പത്തികമായി തകർന്ന് തരിപ്പ ണമാകുന്നതുമാണ്.

തീരുമാനങ്ങൾ എടുക്കാൻ കഴിയാത്ത അവസ്ഥ, ദേഷ്യം, വി ഷാദം, ആത്മഹത്യാ പ്രവണത, ഭയം എന്നിവയ്ക്കും മദ്യപാനം വഴിവച്ചേയ്ക്കും. ഗുരുതരമായ സാ മൂഹിക, സാമ്പത്തിക തകർച്ചയ്ക്കും കുടുംബഭദ്രത തകരുന്നതിനും റോ ഡപകടങ്ങൾ ഉണ്ടാകുന്നതിനും, സൗഹൃദം നശിച്ച് സംഘട്ടനത്തിലേ ക്ക് നീങ്ങുന്നതിനും, സാഹോദര്യ ബന്ധങ്ങൾ ശിഥിലമാകുന്നതിനും, വിവാഹബന്ധങ്ങൾ വേർപെടുന്നതി നും, കൊലപാതകങ്ങൾ കൂടുന്നതി നും, അനാശാസ്യപ്രവർത്തനങ്ങൾ നാട്ടിൽ കൂടുന്നതിനും മറ്റ് മനുഷ്യ ത്വമില്ലാത്ത പ്രവർത്തനങ്ങൾ ഏറു ന്നതിനും മദ്യപാനവും മറ്റ് ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കലും കാരണമാണ്. ഇവയുടെ ഉപയോഗ മില്ലെങ്കിൽ നാട്ടിൽ ഇത്തരം സാ മൂഹ്യതിന്മാ പ്രവർത്തനങ്ങൾ ഉണ്ടാകുകയില്ല. ആയതിനാൽ ഇവ സേവിക്കേണ്ട ആവശ്യം ഉണ്ടോ എന്ന് മനുഷ്യരാ യിട്ടുള്ളവർ ചിന്തിക്കേണ്ട താണ്.

ലഹരി ഒരിക്കൽ ഉപ യോഗിച്ചു കഴിഞ്ഞാൽ, അതു ശീലമാക്കിയാൽ അതിൽനിന്നും മോചനം വളരെ പ്രയാസമാണ്. മദ്യം കഴിച്ചിട്ടുള്ള ആളിന്റെ രക്ത ത്തിലുള്ള ആൾക്കഹോളിന്റെ അളവ് കുറയുമ്പോൾ വീണ്ടും അതു കഴിക്കുവാനുള്ള ആഗ്രഹം അയാ ളിൽ ഉണ്ടാവും. ലഭിച്ചില്ലെങ്കിലോ അതികഠിനമായ അസ്വസ്തതയും വിറയലും ഉണ്ടാവും. ഉടൻ മദ്യം കഴിക്കുമ്പോൾ ഈ വിഷമാവസ്ഥ മാറുന്നതു കാണാം. ഇങ്ങനെ അവർ ശരിക്കും ഒരു സ്ഥിര മദ്യപാനിയാ യി മാറുന്നതാണ് നമുക്ക് കാണാൻ കഴിയുന്നത്.

ഇത്തരത്തിലുള്ള സർവ്വനാശം വിതയ്ക്കുന്ന മദ്യത്തിന്റേയും ലഹരി മരുന്നുകളുടേയും ലഭ്യത കുറച്ചാൽ മാത്രമേ ഈ പ്രശ്നത്തിനുള്ള പരി ഹാരം ഉണ്ടാക്കാൻ കഴിയൂ. ആയതി ന് സർക്കാർ തലത്തിലുള്ള നടപടി യിലൂടെ മാത്രമേ കഴിയുകയുള്ളൂ. ദൈനംദിനം ഉപയോഗിക്കുന്ന എല്ലാ സാധനങ്ങൾക്കും വില ക്രമാതീത

മായി വർദ്ധിച്ചുക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഇത്തരം മനുഷ്യന് ഹാനി വരുത്തുന്ന മദ്യത്തിന്റേയും ലഹരി വസ്തുക്കളുടേയും വില വർദ്ധിപ്പിക്കുന്നതുവഴി ഖജനാവിലേക്ക് പണം വരുകയും, അത്യാവശ്യമുള്ള നവർ വാങ്ങി കഴിക്കട്ടെ. അതോടൊപ്പം മദ്യവും ലഹരിമരുന്നും കഴിച്ചുകൊണ്ട് വീടിനുപുറത്ത് ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന യാതൊരു പ്രവർത്തിയും അനുവദിക്കാനും പാടില്ല... അതിനുവേണ്ട ഉദ്യോഗസ്ഥ വ്യൂഹം ഇപ്പോൾ തന്നെ സർക്കാർ വിന്യസിച്ചിട്ടുണ്ട്. അവർ ഉണർന്നു പ്രവർത്തിച്ചാൽ മതിയാകും.

മീഡിയകൾ ഏതായാലും വേണ്ടില്ല, അവയൊന്നിലും തന്നെ മനുഷ്യജീവനെ അപകടപ്പെടുത്തുന്ന ഇത്തരം സാധനങ്ങളുടെ പരസ്യങ്ങൾ, ചിത്രീകരണങ്ങൾ എന്നിവ ഒരു ദാക്ഷിണ്യം കൂടാതെ പ്രദർശിപ്പിക്കുന്നത് നിരുത്സാഹപ്പെടുത്തേണ്ടതാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, എന്നിവയ്ക്ക് 500 മീറ്ററിനുള്ളിൽ ഇവയുടെ ഉത്പ്പാദനമോ, സൂക്ഷിക്കലോ, വിതരണമോ, ഉപയോഗിക്കലോ പാടില്ലെന്ന് നിയമംമൂലം നിരോധനം ഏർപ്പെടുത്തിയാൽ മാത്രമേ ഒരു നിയന്ത്രണം ഇക്കാര്യത്തിൽ കൊണ്ടുവരാൻ കഴിയൂ. (ഇപ്പോൾതന്നെ നിയമം നിലവിലുണ്ട്-500 മീറ്റർ എന്ന പരിധിയില്ലെന്നു മാത്രം) മദ്യമോ സിഗരറ്റോ 21 വയസ്സു കഴിഞ്ഞവർക്കു മാത്രമേ ലഭിക്കുകയുള്ളൂ എന്ന് അധികാരികൾ ഉറപ്പുവരുത്തേണ്ടതുണ്ട്. അതുപോലെ തുറസ്സായ സ്ഥലത്ത് വച്ച് മദ്യപിക്കുന്നത് സമൂഹത്തിനു നേരെ വെല്ലുവിളി ഉയർത്തുന്ന സംഭവമായിട്ടു മാത്രമേ കാണാനാകുകയുള്ളൂ. സ്ക്കൂൾ ക്ലാസ്സുകളിൽ മദ്യപാനത്തിന്റെ ദൂഷ്യവശങ്ങളെ കുറിച്ച് പാഠ്യവിഭാഗത്തിൽ ഉൾപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. എങ്കിൽ മാത്രമേ വരും തലമുറ അതിനനുസ്സരിച്ച് പഠിക്കുകയും പ്രവർത്തിക്കുകയും ചെയ്യുകയുള്ളൂ.

എല്ലാ പഞ്ചായത്തിലും വാർഡടിസ്ഥാനത്തിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക, ചർച്ചകൾ, റാലികൾ എന്നിവ സംഘടിപ്പിക്കുക, സന്നദ്ധസംഘടനകളുടെ സേവനം ഈ മേഖലയിൽ ഉപയോഗപ്പെടുത്താൻ കഴിയും. എത്രയോ പണം വിവിധ ആവശ്യങ്ങൾക്കായി പ്രോജക്ട് വച്ച് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങി പഞ്ചായത്ത് നിർവ്വഹണം നടത്തുന്നു. മദ്യവും ലഹരിമരുന്നുകളും നിർമ്മാർജ്ജനം നടത്തുന്നതിലേയ്ക്കായി, ആളുകളെ ബോധവൽക്കരിക്കുന്നതിലേക്ക് എന്തുകൊണ്ട് ഒരു പ്രോജക്ട് വച്ചുകൂടായെന്ന് ചിന്തിക്കാവുന്നതല്ലേ.

സ്ക്കൂളുകളിൽ, ആഫീസുകളിൽ, മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിൽ എന്നുവേണ്ട ഏതു സ്ഥലത്തും ആളുകൾ തമ്മിൽ ഇനി ഞാൻ മദ്യപിക്കുകയില്ല, മദ്യപിക്കുന്നവരെ പ്രോത്സാഹിപ്പിക്കുകയില്ല, ആരെങ്കിലും പൊതുനിരത്തിൽ ഇരുന്നു മദ്യപിക്കുകയാണെങ്കിൽ അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതുമാണ്, എന്റെ സുഹൃത്തുക്കൾ ആരെങ്കിലും മദ്യത്തിനോ മയക്കുമരുന്നിനോ അടിമപ്പെടുകയാണെങ്കിൽ അവരെ അതിൽനിന്നും നിരുത്സാഹപ്പെടുത്തുകയും ചെയ്യും എന്ന് പ്രതിജ്ഞ എടുക്കുന്നത് നന്നായിരിക്കും. എങ്കിൽ മാത്രമേ ഒരു പരിധിവരെയെങ്കിലും നമ്മുടെ രാജ്യത്തെ രക്ഷിക്കാൻ കഴിയുകയുള്ളൂ.

രാഷ്ട്രത്തിന്റെ ഭാവി തലമുറയിലാണ് എന്ന ബോധം ഉൾക്കൊണ്ടുകൊണ്ട് യുവാക്കൾക്ക് പുതിയൊരു ദിശാബോധം നൽകാനായി വിവിധ കർമ്മപരിപാടികൾ ആവിഷ്ക്കരിക്കപ്പെടേണ്ടതുണ്ട്. രാജ്യത്തിന്റെ ആയുസ്സ്, അന്തസ്സ് നഷ്ടപ്പെടുത്തിക്കൊണ്ട് വരുമാനം ലക്ഷ്യമാക്കി പ്രവർത്തിക്കേണ്ടത് ആവശ്യമാണോ എന്ന് ചിന്തിക്കേണ്ടതുണ്ട്. കുടുംബങ്ങളുടെ തകർച്ച, സുഹൃത്തുക്കളുടെ വിയോഗം, സാമൂഹ്യ തിന്മയുടെ വിളയാട്ടം എന്നിവ ഉണ്ടാക്കുന്ന പ്രവർത്തി നിലനിർത്തേണ്ട ആവശ്യകത യുണ്ടോ എന്ന് ചിന്തിക്കേണ്ടതുണ്ട്.

മദ്യവും ലഹരിമരുന്നും നാട്ടിൽ വിതയ്ക്കുന്ന കെടുതികൾ ഇല്ലാതാക്കണമെങ്കിൽ അവയുടെ ലഭ്യത കുറയ്ക്കുകയും ഉള്ളതിന്റെ വില കൂട്ടുകയും കള്ളച്ചാരായം വാറ്റുന്നത് തടയുകയും ചെയ്തെങ്കിൽ മാത്രമേ കഴിയുകയുള്ളൂ. കൂടിയേ തീരൂ എന്നുള്ളവർ ആയത് സംഘടിപ്പിച്ചു സ്വന്തം വീടുകളിൽ വച്ച് ഉപയോഗിക്കണം എന്ന രീതി വന്നാൽ സമൂഹത്തിലെ എല്ലാ കൊള്ളരുതായ്മകളും ഇല്ലാതായിക്കൊള്ളും. അത്രമാത്രം കെടുതികളാണ് ഈ വില്ലന്മാർ സമൂഹത്തിൽ ഉണ്ടാക്കി വയ്ക്കുന്നത്. എല്ലാ വിഭാഗം ജനങ്ങളുടേയും ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാവുന്നതിന് ഒരു തുറന്ന ചർച്ച ഉണ്ടാവും എന്ന് കരുതുന്നു. ◆

(ലേഖകൻ മുദാക്കൽ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറിയാണ്.)

എല്ലാ പഞ്ചായത്തിലും വാർഡടിസ്ഥാനത്തിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക, ചർച്ചകൾ, റാലികൾ എന്നിവ സംഘടിപ്പിക്കുക, സന്നദ്ധസംഘടനകളുടെ സേവനം ഈ മേഖലയിൽ ഉപയോഗപ്പെടുത്താൻ കഴിയും.

ടി.സി. സുനിൽദത്ത്

കാണിക്കാരുടെ പാട്ട് മാഹാത്മ്യം

കാണിക്കാരെക്കുറിച്ച്, കേരളത്തിൽ അറിയാത്തവർ കുറയും. നേരിട്ട് പരിചയമില്ലാത്തവർക്കും അവരെക്കുറിച്ച് അറിയാം എന്ന് സാരം. കേരളത്തിന്റെ ആദിമ ജീവിതത്തിന്റെ മുഖ്യശാഖയിലൊന്നായ ഈ കാണിക്കാർ നമ്മുടെ സംസ്കൃതിയുടെ ഒരു മുഖ്യശാഖയെ പ്രതിനിധീകരിക്കുന്നു. നമുക്കങ്ങനെ പറയുവാൻ ധൈര്യം പകരും വിധം അവരുടെ വിലപ്പെട്ട സംസ്കാരം ഈ മണ്ണിൽ ഒട്ടിപ്പിടിച്ചു നിൽക്കുന്നു. കാണി എന്ന പദത്തിന് പല വിധ അർത്ഥമാണുള്ളത്. സമയദൈർഘ്യത്തെക്കുറിച്ച് പറയുന്ന 'ക്ഷണനേരം' എന്ന വാക്ക് ഒരു ഭാഗത്ത്. ഒരുതരം ചെടി വർഗ്ഗത്തിന്റെ പേരായി മറ്റൊരു ഭാഗത്ത്. അടിയാന്മാർ എന്ന വർഗ്ഗത്തിനും കാണി എന്ന് പേരിട്ടുകാണുന്നു. മലജാതിക്കാരുടെ ജീവിതവുമായി അഭേദ്യമായി ബന്ധപ്പെട്ടു കിടക്കുന്നതായ 'മുള'യുടെ മുട്ടിനെയും കാണി എന്നു പറയും.

ഇപ്പറഞ്ഞ ഭേദങ്ങളൊന്നും അന്വേഷിച്ചു പോയില്ലെങ്കിലും കാണിക്കാർ എന്നു പറയുന്ന മാത്രയിൽ തന്നെ അവരെ നമുക്ക് തികച്ചും ബോധ്യപ്പെടുംവിധം അവരുടെ സംസ്കാരം നമ്മുടെ മുമ്പിലെത്തുകയായി. അത് പാട്ടായും ചുവടായും പ്രകടമായി കഴിയും. ചുണ്ടും ചുവടും കൊണ്ട് കേരളീയരെ ഒന്നടങ്കം സ്വാധീനിച്ചുപോന്നവരാണ് കാണിക്കാർ അന്നും ഇന്നും. തെക്കൻ കേരളത്തിൽ അവർക്ക് സ്വാധീനമേറിയിരുന്നു. തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ എണ്ണത്തിൽ ഏറെയുണ്ട്. കേരളത്തിൽ നിന്നു തമിഴ്നാടിനോട് ചേർക്കപ്പെട്ട തിരുനൽവേലിയുടെയും കന്യാകുമാരിയുടെയും കാനനഭൂവിഭാഗങ്ങളിൽ കാണിപ്പാട്ടുകളുടെ വൻനിക്ഷേപമുണ്ടായിരുന്നു. കാണിക്കാർ, നിലത്തിന്റെ അല്ലെങ്കിൽ ഭൂമിയുടെ അവകാശികൾ എന്ന അർത്ഥം ഉൾക്കൊണ്ട് ജീവിച്ചിരുന്നവരാണ്. അവരുടെ സ്വത്വം നിലനിർത്തുന്നതിനുള്ള ജാഗ്രത കാരണം അവരെന്നും കാടുപേക്ഷിക്കുന്നതിൽ വിമുഖതയുള്ളവരാണ്. നാട്ടിൽ വരുവാൻ ഭയക്കുന്നവരുമാണ്.

വിശ്രമവേളകളിലും വിനോദങ്ങളിലും അവർ ചുവടുവച്ചു പറമുഴക്കിയും ഉറഞ്ഞു തുള്ളിയും രാപ്പാട്ടു പാടിയും സ്വന്തം ഗോത്രസംസ്കാരം വളർത്തി. അനുഷ്ഠാനമായും അനുഷ്ഠാനേതരമായും അതു പുലർന്നു. ഐശ്വര്യം കൈവരട്ടെയെന്ന് കരുതി അവർ ചെയ്ത മന്ത്രവാദങ്ങളും ബാധയൊഴിക്കലും അതിൽപ്പെടും. അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിൽ പോലും സർഗ്ഗവാസനകൾ വളർന്നു വരുവാനുള്ള ഊർജ്ജവും സ്രോതസ്സും അങ്ങനെയുണ്ടായിരിക്കാണും. 'ചാറ്റ്' എന്നാണ് അവരുടെ ഭാഷയിൽ ഈ മന്ത്രവാദത്തെ അറിയപ്പെടുന്നത്. ഇന്നത്തെ കമ്പ്യൂട്ടർ യുഗത്തിലും മറ്റൊരു ചാറ്റിംഗ് നമുക്കു കാണാം. പുതിയ 'ചാറ്റ്' ലോകമെമ്പാടും ആയിക്കഴിഞ്ഞത് മറ്റൊരു യാഥാർത്ഥ്യം. അല്ലെങ്കിൽ മറ്റൊരു മന്ത്രവാദം. ചാറ്റുപാട്ടുകൾക്ക് കാണി കേന്ദ്രങ്ങളിൽ വലിയ പ്രസക്തിയുണ്ട്. കാണിപ്പറ്റുകളിലെ ചാറ്റ് എന്നു പറഞ്ഞാൽ അതിന്റെ മേൽവിലാസം വ്യക്തമായിക്കഴിഞ്ഞു. 'കാണിപ്പറ്റുകൾ' എന്നതിന് ഇംഗ്ലീഷിൽ settlement എന്ന് പറയും. അങ്ങനെയുള്ള കേന്ദ്രങ്ങളെ Settlement Colony എന്നാണ് ഇന്ന് പറഞ്ഞുവരുന്നത്.

കാണിപ്പാട്ടുകൾ വിവിധ ഭാവങ്ങൾ പേറുന്നവയാണ്. വിവിധ പശ്ചാത്തലവുമാണ് അവയ്ക്കുള്ളത്. അവസരവും വെവ്വേറെയാണ്. മകരക്കൊയ്ത്ത് കഴിയുമ്പോൾ ആ ആവേശത്തോടെ പറമുഴക്കി താളം കൊട്ടി പാട്ടും പാടി കാണിക്കാർ നിലാവത്ത് ഇറങ്ങുകയായി. കൊയ്ത്തുകാല പരിസരം രംഗവേദിയാക്കി രാവേറെ ചെല്ലും വരെ അവർ പാടും. ഉറങ്ങിക്കിടക്കുന്നവർ പാട്ടും മേളവും

കേട്ട് എണീറ്റ് ധാന്യവും പണവും നൽകി സംതൃപ്തി കൈമാറുന്നു. കാണിക്കാരായ സ്ത്രീജനങ്ങൾ മാത്രം ചേർന്ന് പാടുന്ന തെരളിപാട്ടിന് പശ്ചാത്തലം മറ്റൊന്നാണ്. അവരുടെ ഇടയിലെ പെൺകുട്ടികൾ ഋതുവാകുന്നതും അതിനെത്തുടർന്ന് അനുഷ്ഠാനമായി ആറ്റിലോ, തോട്ടിലോ കൊണ്ടുപോയി കുളിപ്പിക്കുമ്പോൾ ഉത്സാഹത്തോടെ പാടുന്ന പാട്ടാണിത്. മനുഷ്യരുടെ ഇടയിൽ അന്തവിശ്വാസമായി കമ്പേര്, ഭയപ്പാട്, ദോഷം തുടങ്ങിയവയ്ക്ക് ഓതൽ എന്ന ഒരു പരിഹാര കർമ്മമുണ്ടല്ലോ. മനുഷ്യർക്കു വേണ്ടി മാത്രമല്ല തങ്ങളുടെ വളർത്തു മൃഗങ്ങൾക്കും ഈ ഓതൽ നടത്തും. അതിനൊപ്പം നീട്ടിപ്പറയുന്ന മന്ത്രവാദങ്ങൾ താളത്തിലും ഈണത്തിലും രൂപാന്തരപ്പെട്ടവയാണ് ഓതൽപ്പാട്ട്. കാണിപ്പാട്ടുകളുടെയിടയിൽ നിത്യോപയോഗ സാദ്ധ്യത കൂടിയ ഒന്നാണിത്. കാരണമെന്താണെന്ന് പ്രത്യേകം എടുത്തു പറയേണ്ടതുമില്ല. കാര്യം ഏവർക്കും ബോദ്ധ്യമാകും.

ഉത്സാഹത്തോടെയും ആഹ്ലാദത്തോടെയും പന്തങ്ങളുടെ വെളിച്ചത്തിൽ ചുവട്‌വയ്പും വായ്ത്താരിയും ഉഷാറാക്കി മുന്നേറുന്ന വാതപ്പാട്ടിന് പ്രായഭേദമില്ലാതെ ഏവരും പങ്കെടുക്കുന്നു. ഇതിന്റെ ഭാഗമായി ഉറഞ്ഞുതുള്ളൽ ഒരു ചടങ്ങ് എന്ന നിലയിൽ ബന്ധപ്പെട്ടു കിടക്കുന്നു. അതുകൊണ്ട് തന്നെ ഇപ്പറഞ്ഞ വിഭാഗങ്ങളെ അനുഷ്ഠാന വിഭാഗങ്ങളുമായി പരിഗണിക്കാം.

അനുഷ്ഠാനേതര വിഭാഗത്തിലും ഏതാനും സ്വാദിഷ്ടമായ പാട്ട് വിഭാഗങ്ങളെ നമുക്ക് അറിയാനാകും. അനുഷ്ഠാനേതരം എന്ന വിഭാഗത്തിലാണ് സ്വാഭാവികമായും സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പാക്കിയിരിക്കുന്നതത്. അനുഷ്ഠാനേതര വിഭാഗം കൈകാര്യം ചെയ്യുന്നതിൽ ലാഘവം ഉണ്ടെന്നുള്ളത് സ്ത്രീകൾക്ക് പങ്കെടുക്കുവാൻ അവസരമൊരുക്കുന്നു. അനുഷ്ഠാനത്തിന് സ്വാഭാവികമായും കൂടുതൽ കരുതലും പഠനവും അഭ്യാസവും മെയ് വഴക്കവും വേണ്ടിവരുമല്ലോ. അക്കാര്യങ്ങളിൽ സ്ത്രീകൾ പരുങ്ങലിലാകുമെന്നതും ഇങ്ങനെ സംഭവിച്ചതിന് കാരണമാകാം. സ്ത്രീകളുടെ സംഘം കൈകൾ കോർത്ത് ആടിയാടി പാടുന്ന പാട്ടുകൾ

ടെലിവിഷനിലുംപല സിനിമകളിലും നമുക്ക് കാണാനായിട്ടുണ്ട്. തുങ്കിപ്പാട്ട് എന്നാണിതിന്റെ പേര്. സ്ത്രീകളുടെതന്നെ ചടുലമായ സംഘപ്പാട്ടും, പത്തടിപ്പാട്ടും പ്രസിദ്ധം ആണ്. പാണ്ടി നാട്ടിൽനിന്നു കേരളത്തിലെത്തുന്ന 'തുളുവവനെ കളിയാക്കി അവതരിപ്പിച്ച് പാടിക്കളിക്കുന്ന ഒന്നാണ് സ്ത്രീകളുടെ ഇനമായ തുളുവപ്പാട്ട്. ചോന്നേൻപാട്ട്, കാട്ടാളപ്പാട്ട്, കവലപ്പാട്ട്, പൂമാടത്ത് തോയിപ്പാട്ട്, പന്നിവേട്ടപ്പാട്ട് തുടങ്ങിയ കാണിപ്പാട്ടുകളെക്കുറിച്ച് അറിവുള്ള പലരും ലേഖനമെഴുതി കണ്ടിട്ടുണ്ട്. അവ കണ്ടും കേട്ടും ആസ്വദിക്കുവാൻ അവസരം അധികം ലഭിച്ചിട്ടില്ല.

പാട്ടുകൾക്കൊപ്പം വാദ്യങ്ങളിലെ വിരുതും കാണിക്കാർക്കുള്ള സംസ്കൃതിയിൽ പെടും. മുളന്തണ്ടു വാദ്യങ്ങൾ അവയിൽ പ്രധാനമാണ്. അങ്കുളാങ്ങ്, മരിമ്പ, മുളന്തുടി, മുങ്കെനൊമ്പി, മഴുമൂളി തുടങ്ങി എൺപതോളം വാദ്യങ്ങളുണ്ടെന്ന് അറിയപ്പെടുന്നു. ഇവയെല്ലാം പല വിഭാഗം ആദിവാസികൾക്കും ചേർന്നുള്ള കണക്കാണ്. അവയിൽ ചിലതെല്ലാം കാണിക്കാരുടെ കണക്കിൽ പെടുന്നവയുമാണ്. ഇതിൽ മുങ്കെനൊമ്പി അതിവിശേഷമാണ്. തടിയുറപ്പുള്ള അരയാമ്പ് ഇനത്തിലെ മുളങ്കഷണം അതിന്റെ അറ്റം മരക്കട്ട കൊണ്ട് അടച്ച് തറയിൽ കുത്തിയാണ് പ്രവർത്തിപ്പിച്ച് ശബ്ദമുണ്ടാക്കുന്നത്. കുത്തുന്നതിനനുസരിച്ച് കോലും കൈയും കൊണ്ട് തണ്ടിൽ താളമിട്ട് നാദമുണർത്തുന്ന വൈദഗ്ധ്യം അപാരം തന്നെ.

മുളയെ ശാസ്ത്രീയമായി മനസ്സിലാക്കി അവയിൽ നിന്ന് ഹൃദ്യമായ നാദമുണർത്തുന്ന വിദ്യയാണ് മഴമൂളിക്ക് ഉള്ളത്. മുളയുടെ മർമ്മം കണ്ടെത്തി അവിടെ ആണി തറച്ച് മുളയെക്കൊണ്ട് മൂളിപ്പാട്ടു പാടിക്കുന്ന വിദ്യയാണിത്. മൂളിപ്പാട്ട് പോലെ പാടിക്കുന്ന ഒന്നായത് കൊണ്ടാണ് മഴമൂളിയെന്ന് പേര് വന്നത്. ആണി അടിച്ചു തയ്യാറാക്കിയ മുളന്തണ്ടിനുള്ളിൽ വറുത്ത പയർമണികൾ നിറയ്ക്കുന്നു. മുളന്തണ്ട് ചരിച്ചും ചായ്ച്ചും ഉരുട്ടിയും അതിൽ ശബ്ദം ക്രമീകരിക്കുമ്പോൾ മഴയുടേയും അരുവിയുടേയും ഒക്കെ ശബ്ദപ്രതീതിയാണ് മനോഹരമായി സംഭവിക്കുന്നത്. മരിമ്പ എന്ന മുളന്തണ്ട് വാദ്യം വന്മുളകഷണം കൊണ്ടാണെങ്കിൽ ആങ്കുളാങ്ങ് എന്ന വാദ്യം ഈറ്റയിലും മുളയിലുമാണ് നിർമ്മിക്കുന്നത്.

ഈ ലേഖനത്തിലൂടെ ആദിവാസ ഗോത്രസംസ്കൃതിയുടെ തെല്ലും സ്പർശിക്കാനാവുമെന്ന് കരുതുന്നില്ല. അവിടവിടെ കണ്ടും കേട്ടതും വായിച്ചതുമായ അറിവും അനുഭവവും മാത്രമേ ഇതിന് വഴി മരുന്നായിട്ട് ഉള്ളൂ എന്ന് പറയുന്നതിൽ സങ്കോചമില്ല. അനൽപ്പമായ സങ്കേതങ്ങളുടെ ഉറവയായ വനസംസ്കൃതി ആദിവാസികളിൽ എത്രമാത്രം ശക്തമാണെന്നുള്ളത് പറഞ്ഞറിയിക്കുക വയ്യ.

ലേഖകൻ നാവായിക്കുളം നാടൻ കലാപഠന കേന്ദ്രം ഡയറക്ടറാണ്

◆

(11-ാം പേജിൽ നിന്നും തുടർച്ച)

ജനതയുടെ അന്തസ്സിനേയും ആത്മാഭിമാനത്തെയുമാണ് തകർത്തെറിയുന്നത്. നിരാശാജനകമായ ഈ സംഭവവികാസങ്ങൾക്കിടയിലും പ്രത്യാശയുടെ ചില തുരുത്തുകൾ പ്രത്യക്ഷപ്പെടുന്നു എന്നത് ആശ്വാസകരമാണ്. ആഗോളവൽക്കരണത്തിന്റേയും വാണിജ്യവൽക്കരണത്തിന്റേയും ഈ പ്രതിലോമണ്ഡലങ്ങളെ ചെറുക്കാൻ ആയിരക്കണക്കിന് ചെറുചെറു ഉദ്യമങ്ങൾ ലോകമെമ്പാടും നടന്നു വരുന്നു.

പ്രത്യാശയുടെ തുരുത്തുകൾ

പരിസ്ഥിതി സൗഹൃദകൃഷിരീതികൾ, ചെറുകർഷകരുടെ കൂട്ടായ്മകൾ, വിളവൈവിധ്യ സംരക്ഷണത്തിനുള്ള പരിശ്രമങ്ങൾ, കാർഷിക സംസ്കാരവും ജൈവവൈവിധ്യവും സംരക്ഷിക്കുന്നതിനുള്ള മുന്നേറ്റങ്ങൾ, പ്രാദേശികമായ ഭക്ഷ്യോല്പാദനത്തിനും വിതരണത്തിനുമുള്ള സംരംഭങ്ങൾ, സുരക്ഷിത ഭക്ഷണത്തിനും ഭക്ഷ്യസുരക്ഷയ്ക്കും വേണ്ടിയുള്ള പോരാട്ടങ്ങൾ എന്നിവയെല്ലാം വിവിധ തലങ്ങളിൽ വിവിധ പ്രദേശങ്ങളിൽ വ്യത്യസ്ത രൂപങ്ങളിൽ മുളച്ചുവരുന്നുണ്ട്. ഒരു ബദൽ കാർഷിക സംസ്കാരം സാദ്ധ്യമാണെന്നു മാത്രമല്ല, അതു സംഭവിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

നിർണായകമായ ഒരു വഴിത്തിരിവിലെത്തി നിൽക്കുന്ന നമ്മുടെ കാർഷിക-ഭക്ഷ്യോല്പാദന മേഖലയിലെ സാമൂഹിക, സാമ്പത്തിക, പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ആത്യന്തികമായി നമ്മുടെ മുന്നിലുള്ള വഴി ഇതാണ്: കൂടുതൽ വികേന്ദ്രീകൃതവും ജനാധിപത്യപരവും സഹകരണാത്മകവും വാണിജ്യ താല്പര്യ വിമുക്തവുമായ ചെറുകിട ജൈവകൃഷിയിലേക്ക് മടങ്ങുക. സഹസ്രാബ്ദങ്ങളായി നാം പിന്തുടർന്ന കൃഷി മുറകൾ പൊടിതുടച്ചെടുക്കുക. പ്രാദേശികമായ ഭക്ഷ്യ സ്വയംപര്യാപ്തതയിലൂടെ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുക.

സുസ്ഥിരവികസനം

ഇന്ന് നാം അനുഭവിക്കുന്ന ജലക്ഷാമം, കാലാവസ്ഥയിലെ മാറ്റങ്ങൾ, പരിസര മലിനീകരണം മൂലമുള്ള രോഗങ്ങൾ, കാർഷിക വിളകളുടെ നാശം തുടങ്ങിയ പല പ്രധാന പ്രശ്നങ്ങളുടെയും മൂലകാരണം വികസന പ്രവർത്തനങ്ങൾക്കായി പ്രകൃതിവിഭവങ്ങളെ അമിതമായി ചൂഷണം ചെയ്യുന്നതാണ്. ദീർഘവീക്ഷണമില്ലാത്ത ഈ പ്രവണത അനുദിനം വർദ്ധിച്ചുവരുന്നതായി കാണാം.

ഓരോ വികസന പ്രവർത്തനവും ആസൂത്രണം ചെയ്യുമ്പോൾ അത് പ്രകൃതിയിലെ ജൈവസമ്പത്തിനെയും ജൈവവൈവിധ്യത്തെയും എങ്ങനെ ബാധിക്കുമെന്നും അവ നഷ്ടപ്പെടാതെ എങ്ങനെ നമ്മുടെ വികസനാവശ്യങ്ങൾ നിറവേറ്റാൻ കഴിയുമെന്നും ചിന്തിക്കണം. റോഡ്, കെട്ടിടങ്ങൾ, അണക്കെട്ട്, വ്യവസായശാലകൾ തുടങ്ങിയ പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ നമ്മുടെ വനം, വയൽ, തോട്, പുഴകൾ, കാവുകൾ തുടങ്ങിയവയെ സംരക്ഷിച്ചുകൊണ്ട് അവ എങ്ങനെ നടപ്പാക്കാം എന്ന് ആലോചിക്കണം. വികസനം സുസ്ഥിരവും ആത്യന്തികമായി ജനോപകാരപ്രദവുമാവണമെങ്കിൽ പരിസ്ഥിതി സംരക്ഷണത്തിന് പ്രാമുഖ്യം നൽകണം. ചുരുക്കത്തിൽ നമ്മുടെ ജൈവവൈവിധ്യത്തെ പരിപോഷിപ്പിക്കുന്നതാവണം വികസന പ്രവർത്തനങ്ങൾ. അതിന് ജൈവസമ്പത്തിന്റെ കണക്കെടുപ്പും സൂക്ഷ്മ നിരീക്ഷണവും അനിവാര്യമാണ്.

വൈവിധ്യം, സമന്വയം, പുനരുപയോഗം എന്നിവയാണ് സുസ്ഥിര കാർഷിക വ്യവസ്ഥയുടെ മുഖമുദ്ര. ഭരണത്തിന്റെ എല്ലാ തലങ്ങളിലും ഭക്ഷ്യ സുരക്ഷയ്ക്കായി സ്വീകരിക്കുന്ന ഓരോ നയതീരുമാനത്തിലും ചട്ടങ്ങളിലും നിയമങ്ങളിലും സുസ്ഥിരവികസനം മുഖ്യപരിഗണനയായി മാറണം.

ഇതിന് ആദ്യം വേണ്ടത് നമ്മുടെ ജൈവവൈവിധ്യത്തെകുറിച്ചുള്ള വിശദമായ അറിവും അതിന്റെ വ്യാപനവുമാണ്. വികസന പ്രവർത്തനങ്ങളുടെ അടിസ്ഥാനതല ആസൂത്രണ, നിർവഹണ ഏജൻസി എന്ന നിലയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ കേരള ജൈവവൈവിധ്യ ബോർഡ് സംസ്ഥാന, ജില്ലാ, ബ്ലോക്ക്, ഗ്രാമ, നഗരങ്ങളിൽ രൂപം നൽകുന്ന ജൈവവൈവിധ്യ പരിപാലന സമിതികൾ വഴി ഈ ദൗത്യം ഏറ്റെടുക്കേണ്ടതുണ്ട്. ◆

കരുതുക ഓരോ തുള്ളിയും

ഡോ. വി. സുഭാഷ് ചന്ദ്രബോസ്

ലോകത്തിലേറ്റവും കൂടുതൽ മഴ ലഭിക്കുന്ന പ്രദേശങ്ങളിൽപ്പെടുന്ന മൺസൂണിന്റെ കവാടം കൂടിയായ കേരളം നിരവധി മേഖലകളിൽ ലോകത്തിനു തന്നെ മാതൃകയാണ്. കുടുംബാസൂത്രണവും സാക്ഷരതയും സാർവ്വത്രിക പ്രാഥമിക വിദ്യാഭ്യാസവും ആരോഗ്യവും ഭൂപരിഷ്ക്കരണവുമുൾപ്പെടെ എല്ലാനന്മകളേയും നെഞ്ചേറ്റിയ പ്രകൃതിയുടെ സ്വന്തം കൈയൊപ്പിൽ തീർത്ത നമ്മുടെ കേരളം ഇനി ഏറ്റെടുക്കേണ്ടത് ജലസംരക്ഷണ യജ്ഞമാണ്. കാർഷിക പ്രവർത്തനങ്ങളുടെ ഭാഗമായി നല്ലതു പോലെ കേരളത്തിൽ ജലസംരക്ഷണം നടന്നിരുന്നു. ബഹുവിള കൃഷിയിൽ നിന്നും ഏക, നാണ്യ, വാണിജ്യ വിളകളിലേയ്ക്കുള്ള മാറ്റം ഏറ്റവും കൂടുതൽ ബാധിച്ചത് ജലസംരക്ഷണ മേഖലയിലാണ്. മഴയെകരുതിയും ജലം സംരക്ഷിച്ചും പോരുന്ന കാര്യത്തിൽ വളരെയേറെ മലയാളി ശ്രദ്ധിച്ചിരുന്നു. പക്ഷെ കാർഷിക സംസ്കൃതിയിൽ നിന്നുള്ള മാറ്റം എല്ലാറ്റിനേയും തകിടം മറിച്ചു. പ്രതിവർഷം മൂവായിരം മില്ലീമീറ്റർ മഴ ലഭിക്കുന്ന സംസ്ഥാനത്ത് ഒരു കാരണവശാലും വരൾച്ചയുണ്ടാകാൻ പാടില്ലാത്തതാണ്. പ്രകൃതിപരമായ പ്രത്യേകതകളും മനുഷ്യപരമായ ഇടപെടലുകളും കാരണം മഴക്കാലത്ത് വെള്ളപ്പൊക്കവും തുടർന്ന് വേനലിൽ വരൾച്ചയുമെന്നതാണ് അവസ്ഥ. ഏറ്റവും കൂടുതൽ വെള്ളം ബാഷ്പീകരിച്ചുകളയുന്ന തെങ്ങും ധാരാളം വെള്ളമെടുക്കുന്ന റബറും വ്യാപകമായപ്പോൾ നഷ്ടപ്പെട്ടത് ജലസമ്പന്നത കൂടിയാണ്. കൃത്രിമ ജലസംരക്ഷണത്തിന്റെ കാര്യത്തിൽ കേരളത്തിൽ നല്ല മാതൃകകളുണ്ട്. കെട്ടിട സമുച്ചയത്തിൽ പെയ്തു വീഴുന്ന മഴയെ കിണറുകളിലും ഉപേക്ഷിക്കപ്പെട്ട പാറമടകളിലും ശേഖരിച്ചുവന്ന ജലസംരക്ഷണ മാതൃകകൾ മുന്നിലുണ്ട്.

കേരളത്തിലെ തീരപ്രദേശങ്ങൾ മുതൽ മലനാട് വരെയുള്ള

മേഖലകളിൽ ഓരോ പ്രദേശത്തിന്റെയും ഭൗതിക, ഭൂമിശാസ്ത്ര, സാമൂഹ്യ, സാമ്പത്തിക ഘടകങ്ങൾ പരിഗണിച്ചു കൊണ്ടുള്ള ജലസംരക്ഷണ രീതികളാണ് ഏറ്റെടുക്കേണ്ടത്. മണ്ണിന്റെ ഘടന, സ്വഭാവം, ആഴം, തരങ്ങൾ, ഭൂമിയുടെ ചരിവ്, കാർഷിക രീതികൾ, പാറയുടെ സ്വഭാവം, ആഴം എന്നിവയൊക്കെ കണക്കിലെടുത്തുള്ള മാർഗ്ഗങ്ങളാണ് അവലംബിക്കേണ്ടത്.

ജലസംരക്ഷണത്തിന്റെ ഭാഗമായി രണ്ടടി നീളത്തിലും വീതിയിലും ആഴത്തിലുമുള്ള മഴക്കുഴികൾ ഇടനാട് പ്രദേശങ്ങളിൽ കൂടുതലായി തയ്യാറാക്കാവുന്നതാണ്. കളിമണ്ണ് കുറവുള്ള മഴവെള്ളം പെട്ടെന്ന് ഊർന്നിറങ്ങുന്ന മണ്ണ് മഴക്കുഴികൾക്ക് അനുയോജ്യമാണ്. എടുക്കുന്ന കുഴികളിൽ മൂന്നു ദിവസം തുടർച്ചയായി വെള്ളം കെട്ടി നിൽക്കാതിരിക്കുന്ന സ്ഥലങ്ങളിൽ ഇവ നല്ല രീതിയാണ്. ഓരോ പറമ്പിലും ഒരു കുഴി വീതം എടുത്ത ശേഷം ജലം താഴേക്ക് പോകുന്നത് മനസ്സിലാക്കി കൂടുതൽ കുഴികൾ നിർമ്മിക്കുവാൻ കഴിയുന്നതാണ്..

സംസ്ഥാനത്ത് എഴുപത്തെട്ട് ലക്ഷം കുടുംബങ്ങൾക്കായി എൺപതു ലക്ഷത്തോളം കിണറുകളുണ്ട്. ഇവയിൽ ഭൂരിഭാഗവും മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ വറ്റി പോകാറുണ്ട്. പുരപ്പുറങ്ങളിൽ വീഴുന്ന മഴവെള്ളത്തെ ചല്ലി. മണൽ, ചിരട്ടക്കരി എന്നിവ ഉപയോഗിച്ച് ശുദ്ധീകരിച്ച് കിണറുകളിലേയ്ക്ക് നിറക്കുന്നതും നല്ലതാണ്.

ഉപേക്ഷിക്കപ്പെട്ട നൂറുകണക്കിന് കരിങ്കൽ, ലാറ്ററൈറ്റ് പാറമടകൾ നമ്മുടെ നാട്ടിലുണ്ട്. ഇവയൊക്കെ നല്ല മഴവെള്ള സംഭരണികളാക്കി മാറ്റാവുന്നതാണ്. സിൽപോളിൻ, പടുത എന്നിവ ഉപയോഗിച്ച് കൃത്രിമ കുളങ്ങൾ തയ്യാറാക്കി കോടികണക്കിനു ലിറ്റർ മഴവെള്ളം ശേഖരിച്ച് ഉപയോഗിക്കുന്ന രീതി സംസ്ഥാനത്ത് പ്രചാരത്തിലുണ്ട്.

സംസ്ഥാനത്ത് എഴുപത്തെട്ട് ലക്ഷം കുടുംബങ്ങൾക്കായി എൺപതു ലക്ഷത്തോളം കിണറുകളുണ്ട്. ഇവയിൽ ഭൂരിഭാഗവും മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ വറ്റിപോകാറുണ്ട്. പുരപ്പുറങ്ങളിൽ വീഴുന്ന മഴവെള്ളത്തെ ചല്ലി. മണൽ, ചിരട്ടക്കരി എന്നിവ ഉപയോഗിച്ച് ശുദ്ധീകരിച്ച് കിണറുകളിലേയ്ക്ക് നിറക്കുന്നതും നല്ലതാണ്. തുലാവർഷ മഴക്കാലമായ ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിലെയും വേനൽ മഴയെയും ഇങ്ങനെ കടത്തി വിടുന്നതിലൂടെ കിണറുകളുടെ ജലശേഷിയും ജലശുദ്ധിയും വർദ്ധിക്കും. ആയിരംചതുരശ്ര അടി വിസ്തീർണ്ണമുള്ള കേരളത്തിലെ ഒരു മേൽക്കൂരയിൽ മൂന്നു ലക്ഷം മുതൽ അഞ്ചു ലക്ഷം ലിറ്റർ വരെ മഴയാണ് വർഷം തോറും പെയ്തു വീഴുന്നത്. പുരപ്പുറങ്ങളിലെ മഴവെള്ളത്തെ ചെലവു കുറഞ്ഞ ഫെറോസിമന്റ് ടാങ്കുകൾ, മറ്റ് സംഭരണികൾ എന്നിവയിൽ സംഭരിച്ച് ഉപയോഗിക്കുന്ന നിരവധി മാതൃകകൾ കേരളത്തിലാകെയുണ്ട്.

ഓടുന്ന വെള്ളത്തെ നടത്തിയും നടക്കുന്നവയെ നിറുത്തിയും നിൽക്കുന്നവയെ ഇരുത്തിയും ഇരിക്കുന്നവയെ കിടത്തിയും കിടക്കുന്നവയെ ഉറക്കിയും ഒഴുകുന്ന വെള്ളത്തെ കൈകാര്യം ചെയ്യുകയെന്നതാണ് ജലസംരക്ഷണത്തിലെ അടിസ്ഥാന തത്വമായി സ്വീകരിക്കേണ്ടത്. തൽസ്ഥല ജലപരിപാലനമാണാവശ്യം. വീഴുന്നിടത്ത് താഴട്ടെ മഴ എന്നതാവണം രീതി.

വിവിധ പ്രദേശങ്ങളിൽ മൺ കയ്യാലകൾ, കല്ലു കയ്യാലകൾ, കോണ്ടൂർ ട്രഞ്ചുകൾ, വരമ്പുകൾ എന്നിവ ചരിവിന്റെ പ്രത്യേകതകൾ കൂടി കണക്കാക്കി നിർമ്മിക്കാവുന്നതാണ്. ചരിവിനു കുറുകെ കൃഷി ചെയ്യുന്നതും തെങ്ങിനുൾപ്പെടെ തടമെടുക്കുന്നതും നല്ലൊരു ജലസംരക്ഷണ രീതിയാണ്. തോടുകളിൽ സ്ഥിരമായുള്ളതും താൽക്കാലികമായതുമായ തടയണങ്ങൾ നിർമ്മിച്ച് നീരൊഴുക്ക് ക്രമീകരിക്കുവാൻ സാധിക്കുന്നതാണ്. പാഴ്തടികൾ, കല്ലുകൾ, ചെടികൾ, മുളകൾ എന്നിവ ഉപയോഗിച്ചുള്ള താല്കാലിക തടയണകൾ കൂടുതൽ പരിസ്ഥിതി സൗഹൃദവുമാണ്. ഭൂമിക്കടിയിലും ഉപോപരിതലത്തിലും സജ്ജമാക്കുന്ന അടിയണകൾ നല്ലൊരു ജലസംരക്ഷണ മാർഗമാണ്.

രാമച്ചം, ചെമ്പരത്തി, സുബാബുൾ തുടങ്ങിയവ ഉപയോഗിച്ച് ജൈവ വേലികളും പറമ്പുകളിൽ ജൈവതിട്ടകളും തയ്യാറാക്കുന്നത് ജലത്തെ കൂടുതൽ ആഗിരണം ചെയ്യുവാൻ സഹായിക്കും. മാത്രമല്ല വേനൽക്കാലത്തെ പ്രതിരോധിക്കുവാനുള്ള പുതയിടലിനായി ഇത്തരം സസ്യങ്ങളുടെ ഇലകളും ചില്ലകളും ഉപയോഗിക്കാവുന്നതാണ്. മഴക്കാലത്ത് ജലം സംഭരിക്കുന്ന പോലെ തന്നെ പ്രധാനമാണ് ലഭ്യമായ വെള്ളത്തെ വേനൽകാലത്ത് സംരക്ഷിക്കുകയെന്നതും.

വീടുകളുടെയും ഫ്ളാറ്റുകളുടെയും മറ്റ് കെട്ടിടങ്ങളുടെയും ചുറ്റും പൂർണ്ണമായും സിമന്റിട്ട് മഴവെള്ളത്തെ ഒഴുക്കി കളയരുത്. തമിഴ്നാട് മാതൃകയിൽ ചെറിയ അറകൾ സജ്ജമാക്കി മഴവെള്ളത്തെ മണ്ണിലേയ്ക്ക് താഴ്ത്തുന്നത്. ഭൂജലശേഷി വർദ്ധിപ്പിക്കുവാനും വെള്ളക്കെട്ട്, വെള്ളപ്പൊക്കം എന്നിവ ഒഴിവാക്കുവാനും വളരെയേറെ സഹായകമാണ്.

റോഡുകളുടെ നിശ്ചിത ഇടവേളകളിൽ വശങ്ങളായി തയ്യാറാക്കുന്ന അറകളിലൂടെ മഴവെള്ളം താഴ്ത്തിയാൽ വെള്ളപ്പൊക്കം ഒഴിവാക്കുവാനും റോഡുകളുടെ പെട്ടെന്നുള്ള നാശം ഇല്ലാതാക്കുവാനും കഴിയുന്നതാണ്.

ഓരോ വീടുകളിലും ക്യാമ്പസുകളിലും ജലസംരക്ഷണ പരിപാടികൾ നടപ്പിലാക്കുവാനാണ് നാം ശ്രമിക്കേണ്ടത്. ജലസൗഹൃദ കെട്ടിടങ്ങളാണ് നമുക്ക് ഇനി വേണ്ടത്. ശുദ്ധജലത്തിന്റെ ദുർവിനിയോഗവും വലിയൊരു പ്രശ്നമാണ്. ശുദ്ധജലത്തിന്റെ ശുദ്ധജലത്തിന്റെ യുക്തിപൂർണ്ണവും അച്ചടക്കവുമുള്ള ഉപയോഗവും ഒരർത്ഥത്തിൽ ജലസംരക്ഷണം തന്നെയാണ്. പ്രകൃതിദത്ത ജലസംഭരണികളായ കാടുകൾ, കാവുകൾ, കുളങ്ങൾ, നദികൾ, തോടുകൾ, തണ്ണീർതടങ്ങൾ, വയലുകൾ എന്നിവ പരമാവധി നിലനിറുത്തിയാൽ മാത്രമെ ലഭിക്കുന്ന മഴയെ സംഭരിച്ച് കരുതാനാവൂ.

ലഭിക്കുന്ന മഴയെ കരുതിയും സംഭരിച്ചും ജലസ്രോതസ്സുകൾ ശുദ്ധമായി നിലനിറുത്തിയും മാത്രമെ സമ്പൂർണ്ണ ജലസംരക്ഷണം ഉറപ്പാക്കാനാവൂ. നിലവിലുള്ളവ സംരക്ഷിക്കുന്നതോടൊപ്പം സമഗ്രവും ശാസ്ത്രീയവുമായ മണ്ണ്, ജലസംരക്ഷണ പ്രവർത്തനങ്ങളാണ് നാം ഏറ്റെടുക്കേണ്ടത്. മണ്ണാണ് ഏറ്റവും വലിയ ജലസംഭരണി, ജലം കരുതുവാൻ മണ്ണൊരുക്കണം. മണ്ണൊരുക്കുവാൻ മനസ്സൊരുങ്ങേണ്ടതുണ്ട്. മനസിലാണ് ആദ്യം മഴ പെയ്യേണ്ടത്. പെയ്തൊഴിയുന്ന ഓരോ തുള്ളിയും മൺമറയുന്ന ഓരോ ജലസ്രോതസ്സും നമ്മുടെ കുടുവെള്ളമാണ് ഇല്ലാതാക്കുന്നത്. എന്ന തിരിച്ചറിവ് നമുക്കുണ്ടാവണം. ചെറുതും വലുതുമായ ജലസംരക്ഷണ പ്രവർത്തനങ്ങളിലൂടെ മാത്രമെ ലക്ഷ്യം നേടാനാവുകയുള്ളൂ. കാലഘട്ടത്തിന്റെ ആവശ്യം കൂടിയാണവ. ◆

ലേഖകൻ സി.സി.ഡി.യു. ഡയറക്ടറാണ്

റാബീസ് അഥവാ പേവിഷബാധ

ഡോ. ജോസ്മോൻ ജോർജ്

പ്രഭാതത്തിൽ ആലസ്യത്തോടെ പത്രത്താളുകളിലൂടെ കണ്ണോടിക്കുമ്പോൾ കൈയിൽ ഡ്രസിങ്ങുമായി അമ്മയുടെ തോളിലിരിക്കുന്ന 7 വയസ്സുകാരന്റെ ചിത്രം കണ്ണിലുടക്കി, ഒപ്പം വാർത്തയുടെ തലക്കെട്ടും 'സ്കൂളിൽ നിന്നും മടങ്ങുകയായിരുന്ന വിദ്യാർത്ഥിയെ തെരുവു നായ ആക്രമിച്ചു'. പല ദിവസങ്ങളിലും ഇത്തരത്തിലുള്ള വാർത്തകൾ പിന്നീട് കണ്ടു. കൂടെ പേവിഷബാധയ്ക്കെതിരെയുള്ള മരുന്നിന്റെ ദൗർബല്യതയുടെ ദയനീയ ചിത്രവും. കൃത്യസമയത്ത് ചികിത്സിച്ചാൽ 100 ശതമാനം ഫലപ്രദമായി തടയുവാൻ കഴിയുന്നതും ചികിത്സിച്ചില്ലെങ്കിൽ, രോഗമുണ്ടായാൽ 100 ശതമാനം മരണം സംഭവിക്കുന്നതുമായ മാരകമായ രോഗമാണ് റാബീസ് അഥവാ പേ വിഷബാധ. നമ്മുടെ നാട്ടിൽ അലഞ്ഞുതിരിഞ്ഞുനടക്കുന്ന തെരുവു നായ്ക്കളുടെ എണ്ണം ദിനംപ്രതി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ധൈര്യപ്പെട്ട് തെരുവിലിറങ്ങി നടക്കുവാൻ ഭയപ്പെടേണ്ടിയിരിക്കുന്നു. പ്രതിരോധകുത്തിവയ്പ്പ് കൃത്യസമയത്ത് എടുക്കുന്നതുപോലെ തന്നെ പ്രധാനമാണ് പേവിഷബാധയുണ്ടാകാതെ നോക്കുക എന്നുള്ളത്. ഇതിനു ജനങ്ങളുടെയും പ്രാദേശിക സംസ്ഥാന ദേശീയ ഗവണ്മെന്റുകളുടെയും കൂട്ടായ ശ്രമം ആവശ്യമാണ് എന്താണ് റാബീസ് അഥവാ പേവിഷബാധ? ലോകത്തിലെ എല്ലാ രാജ്യങ്ങളിലും ഇതുകാണപ്പെടുന്നുണ്ടോ?

റാബീസ് അഥവാ പേവിഷബാധ ഹൈഡ്രോഫോബിയ (Hydrophobia) എന്നും അറിയപ്പെടുന്നു. ടൈപ്പ് 1 ലാസ്സാ വൈറസ് (Lassavirus Type1) വിഭാഗത്തിൽപ്പെട്ട വൈറസ് മൂലമുണ്ടാകുന്ന നാഡീവ്യൂഹത്തെ (Central Nervous System) ബാധിക്കുന്ന അതിമാരകമായ രോഗമാണ് പേവിഷബാധ. പട്ടികൾ, പൂച്ചകൾ, ചെന്നായ്, കുറുക്കൻ എന്നീ മൃഗങ്ങളിൽ കാണപ്പെടുന്ന ഈ രോഗം മനുഷ്യനിലേക്ക് പകരുന്നത്. രേഗമുള്ള മൃഗങ്ങളുടെ കടി, നക്കൽ (licks) എന്നിവയിലൂടെയാണ്. 100 ശതമാനം മരണകാരണമായ, മനുഷ്യനിൽ

കാണുന്ന ഒരേയൊരു പകർച്ചവ്യാധി യാണ് പേവിഷബാധ.

ആസ്ട്രേലിയ, ചൈന, ഐർലാന്റ്, ജപ്പാൻ, ന്യൂസിലാന്റ്, ഇംഗ്ലണ്ട്, ഫിൻലാൻഡ്, നോർവേ, സ്വീഡൻ തുടങ്ങിയ രാജ്യങ്ങൾ റാബീസ് വിമുക്ത രാജ്യങ്ങളാണ്. ഇന്ത്യയിൽ തന്നെ ലക്ഷദ്വീപ് സമൂഹങ്ങൾ, ആൻഡമാൻ നിക്കോബാർ ദ്വീപ് സമൂഹങ്ങൾ എന്നിവിടങ്ങളിൽ പേവിഷബാധ കാണുന്നില്ല. ഏകദേശം 150 ഓളം രാജ്യങ്ങളിൽ പേവിഷബാധ കാണപ്പെടുന്നു.

ധാരാളം മാംസഭോജികളായ മൃഗങ്ങളിലും വവ്വാലുകളിലും പേവിഷബാധ കാണപ്പെടാറുണ്ടെങ്കിലും മനുഷ്യരിൽ കാണപ്പെടുന്ന പേവിഷബാധയിൽ 99 ശതമാനം രോഗങ്ങളും പകരുന്നത് നായ്ക്കളിൽ നിന്നാണ്. ലോകത്തിൽ ഏകദേശം 330 കോടി ജനങ്ങളാണ് പേവിഷബാധ ഏൽക്കുവാൻ സാധ്യതയുള്ള ഗണത്തിൽ പെടുന്നത്.

പേവിഷബാധമൂലമുള്ള മരണങ്ങൾ ഏറ്റവും കൂടുതൽ നടക്കുന്നത് ആഫ്രിക്കയിലും ഇന്ത്യയിലുമാണ്. ഇന്ത്യയിൽ ശരാശരി 20,000 പേവിഷബാധമുലമുള്ള മരണങ്ങൾ പ്രതിവർഷം നടക്കുമ്പോൾ ആഫ്രിക്കയിലെ റാബീസ്മൂലമുള്ള പ്രതിവർഷ മരണനിരക്ക് 24,000 ആണ്. ധാരളം മരണങ്ങൾ റിപ്പോർട്ട് ചെയ്യാതെ പോകുന്നതിനാൽ യഥാർത്ഥ കണക്ക് ഇതിലും അധികം ആയിരിക്കും.

എല്ലാ പ്രായത്തിലുള്ള ആളുകളിലും റാബീസ് കാണപ്പെടുന്നുണ്ടെങ്കിലും 15 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികൾക്കാണ് പേവിഷബാധയേൽക്കാനുള്ള സാദ്ധ്യത കൂടുതൽ. ടാൻസാനിയ റിപ്പബ്ലിക്കിൽ 15 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളിൽ പ്രായപൂർത്തിയായവരെക്കാൾ 5 ഇരട്ടി പേവിഷബാധ കാണപ്പെടുന്നു. ലോകത്താകമാനമുള്ള പേവിഷബാധയ്ക്കെതിരായുള്ള പ്രതിരോധകുത്തിവയ്പ്പെടുക്കുന്ന 15 ദശലക്ഷം ആളുകളിൽ ഭൂരിഭാഗവും ചൈന ഇന്ത്യ എന്നീ രാജ്യങ്ങളിൽ നിന്നുള്ളവരാണ്. പ്രതിരോധ കുത്തിവയ്പ്പ് എടുത്തില്ലെങ്കിൽ, ആഫ്രിക്കയിലും ഏഷ്യാ ഭൂഖണ്ഡത്തിലും മാത്രം പ്രതിവർഷം 327,000 ആളുകൾ പേവിഷബാധമൂലം മരിക്കും എന്ന് കണക്കാക്കപ്പെടുന്നു.

എല്ലാ പ്രായത്തിലുള്ള ആളുകളിലും റാബീസ് കാണപ്പെടുന്നുണ്ടെങ്കിലും 15 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികൾക്കാണ് പേവിഷബാധയേൽക്കാനുള്ള സാദ്ധ്യത കൂടുതൽ. ടാൻസാനിയ റിപ്പബ്ലിക്കിൽ 15 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളിൽ പ്രായപൂർത്തിയായവരെക്കാൾ 5 ഇരട്ടി പേവിഷബാധ കാണപ്പെടുന്നു.

എവിടെനിന്നും എങ്ങനെയാണ് പേവിഷബാധ മനുഷ്യന് ലഭിക്കുന്നത്? ഇതിനുള്ള പ്രധാന കാരണങ്ങൾ എന്തൊക്കെയാണ്?

റാബ്ഡോവൈറിഡേ (Rhabdoviridae) വിഭാഗത്തിൽപ്പെട്ട ലാസ്സാവൈറസ് ടൈപ്പ് I (Lassavirus Type I) എന്ന വെടിയുണ്ടയുടെ ആകൃതിയിലുള്ള വൈറസ്സാണ് പേവിഷബാധയുണ്ടാക്കുന്ന രോഗാണു. Type 2, 3, 4 വിഭാഗത്തിലുള്ള പേവിഷബാധപോലെയുള്ള രോഗലക്ഷണങ്ങളുള്ള അസുഖം ഉണ്ടാക്കുന്ന വൈറസുകളും കാണപ്പെടുന്നു. റാബീസ് വൈറസിൽ ഗ്ലൈക്കോപ്രോട്ടീൻ, ന്യൂക്ലിയോ എന്നീ പ്രോട്ടീൻ രണ്ട് തരത്തിലുള്ള ആന്റിജനുകൾ പ്രധാനമായും കാണുന്നു.

മനുഷ്യനിലേയ്ക്ക് റാബീസ് രോഗം പകരുന്നത് രോഗമുള്ള മൃഗങ്ങളുടെ ഉമിനീരിലൂടെയാണ്. റാബീസ് രോഗമുള്ള നായ്ക്കളുടെയും പൂച്ചകളുടെയും ഉമിനീരിൽ രോഗലക്ഷണങ്ങൾ കാണുന്നതിന് 4 ദിവസം മുതൽ മൃഗം മരണമടയുന്നതുവരെ റാബീസ് വൈറസുകൾ കാണപ്പെടുന്നു. എല്ലാ ഉഷ്ണരക്തമുള്ള മൃഗങ്ങളും റാബീസ് രോഗബാധയേൽക്കുവാൻ സാദ്ധ്യതയുള്ളവരാണ്.

ഭാരതത്തിൽ 1 മുതൽ 24 വയസ്സുവരെ പ്രായമുള്ളവരിലാണ് പേവിഷബാധ കൂടുതലായി കാണപ്പെടുന്നത്. റാബീസ് വൈറസിനെ കൈകാര്യം

ചെയ്യുന്ന പരീക്ഷണശാലകളിൽ (Laboratories) പ്രവർത്തിക്കുന്നവർ, മൃഗചികിത്സാ രംഗത്ത് പ്രവർത്തിക്കുന്നവർ, നായ്ക്കളെ കൈകാര്യം ചെയ്യുന്നവർ, വേട്ടക്കാർ, മൃഗസംരക്ഷണ രംഗത്തു പ്രവർത്തിക്കുന്നവർ എന്നിവർ സാധാരണ ജനങ്ങളെക്കാൾ പേവിഷബാധയേൽക്കുവാൻ സാദ്ധ്യത കൂടുതൽ ഉള്ളവരാണ്.

മനുഷ്യന് പേവിഷബാധയുണ്ടാക്കുന്ന രോഗമുള്ള മൃഗങ്ങളിൽ പ്രധാനമായും നായയുടെ ആഴത്തിലുള്ള കടിയോ, മാന്തലോ (Scratch) ഏൽക്കുമ്പോഴാണ്. ആഫ്രിക്കയിലും, ഏഷ്യയിലും റാബീസ് രോഗാണുവിന്റെ പ്രധാന ആവാസകേന്ദ്രവും രോഗവാഹകരും രോഗം പകർത്തുന്നതും നായ്ക്കളാണ്. അമേരിക്കയിലും, കാനഡയിലും ചിലയിനം വവ്വാലുകൾ റാബീസ് രോഗം പകർത്തുന്നതായി കാണുന്നു. അതുപോലെ തന്നെ പശ്ചിമയൂറോപ്പിലും, ലാറ്റിൻ അമേരിക്കയിലും വവ്വാലുകൾ രോഗം പകർത്താറുണ്ടെങ്കിലും ഇവരുടെ എണ്ണം നായ്ക്കളിൽ നിന്നും പേവിഷബാധയേറ്റു മരിക്കുന്നവരുടെ എണ്ണത്തേക്കാൾ വളരെ കുറവാണ്.

അപൂർവ്വമായി കുറുക്കന്മാർ, ചെന്നായ്ക്കൾ, കീരികൾ, റാക്കൂൺസ് എന്നിവയിൽനിന്നും മനുഷ്യർക്ക് പേവിഷബാധയേൽക്കാം. അതുപോലെ റാബീസ് രോഗാണുവുള്ള വായുകുമിളകൾ ശ്വസിക്കുന്നതിലൂടെ, വളരെ അപൂർവ്വമായി രോഗം മനുഷ്യന് ലഭിക്കാം. റാബീസ് രോഗമുള്ള മൃഗത്തിന്റെ പച്ചമാംസമോ അല്ലെങ്കിൽ മറ്റു ശരീരഭാഗങ്ങളോ കഴിക്കുന്നതിലൂടെ മനുഷ്യർക്ക് പേവിഷബാധ ഉണ്ടാകില്ല. റാബീസ് രോഗാണു മുറിവുകളിലൂടെയും മൃദുചർമ്മത്തിലൂടെയുമാണ് മനുഷ്യശരീരത്തിലേക്ക് കടക്കുന്നത്.

മനുഷ്യരിൽ പേവിഷബാധയേറ്റാൽ എത്രനാൾ കഴിഞ്ഞാണ് രോഗലക്ഷണങ്ങൾ കാണപ്പെടുന്നത്?

മനുഷ്യരിൽ റാബീസ് രോഗാണു ശരീരത്തിൽ കടന്നതിനുശേഷം രോഗലക്ഷണങ്ങൾ പ്രത്യക്ഷമാകുന്ന കാലയളവ് (Incubation period) വളരെ വ്യത്യസ്തമാണ്. സാധാരണയായി ഇത് 1 മാസം മുതൽ 3 മാസം വരെയാണ്. എന്നാൽ Incubation period 7 ദിവസം മുതൽ വളരെ വർഷങ്ങൾ വരെയുമാകും. ഇൻക്യുബേഷൻ പിരീയഡ്, കടിയേൽക്കുന്ന ശരീരഭാഗം, മുറിവിന്റെ ആഴം, മുറിവുകളുടെ എണ്ണം, ശരീരത്തിൽ കയറുന്ന വൈറസുകളുടെ എണ്ണം, കടിക്കുന്ന മൃഗത്തിന്റെ species, ലഭിക്കുന്ന ചികിത്സ എന്നിങ്ങനെ ധാരാളം കാര്യങ്ങളെ ആശ്രയിച്ചിരിക്കും. സാധാരണയായി മുഖം, തല, കഴുത്ത്, കൈപ്പത്തികൾ എന്നിവിടങ്ങളിലുള്ള കടികൾ, വന്യമൃഗങ്ങളിൽ നിന്നുള്ള കടികൾ എന്നിവയിൽ ഇൻക്യുബേഷൻ പിരീയഡ് ഹ്രസ്വമായിരിക്കും; അഥവാ രോഗലക്ഷണങ്ങൾ വേഗത്തിൽ പ്രത്യക്ഷപ്പെടും.

റാബീസ് രോഗാണു കടിയേൽക്കുന്ന ഭാഗത്തെ മാംസപേശികളിലോ, അനുബന്ധ കോശങ്ങളിലോ പെറ്റുപെരുകും. ഇവ തുടർന്ന് ഞരമ്പുകളിലൂടെ (peripheral nerves) തലച്ചോറ്, സുഷുമ്ന തുടങ്ങിയ അവസരങ്ങളിലേക്ക് പകരുന്നു. അവിടെ നിന്നും രോഗാണു മാംസപേശികൾ, ഹൃദയപേശികൾ, ത്വക്ക്, അഡ്രീനൽ ഗ്ലാൻഡുകൾ എന്നിവയിലേക്ക് പടരുന്നു. ഉമിനീർ ഗ്രന്ഥികളിൽ എത്തിയെങ്കിൽ മാത്രമേ രോഗം മറ്റു ജീവികളിലേക്ക് പകരുകയുള്ളൂ.

മനുഷ്യനിൽ കാണുന്ന റാബീസ്

മനുഷ്യനിൽ കാണുന്ന റാബീസിന്റെ രോഗലക്ഷണങ്ങൾ എന്തൊക്കെയാണ്?

മനുഷ്യനിൽ കാണുന്ന പേവിഷബാധയെ ഹൈഡ്രോഫോബിയ (Hydrophobia) എന്നു വിളിക്കുന്നു. Hydro - വെള്ളം, phobia - പേടി). തലവേദന, ക്ഷീണം, തൊണ്ടവേദന, ചെറിയ പനി എന്നിവയാണ് പ്രാഥമിക രോഗലക്ഷണങ്ങൾ. ഇത് 3 മുതൽ 4 ദിവസം വരെ നീണ്ടുനിൽക്കാം. 80 ശതമാനം രോഗികളും കടിയേറ്റ സ്ഥലത്ത് വേദനയോ മരവിപ്പോ, തരിപ്പോ അനുഭവപ്പെടുന്നതായി പറയാറുണ്ട്. പേവിഷബാധയെ സൂചിപ്പിക്കുന്ന പ്രധാന രോഗലക്ഷണമാണ് കടിയേറ്റ സ്ഥലത്തുള്ള ഈ വേദനയും തരിപ്പും.

തുടർന്ന് ശബ്ദം, ശക്തമായ വെളിച്ചം, തണുത്ത കാറ്റ് എന്നിവ ഏൽക്കുമ്പോൾ രോഗി വളരെയധികം അസ്വസ്ഥനാകുന്നു. കാറ്റിനെയുള്ള പേടി (Aero phobia) റാബീസ് രോഗികളിൽ മാത്രം കാണപ്പെടുന്ന രോഗനിർണ്ണയത്തിനു സഹായകരമാകുന്ന രോഗലക്ഷണമാണ്. ഇങ്ങനെയുള്ള രോഗികളിൽ മുഖത്ത് ഊതുകയോ, ചെറുതായി വീശുകയോ ചെയ്യുമ്പോൾ തൊണ്ടയിലെയും കഴുത്തിലെയും മാംസപേശികൾ വലിഞ്ഞു മുറുകയും രോഗി മരണവെപ്രാളം കാണിക്കുകയും ചെയ്യും. കൂടാതെ മാംസപേശികൾ വലിഞ്ഞു മുറുകുക (Muscle sparme), കൃഷ്ണമണികൾ വികസിച്ചിരിക്കുക, അമിതമായി ഉമിനീർ വരിക, കണ്ണുനീർ വരിക, ത്വരിത ഗതിയിലുള്ള ശ്വാസോച്ഛ്വാസം, മരണഭീതി, ദേഷ്യം, അസ്വസ്ഥത, നിരാശ, പെട്ടെന്ന് പ്രകോപിതരാകുക എന്നീ ലക്ഷണങ്ങളും പേവിഷബാധയേറ്റ രോഗികളിൽ കാണപ്പെടാറുണ്ട്. രോഗം മൂർഛിക്കുമ്പോൾ മേൽപ്പറഞ്ഞ രോഗലക്ഷണങ്ങൾ തീവ്രമാകുകയും ദ്രാവക പദാർത്ഥങ്ങൾ കഴിക്കുമ്പോൾ ബുദ്ധിമുട്ട് അനുഭവപ്പെടുകയും ചെയ്യുന്നു. രോഗത്തിന്റെ മൂർദ്ധന്യാവസ്ഥയിൽ വെള്ളം കാണുകയോ, അതിന്റെ ശബ്ദം കേൾക്കുകയോ ചെയ്യുമ്പോൾ പോലും തൊണ്ടയിലെ മാംസപേശികൾ വലിഞ്ഞുമുറുകി രോഗി മരണവെപ്രാളം കാണിക്കും. ഈ അവസ്ഥയ്ക്കാണ് ഹൈഡ്രോഫോബിയ (fear of water) എന്ന് പറയുന്നത്. Hydrophobia എന്നത് മനുഷ്യരിൽ കാണുന്ന റാബീസ് രോഗത്തിന്റെ പ്രത്യേകതയാണ്. ഇത് റാബീസ് ഉള്ള മൃഗങ്ങളിൽ കാണാറില്ല. ഈ രോഗലക്ഷണങ്ങൾ സാധാരണയായി 2 മുതൽ 3 ദിവസം വരെ കാണുന്നു. തുടർന്നുണ്ടാകുന്ന അപസ്മാരത്തിൽ രോഗി മരിക്കുകയോ അല്ലെങ്കിൽ പൂർണ്ണമായ തളർച്ചയിലേക്കോ (paralysis), അബോധാവസ്ഥയിലേക്കോ (Coma) രോഗി എത്തിച്ചേരുകയോ ചെയ്യുന്നു. സാധാരണയായി എല്ലാ രോഗികളും മരണത്തിന് കീഴടങ്ങേണ്ടി വരും. ഇതുവരെ ലോകത്തിൽ പേവിഷബാധയേറ്റ 3 രോഗികൾ മാത്രമേ സുഖപ്പെട്ടിട്ടുള്ളൂ.

എങ്ങനെയാണ് റാബീസ് രോഗം ഉണ്ടെന്ന് സ്ഥിരീകരിക്കുന്നത്?

രോഗബാധയുള്ള മൃഗത്തിൽനിന്നുള്ള കടിയേറ്റതായുള്ള history, മേൽപ്പറഞ്ഞ രോഗലക്ഷണങ്ങൾ എന്നിവയിൽ നിന്നും പേവിഷബാധ സ്ഥിരീകരിക്കുവാൻ സാധിക്കും. രോഗത്തിന്റെ പ്രാഥമിക ദിവസങ്ങളിൽ ഇമ്യൂണോഫ്ളൂറസൻസ് അസ്സേ, ത്വക്ക് ബയോപ്സി, ഉമിനീർ, മറ്റു ആന്തരിക ദ്രവങ്ങൾ എന്നിവയിൽനിന്ന് റാബീസ് വൈറസിനെ വേർതിരിച്ചെടുക്കുക എന്നീ മാർഗ്ഗങ്ങളിലൂടെ രോഗനിർണ്ണയം നടത്തുവാൻ സാധിക്കും.

പേവിഷബാധയ്ക്കുള്ള ചികിത്സ എന്തൊക്കെയാണ്?

പേവിഷബാധയ്ക്ക് പ്രത്യേകമായ, രോഗം ഭേദമാക്കുവാൻ സഹായിക്കുന്ന ചികിത്സ ലഭ്യമല്ല. രോഗചികിത്സ പ്രധാനമായും രോഗിക്ക് സമാധാനപൂർണ്ണമായ, കഷ്ടതകളില്ലാതെ മരണം കൈവരിക്കാൻ സഹായിക്കുന്നതിനും വേണ്ടിയുള്ളതാണ്. ഇതിന് സഹായിക്കുന്ന ചില മാർഗ്ഗങ്ങൾ

1. രോഗിയെ തണുത്ത കാറ്റ്, ശബ്ദം, തീവ്രമായ പ്രകാശം എന്നിവ കടക്കാത്ത മുറികളിൽ ഒറ്റയ്ക്ക് താമസിപ്പിക്കുക.
2. രോഗിയുടെ ഉത്ക്കണ്ഠയും, വേദനയും, ആശങ്കയും അകറ്റുന്നതിനുള്ള മയങ്ങാനുള്ള മരുന്നുകൾ നൽകുക
3. മാംസപേശികളുടെ വലിഞ്ഞുമുറുകൽ തടയുന്നതിനുള്ള മരുന്നുകൾ നൽകുക
4. ശരീരത്തിലെ ജലാംശം കാത്തുസൂക്ഷിക്കുന്നതിനായി ഡ്രിപ്പുകൾ നൽകുക
5. ശ്വാസോച്ഛ്വാസം, ഹൃദയമിടിപ്പ് എന്നിവ ക്രമമായിരിക്കുന്നതിനുള്ള ചികിത്സ നൽകുക എന്നിവയാണ്.

ലേഖകൻ കോട്ടയം മെഡിക്കൽ കോളേജ് മെഡിസിൻ വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറാണ്

(തുടരും...)

വാർത്തകളും വിശേഷങ്ങളും

പെർഫോമൻസ് ഓഡിറ്റ് സംവിധാനം നവീകരിക്കുന്നതിന് നിർദ്ദേശങ്ങൾ.

1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങൾ പ്രകാരം എല്ലാ ഗ്രാമ പഞ്ചായത്തിലും ത്രൈമാസികമായിട്ടാണ് പെർഫോമൻസ് ഓഡിറ്റ് നടത്തേണ്ടത്. ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുത്തു നടത്തുന്ന പദ്ധതികളുടെ എണ്ണവും പരിധിയും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ, നിലവിലുള്ള പെർഫോമൻസ് ഓഡിറ്റ് സംവിധാനം മെച്ചപ്പെടുത്തുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിച്ചു.

പെർഫോമൻസ് ഓഡിറ്റ് സംവിധാനം സ്ഥാപനവത്ക്കരിക്കുകയും ഇതിനായി പ്രത്യേക ഓഫീസ്, ഫർണിച്ചർ, കമ്പ്യൂട്ടർ, സ്റ്റേഷനറി മുതലായ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും മിനി സിവിൽ സ്റ്റേഷൻ ഉള്ള സ്ഥലങ്ങളിൽ അവിടെ ഓഫീസിന് സ്ഥലം കണ്ടെത്തുകയും ചെയ്യേണ്ടതാണ്.

നിലവിൽ പഞ്ചായത്തുകളിൽ ത്രൈമാസികമായാണ് പെർഫോമൻസ് ഓഡിറ്റ് നടത്തിവരുന്നത്. എന്നാൽ ഇനി മുതൽ ഗ്രാമ പഞ്ചായത്തുകളിൽ മാസംതോറും പെർഫോമൻസ് ഓഡിറ്റ് നടത്തേണ്ടതാണ്. മാസികമായി നടക്കുന്ന പെർഫോമൻസ് ഓഡിറ്റിൽ ഓരോ മാസവും പരിശോധിക്കേണ്ടതും പ്രത്യേക ഊന്നൽ നൽകേണ്ടതുമായ വിഷയങ്ങൾ സംബന്ധിച്ച് വിശദമായ മാന്വൽ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

ഓരോ പെർഫോമൻസ് ഓഡിറ്റ് യൂണിറ്റിലും നിലവിലുള്ള ടീമിനെ രണ്ടു ടീമുകളായി വിഭജിക്കേണ്ടതാണ്. ഇപ്രകാരം രണ്ടായി തിരിക്കുന്ന ഓരോ ടീമിനും ഓരോ ജൂനിയർ സൂപ്രണ്ടുമാർ നേതൃത്വം നൽകുകയും നിലവിലുള്ള ക്ലാർക്കുമാരെ കഴിയുന്നിടത്തോളം തുല്യമായി വിഭജിച്ച് ഓരോ ടീമിലും ഉൾപ്പെടുത്തുകയും വേണം. ഓരോ യൂണിറ്റിനും കീഴിലുള്ള പഞ്ചായത്തുകളെ രണ്ട് മേഖലകളായി വിഭജിച്ച് ഓരോ മേഖലയിലും ഓരോ ടീമുകൾക്ക് വീതം ഓഡിറ്റ് ചുമതല നൽകേണ്ടതാണ്. പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ ഓരോ മാസത്തിലും ഒരു ദിവസമെങ്കിലും പ്രസ്തുത യൂണിറ്റിന് കീഴിലുള്ള എല്ലാ പഞ്ചായത്തുകളിലും സന്ദർശനം നടത്തേണ്ടതാണ്. സന്ദർശന ദിനങ്ങളിൽ പ്രസ്തുത പഞ്ചായത്തിൽ ഓഡിറ്റ് ടീമുകൾ നൽകുന്ന എല്ലാ ഓഡിറ്റ് ക്വറികളും, സീനിയർ സൂപ്രണ്ടിന്റെ ഒപ്പോടുകൂടെയുള്ളതായിരിക്കണം. ടീമുകളുടെ രൂപീകരണത്തിനും പഞ്ചായത്തുകളുടെ മേഖലാ വിഭജനത്തിനും ജില്ലാ പെർഫോമൻസ് ഓഡിറ്റ് ഓഫീസറുടെ അംഗീകാരം വാങ്ങിയിരിക്കേണ്ടതാണ്.

ഓരോ പെർഫോമൻസ് ഓഡിറ്റ് യൂണിറ്റിന്റെയും പ്രവർത്തനങ്ങൾക്കായി പ്രസ്തുത യൂണിറ്റിന്റെ പരിധിയിൽ വരുന്ന എല്ലാ ഗ്രാമ പഞ്ചായത്തുകളും എല്ലാ വർഷവും 10,000/- (പതിനായിരം രൂപ മാത്രം) രൂപ വീതം നീക്കിവയ്ക്കേണ്ടതാണ്. പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ ഇതിനായി ദേശസാൽകൃത ബാങ്കിൽ അക്കൗണ്ട് തുടങ്ങുകയും ഈ തുക സ്റ്റോർ പർച്ചേയ്സ് മാനുവൽ നിബന്ധനകൾ അനുസരിച്ച് കമ്പ്യൂട്ടർ ഫർണിച്ചർ, ഓഫീസ് സ്റ്റേഷനറി, ഇന്റർനെറ്റ് സംവിധാനം, പ്രതിമാസ നെറ്റ് ചാർജ്ജ് എന്നിവയ്ക്കായി ചെലവ് ചെയ്യാവുന്നതാണ്. പഞ്ചായത്തുകളുടെ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്ന് ഈ തുക കണ്ടെത്തേണ്ടതും പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ ഈ തുകയ്ക്കുള്ള യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് പഞ്ചായത്തുകൾക്ക് നൽകുകയും ചെയ്യേണ്ടതാണ്.

എസ്റ്റാബ്ലിഷ്മെന്റ് ക്ലാർക്കുമാർക്കും, അക്കൗണ്ടന്റ്മാർക്കും പ്രതിവർഷ പരിശീലനം കിലയുടെ ആഭിമുഖ്യത്തിൽ നൽകുന്നതാണ്.

പഞ്ചായത്തുകളിലെ പ്രതിമാസ പരിശോധനയ്ക്കായി ഒരു പ്രോഗ്രാം ഷെഡ്യൂൾ ബന്ധപ്പെട്ട പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ തയ്യാറാക്കി പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർക്ക് മുൻ മാസം പതിനഞ്ചാം തീയതിക്ക് മുമ്പായി സമർപ്പിക്കേണ്ടതാണ്. ജില്ലാതല ക്രോഡീകൃത ഷെഡ്യൂൾ മുൻമാസം ഇരുപതാം തീയതിക്ക് മുമ്പായി പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

പെർഫോമൻസ് ഓഡിറ്റ് യൂണിറ്റുകളിൽ കമ്പ്യൂട്ടറുകൾ സ്ഥാപിച്ച്, ഇന്റർനെറ്റ് സംവിധാനം ഏർപ്പെടുത്തുകയും റിപ്പോർട്ടുകൾ അനുബന്ധം (1) ലെ മാതൃകയിൽ ഓൺലൈനായി സമർപ്പിക്കുകയും ചെയ്യേണ്ടതാണ്. ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്നവരെ റിപ്പോർട്ടുകൾ മാന്വൽ ആയി സമർപ്പിക്കേണ്ടതാണ്.

കൃത്യതയുള്ള ഡി.സി.ബി സ്റ്റേറ്റ്മെന്റിനായി സംസ്ഥാന തലത്തിൽ ഒരു ഫോർമാറ്റ് തയ്യാറാക്കി അംഗീകാരത്തിന് സമർപ്പിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടറേറ്റിലെ ഡെപ്യൂട്ടി ചീഫ് രജിസ്ട്രാറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി പിന്നീട് പുറപ്പെടുവിക്കുന്നതാണെന്നു ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. സ.ഉ.(എം.എസ്)നം. 188/2

തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണ രൂപം www.lsgkerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്.

Edited and Published by S. Latha , Director of Panchayats (i/c), Govt. of Kerala, Thiruvananthapuram - 695 033
and Printed for GLM at Akshara Offset, Thiruvananthapuram



പഞ്ചായത്ത്‌രാജ്

പരസ്യ നിരക്ക്

	തുക രൂപയിൽ
കവർ (അവസാനപുറം) കളർ	12000/
കവർ (ഉൾവശം) കളർ	10000/
കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ്	8000/
മറ്റു പേജുകൾ (കളർ)	8000/
മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്)	6000/
അര പേജ് (കളർ)	5000/
അര പേജ് (ബ്ലാക്ക് & വൈറ്റ്)	3000/

PANCHAYATRAJ (Monthly) **June 2015**
Annual Subscription ₹120/-, Published on 20th **June 2015**
Posted at Trivandrum RMS on 25th & 26th of every month

RNI. No.: 7959/64
Postal Reg. No. KL/TV(N) 391/**2015-17**
Licensed to Post without Prepayment No. KL/TV(N) WPP-85/**2015-17**

Printed & Published by **S. Latha**, Director**(i/c)**, Dept. of Panchayats on behalf of Govt. of Kerala and
Printed at Akshara Offset (for GLM), Vanchiyoor, Thiruvananthapuram, Kerala - 695 035 and Published at Directorate of Panchayats,
Museum P.O., Thiruvananthapuram - 695 033, Kerala. Editor: **S. Latha (i/c)**